# അമലോത്ഭവകന്യകാമറിയത്തിന്റെ കർമ്മേലസഭയുടെ നിയമാവലി

K 91
Am 13

മാതൃശ്രേഷ്ഠഭവനം

എറണാകുളം

1968

00070271

# അമലോത്ഭവകന്യകാമറിയത്തിന്റെ
# കർമ്മെലസഭയുടെ നിയമാവലി

DHARMARAM COLLEGE
LIBRARY
BANGALORE

പൊതുശ്രേഷ്ഠഭവനം
എറണാകുളം
1968

*No 436/AD/67.*

*Prior General's House*
*Ernakulam*
*15-12-1967*

1967 ജൂലായ് 29-ാംതീയതി പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘത്തിൻെറ *Prot. No. 436/53* ഡിക്രിയനുസരിച്ച് പ. പിതാവ് പോൾ ആറാമൻ അംഗീകരിച്ചുതന്ന ന. സഭയുടെ നിയമസംഹിതയുടെ മലയാളവിവർത്തനം അച്ചടിക്കുവാൻ അനുവദിക്കുന്നു.

(ഒപ്പ്)
കനീസിയൂസ്
പ്രിയോർ ജനറാൾ.

DHARMARAM COLLEGE LIBRARY
Ac. No 70271
Call No ~~55230~~
K91/Am13

*N. B.*

ലക്കം 5 §1, 208 §1. 2° എന്നിവയിൽ, നിയമസംഹിതയ്ക്കു് അവസാനരൂപം നല്കിയ പൊതുസംഘത്തിൽ അംഗീകൃതമായ രണ്ടഭിപ്രായങ്ങളിൽ ഏതുസ്വീകൃതമാകണമെന്നു് തീരുമാനിക്കാതെയാണു് തിരുസംഘം നിയമസംഹിത അംഗീകരിച്ചിരിക്കുന്നതു്. പുനസ്സംവിധാനത്തിനായി താമസിയാതെ നടക്കാനിരിക്കുന്ന പൊതുസംഘത്തിനു് അവസാനതീരുമാനം വിട്ടുകൊടുക്കണമെന്നായിരിക്കാം ഇതിൽ തിരുസംഘത്തിൻെറ ഉദ്ദേശ്യം.

(ഒപ്പു്)
പ്രിയോർ ജനറാൾ

# വിഷയവിവരം


പൗരസ്ത്യതിരുസംഘത്തിന്റെ ഡിക്രി
ഡിക്രിയുടെ അനുബന്ധം

ഒന്നാംഭാഗം ലക്കം

സന്ന്യാസജീവിതം. 1-99

സഭയുടെ ലക്ഷ്യവും സ്വഭാവവും .... 1–2
സഭാവസ്ത്രം .... .... .... .... 4–5
സന്ന്യാസവിളി .... .... .... 6
അനുസരണവ്രതവും പുണ്യവും .... 7-12
ബ്രഹ്മചര്യവ്രതവും പുണ്യവും .... 13-18
ദാരിദ്ര്യവ്രതവും പുണ്യവും .... .... 19-26
ഭക്ത്യഭ്യാസങ്ങൾ. .... .... .... 27-40
ദിവ്യബലി ... ... 27
കനോനനമസ്കാരം ... ... 28
ധ്യാനം ... ... ... ... 29
ആത്മശോധന ... ... 30
ജപമാല ... ... ... ... 31
ജ്ഞാനവായന ... ... 32
പ. കുർബ്ബാനയ്ക്കുള്ള വിസീത്ത... ... 33
പൊതുനിർദ്ദേശങ്ങൾ ... ... 34
കുമ്പസാരം ... ... ... ... 35–37
മാസധ്യാനവും, വാഷികധ്യാനവും ... 38–39
തിരുന്നാളുകൾ ... ... ... 40

ആദ്ധ്യാത്മികജീവിതത്തിലെ
ചില രക്ഷോപാധികൾ 41-68
മൗനം ... ... ... ... 41–44

ആവൃതി ... ... ... ... 45–47
നോയമ്പ് ... ... ... ... 48–52
പൊതുജീവിതം ... ... ... 53–55
അനുശാസനം ... ... ... 56–58
ശ്രേഷ്ഠൻെറ നിയന്ത്രണം ... ... 59–62
ആദ്ധ്യാത്മിക നവീകരണം ... ... 63

ആശ്രമശിക്ഷണം .... .... 64–88
ദിനചര്യ ... ... 64–65
പള്ളിയും പ്രാർത്ഥനമുറിയും ... ... 66
പുസ്തകശാല ... ... 67
ഭക്ഷണശാല ... ... 68–72
സഹോദരന്മാരുടെ മുറികൾ ... 73–75
ആശ്വാസം ... ... 76–77
കത്തിടപാടുകൾ ... ... 78–84
ഭവനത്തിനു പുറത്തു പോകുന്നതും
യാത്ര ചെയ്യുന്നതും ... 85–88

വൈദികർക്കുള്ള അഭ്യാസങ്ങൾ .... 89–90
സഹായസഹോദരന്മാക്കുള്ള അഭ്യാസങ്ങൾ 91–92
അതിഥികളോടും രോഗികളോടും
മരിച്ചവരോടുമുള്ള ഉപവി 93–99
അതിഥിസ്വീകരണം ... ... 93
രോഗികളോടുള്ള ഉപവി ... ... 94–95
മരിച്ചവർക്കുവേണ്ടിയുള്ള ശേഷക്രിയകൾ... 96–99

## രണ്ടാംഭാഗം

ശിക്ഷണം 100–167

അപേക്ഷകരെ തിരഞ്ഞെടുക്കുന്ന വിധം 100–116
ദൈവവിളിയുടെ പ്രോത്സാഹനം ... 100–102
നവസന്യാസാരംഭം ... ... 103–104

അപേക്ഷകരെ പരീക്ഷിക്കുന്ന വിധം 105–108
നവസന്യാസഭവനം ... ... 109–116

നവസന്യാസികളുടെ ശിക്ഷണവും വ്രതാനുഷ്ഠാനവും 117-134
നവസന്യാസാരംഭം ... ... 117
സന്യാസശിക്ഷണം ... ... 118–119
ഭവനത്തിലെ ക്രമീകരണം ... 120
കുമ്പസാരക്കാർ ... ... 121–123
ഭൗതികവസ്തുക്കളെക്കുറിച്ചുള്ള ക്രമീകരണങ്ങൾ 124–126
പരീക്ഷണം ... ... 127–131
വ്രതാനുഷ്ഠാനം ... ... 132–134

വിദ്യാർത്ഥികളുടെ ശിക്ഷണം 135-167
പഠനഗൃഹം ... ... 135–145
വ്രതാനുഷ്ഠാനവും പട്ടവും ... ... 146–153
സഹായസഹോദരന്മാരുടെ പരിശീലനം 154–161
സഭവിട്ടുപോകുന്നതും സഭയിൽനിന്ന് ബഹിഷ്ക്കരിക്കുന്നതും 162–167

മൂന്നാംഭാഗം

പ്രേഷിതവൃത്തി 168-204

പൊതുനിർദ്ദേശങ്ങൾ ... 168–177
വൈദികവൃത്തിയും മിഷൻവേലയും 178–191
യുവജനശിക്ഷണം ... 192–195
പ്രചരണോപാധികളിലൂടെയുള്ള പ്രേഷിതവൃത്തി ... 196–199
സാമൂഹ്യ പ്രവർത്തനങ്ങൾ ... 200–204

# നാലാംഭാഗം


## സഭാഭരണം 205–317

**പൊതുനിർദ്ദേശങ്ങൾ** 205–220
അധികാരം 205–206
പുതിയ പ്രവിശ്യകൾ, ഭവനങ്ങൾ
മുതലായവയുടെ സ്ഥാപനം 207–208
സഭാംഗത്വം ... ... 209–212
കടമ, അനുവാദം, ഒഴിവ് ... ... 213–216
ഉദ്യോഗകാലാവധികൾ ... ... 217
ശിക്ഷകൾ ... ... ... 218–219
മററുനിർദ്ദേശങ്ങൾ ... ... ... 220
**പൊതുഭരണം** ... ... ... 221–251
പൊതുസംഘം ... ... ... 221–233
പൊതുശ്രേഷ്ഠൻ ... ... ... 234–245
പൊതുശ്രേഷ്ഠസംഘവും
പൊതുശ്രേഷ്ഠാലോചനക്കാരും... 246–255
പൊതു എക്കോണമൂസ് ... 256–262
**പ്രവിശ്യാഭരണം** ... ... ... 263–293
പ്രവിശ്യാസംഘം ... ... 263–268
പ്രവിശ്യാശ്രേഷ്ഠൻ ... ... 269–278
പ്രവിശ്യാശ്രേഷ്ഠസംഘം, പ്രവിശ്യാ
ശ്രേഷ്ഠാലോചനക്കാർ, പ്രൊവിൻഷ്യൽ
എക്കോണമൂസ് 279–286
ഉപപ്രവിശ്യയും പ്രദേശവും
(Vice-province and Region) 287–293
**ആശ്രമഭരണം** ... ... ... 294–309
സ്ഥലശ്രേഷ്ഠൻ ... ... 294–302
ആശ്രമസംഘം ... ... 303–305
ആശ്രമശ്രേഷ്ഠസംഘം ... ... 306–309
**ഭൗതികവസ്തുക്കളുടെ നടത്തൽ** ... 310–317
**സമാപനം** ... ... ... 318

Prot No. 43/653

# പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘം

# ഡിക്രി

## അമലോത്ഭവമറിയത്തിന്റെ കർമ്മലസഭയ്ക്ക് ''പൊന്തിഫിക്കൽ എക്സെംഷൻ'' (Pontificia exemptio) എന്ന പദവി നല്കുന്നു

സന്യാസാശ്രമങ്ങൾ കേരളത്തിൽ പണ്ടേ ഉണ്ടായിരുന്നെങ്കിലും മലബാർറീത്തിൽ 1831-ൽ സമാരംഭിച്ച അമലോത്ഭവമറിയത്തിന്റെ കർമ്മലസഭയാണ് പ്രഥമ ഏതദ്ദേശീയ സന്യാസസഭ എന്നപേരു് യഥാർത്ഥത്തിൽ അർഹിക്കുന്നതു്. ഈ സഭ ഇന്നു് പൗരസ്ത്യസഭകളിൽ പുരുഷന്മക്കായുള്ള ഇതരസന്യാസസമൂഹങ്ങളേക്കാൾ അംഗസംഖ്യയിൽ വളരെ മുന്നിട്ടുനില്ക്കത്തക്കവണ്ണം ദൈവാനുഗ്രഹവഷമേററു് ദൈനംദിനം അഭിവൃദ്ധിപ്രാപിച്ചുവന്നു.

നിരന്തരമായ പ്രാത്ഥനയുടെയും പ്രവത്തനനിരതമായ പ്രേഷിതവൃത്തിയുടെയും ജീവിതമാണു് സഭയുടെ ലക്ഷ്യം.

വളന്നുവന്ന ഈ സഭയ്ക്കു് 1885-ൽ പരീക്ഷണാത്ഥം ഒന്നാമത്തെ നിയമാവലി നല്കി. 1906 മാച്ച് 12-ാം തീയതി വി.പത്താംപീയൂസ് ശാശ്വതമായി അതംഗീകരിക്കുകയും ചെയ്തു.

സന്യാസികളെസംബന്ധിച്ച പൗരസ്ത്യസഭകളുടെ പുതിയ കാനൻനിയമം പ്രസിദ്ധീകൃതമായപ്പോൾ പ്രസ്തുതനിയമത്തിനു് അനുരൂപമായി പുതിയ നിയമാവലി 1955-ൽ സംവിധാനംചെയ്യുകയും 1958-ൽ അമലോത്ഭവകന്യകയുടെ തിരുനാൾദിനം ''റെലിജിയോസ-

ഹേക്ക് സൊച്ചീയെത്താസ്'' (Religiosa haec Societas) എന്ന ഡിക്രിയിലൂടെ പരീക്ഷണാത്ഥം ഏഴുവഷത്തേക്കു് അംഗീകരിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു സഭാംഗങ്ങളുടെ അഭിപ്രായം വേണ്ടവിധം ആരാഞ്ഞശേഷം, പൊതുശ്രേഷ്ഠസംഘം നിയമിച്ച കമ്മീഷൻ പുതിയൊരു നിയമാവലി തയ്യാറാക്കുകയുണ്ടായി. ഈ കമ്മീഷന്റെ തീരുമാനങ്ങൾ സഭയുടെ പൊതുസംഘം വേണ്ടഭേദഗതികളോടെ അംഗീകരിക്കുകയും പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘത്തിന്റെ അംഗീകരണാത്ഥം 1965-ാം വർഷാവസാനം അയച്ചുകൊടുക്കുകയും ചെയ്തു.

മുന്നൂററിപ്പതിനെട്ടു വകുപ്പുകൾ അടങ്ങിയ ഈ പുതിയ നിയമാവലി അവധാനപൂർവ്വമായ പരിശോധനയ്ക്കു തിരുസംഘം സ്വീകരിക്കുകയും ഉപദേശകരുടെ ഒരു പ്രത്യേകകമ്മീഷനെ നിശ്ചയിക്കുകയുമുണ്ടായി. കമ്മീഷന്റെ പഠനവും ജോലിയും ഈ ജൂൺ ഒന്നാം തീയതി പൂർത്തിയായി.

കൗൺസിലിനുശേഷമുള്ള നടപ്പനുസരിച്ചു് ''പെർഫേക്ത്തെ കരിത്താത്തിസ്'' (Perfectae Caritatis. n. n. 3–4) എന്ന കൗൺസിൽ ഡിക്രിയുടെയും ''എക്ലേസിയെ സാംക്തെ'' (Ecclesiae Sanctae) എന്ന ശ്ലൈഹിക പ്രമാണരേഖയുടെയും മാനദണ്ഡം വച്ചു് യഥാവിധം പുനഃസംവിധാനം ചെയ്യുന്നതുവരെ ഈ നിയമാവലി നടപ്പിലാക്കാൻ അനുവദിക്കേണ്ടതാണെന്നു് തിരുസംഘത്തിനു് ബോദ്ധ്യമായി. പക്ഷെ നിയമാവലി പരിശോധിക്കുന്നതിനു നിയുക്തമായ കമ്മീഷൻ ചില വകുപ്പുകളെസംബന്ധിച്ചു നല്കിയിരിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പാലിക്കേണ്ടതാണു്. പ്രസ്തുത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇതോടൊന്നിച്ചു് ഇംഗ്ലീഷിൽ തയ്യാറാക്കി അയക്കുന്ന അനുബന്ധത്തിൽ അടങ്ങിയിട്ടുണ്ടു്.

കൂടാതെ അമലോത്ഭവമറിയത്തിൻെറ പ്രഖ്യാതമായ ഈ കർമ്മലസഭയ്ക്കു് ''എക്സ്ലെംഷൻ'' ബഹുമതി നല്കണമെന്നു് മുൻപ്രസ്താവിച്ച കമ്മീഷനും ഈ തിരുസംഘത്തിനും ബോധ്യമായിരിക്കുന്നു. ഇന്ത്യയിലെ ശ്ലൈഹികപ്രതിനിധിയുടെ ആനുകൂലാഭിപ്രായവും ഇതിനുണ്ടു്. ഇതിൻെറ ഉദ്ദേശം: അതിശ്രേഷ്ഠാധികാരലബ്ധി (Jurisdiction) മൂലം സന്യാസികളെ ഭരിക്കുന്നതിനുള്ള അധികാരം ദൃഢതരവും സുരക്ഷിതവുമാക്കുക; അതോടൊപ്പം ഈ സന്യാസസമൂഹത്തിൻെറ തന്നെ പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും അനുയോജ്യമായ പ്രതിസമ്മാനംകൊണ്ടു മകുടംചാർത്തുക, എന്നിവയാണു്. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ആശയപ്രകാരവും, പ്രത്യേകിച്ചു് ''ലൂമെൻ ജെൻസിയും'' (Lumen Gentium. n. 45), "ക്രിസ്റ്റുസ് ഡൊമിനൂസ്''(Christus Dominus.n. 35), ''എക്ലേസിയെ സാംക്‌തേ''(Ecclesiae Sanctae) എന്നീ പ്രമാണരേഖകളുടെ അടിസ്ഥാനത്തിലുംവേണം ഈ ''പൊന്തിഫിക്കൽ എക്സ്ലെംഷൻ'' മനസ്സിലാക്കുവാൻ. അതായതു്, സന്യാസജീവിതക്രമം പരിപാലിക്കുന്നതിനാവശ്യമായ സ്വയംശാസനാധികാരത്തിനു് (Autonomy) ഇതു കൂടുതൽ ഉതകുമെങ്കിലും പ്രേഷിതവൃത്തിയിൽ മെത്രാന്മാരോടുണ്ടായിരിക്കേണ്ട വിധേയത്വത്തിനു ഇതു് ഒട്ടും കുറവു വരുത്തുന്നില്ല.

മേല്പറഞ്ഞകാര്യങ്ങളെല്ലാം മാർപ്പാപ്പായെ വേണ്ടവിധം ധരിപ്പിച്ചതനുസരിച്ചു്, ദൈവപരിപാലനയാൽ നമ്മുടെ പരിശുദ്ധപിതാവായിവാഴുന്ന പോൾ ആറാമൻ ജൂലൈ 29-ാം തിയതി കാരുണ്യപൂർവ്വം സ്വകരത്താൽ ഇതു തുല്യംചാർത്തി, അമലോത്ഭവമറിയത്തിൻെറ കർമ്മലസഭയ്ക്കു ''പൊന്തിഫിക്കൽ എക്സ്ലെംഷൻ'' എന്ന പദവി, ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾക്കും സൂനഹദോസിൻെറ നിശ്ചയങ്ങൾക്കും അനുസൃതമായി നല്കുന്നതിനും ഇതുസംബന്ധമായി ഡിക്രി പുറപ്പെടുവിക്കുന്നതിനും അനുവദിച്ചു.

വിപരീതമായുള്ളതൊന്നും യാതൊരുവിധത്തിലും ഈ ഡിക്രിക്കു പ്രതിബന്ധമാകുന്നതല്ല.

റോമിലെ പൗരസ്ത്യസഭയ്ക്കായുള്ള തിരുസംഘത്തിൻെറ ഓഫീസിൽനിന്നും 1967 ജൂലൈ 29-ാംതിയതി നല്കിയതു്.

(ഒപ്പ്)

† ഗുസ്താവോ കർദ്ദിനാൾ തേസ്ത

(ഒപ്പ്)

† ആർച്ചുബിഷപ്പു് മാരിയൂസു് ബ്രീനി

# ഡിക്രിയ്ക്കുള്ള അനുബന്ധം

## അമലോത്ഭവമറിയത്തിൻെറ കർമ്മലസഭയുടെ നിയമങ്ങൾ

No. 207 ഇതരറീതിയിലുള്ള ഭവനങ്ങളും പ്രവിശ്യകളും ഉണ്ടായിരിക്കേണ്ടതിനു നല്കിയ ന്യായം ബലമുള്ളതല്ല.

No. 223 പൊതുസംഘത്തിലേയ്ക്കുള്ള പ്രതിനിധികളുടെ സംഖ്യ *ഇപ്രാവശ്യത്തേയ്ക്കു്*:— തിരഞ്ഞെടുക്കുന്നതിനു വോട്ടവകാശമുള്ള (Active Voice) ആദ്യത്തെ നൂറോ, അതിനുതാഴെയോ അംഗങ്ങളുള്ള എല്ലാപ്രവിശ്യകൾക്കും പൊതുശ്രേഷ്ഠസംഘം പ്രതിനിധികളുടെതുല്യസംഖ്യ നിശ്ചയിക്കണം. ആദ്യംപറഞ്ഞ നൂറിനു് ഉപരിയുള്ള ഓരോ സമ്പൂർണ്ണ നൂറിനും, എല്ലാപ്രവിശ്യകൾക്കും സമമായ ആദ്യത്തെ അംഗസംഖ്യയുടെ 25 ശതമാനം വരുന്ന അംഗസംഖ്യ നിശ്ചയിക്കണം. എന്നാൽ ഏതെങ്കിലും ഒരു പ്രവിശ്യയിലെ പ്രതിനിധികളുടെ അംഗസംഖ്യ പൊതുസംഘത്തിൽ സംബന്ധിക്കുന്ന ആകെയുള്ള പ്രതിനിധികളുടെ നിർണ്ണായകഭൂരിപക്ഷം (Absolute majority) വരെ ഒരിക്കലും എത്തരുതു്.

ചാന്ദാറീജിയനിൽനിന്നും ഒരു പ്രതിനിധിയെ അവിടെ വോട്ടവകാശമുള്ളവർക്കു തിരഞ്ഞെടുക്കാം. ഈ തിരഞ്ഞെടുപ്പിൽ അവിടത്തെ സഭാശ്രേഷ്ഠനു് (Ecclesiastical Superior) തിരഞ്ഞെടുക്കുവാനോ, തിരഞ്ഞെടുക്കപ്പെട്ടുവാനോ, (Active and passive voice) അവകാശമില്ല. നിർണ്ണായക വോട്ടവകാശം (Deliberative) കൂടാതെ അഭിപ്രായവോട്ടവകാശത്തോടുകൂടി (Consultative) പ്രസ്തുതസഭാശ്രേഷ്ഠനും പൊതുസംഘത്തിൽ സംബന്ധിക്കാവുന്നതാണു്.

226 പ്രവിശ്യാ ആലോചനക്കാരെയും, എക്കോണമൂസിനെയും, നവസന്യാസഗുരുവിനെയും തിരഞ്ഞെടുക്കുന്നതുപോലെ സ്ഥലശ്രേഷ്ഠന്മാരെയും പ്രവിശ്യാസംഘം തിരഞ്ഞെടുക്കണമെന്ന നിർദ്ദേശം വിഗണിക്കേണ്ടതല്ല.

304 നിത്യവ്രതം അനുഷ്ഠിച്ചവരും പഠനംപൂർത്തിയാക്കിയവരുമായ എല്ലാ സഹായസഹോദരന്മാർക്കും വൈദികജീവിതത്തെ സംബന്ധിക്കാത്ത ആലോചനകളിൽ ആശ്രമത്തിൽ വോട്ടവകാശം (Active Voice) വേണമെന്ന നിർദ്ദേശം സ്വീകാര്യമാണു്.

യോഗ്യരെന്നു കാണുന്ന സഹായസഹോദരന്മാരെ, പ്രത്യേകിച്ചും മിഷൻ സ്ഥലങ്ങളിൽ, ഡീക്കൻ പദവിയിലേയ്ക്കുയർത്താവുന്നതാണു്.

# അമലോത്ഭവ കന്യകാമറിയത്തിൻെറ

# കർമ്മെലസഭയുടെ നിയമാവലി

## ഒന്നാം ഭാഗം

## സന്യാസജീവിതം

### സഭയുടെ ലക്ഷ്യവും സ്വഭാവവും

1 "അമലോത്ഭവമറിയത്തിൻെറ കർമ്മെലസഭ" (സി. എം. ഐ.) എന്ന പേരുള്ള നമ്മുടെ സഭ, തിരുസിംഹാസനാംഗീകാരവും (Juris Pontificii) "എക്സെംപ്റ്റ്" (Exempt) പദവിയും ഉള്ള വൈദികപ്രധാനമായ ഒരു സന്യാസസമൂഹമാകുന്നു.

2 മൂന്നു വ്രതങ്ങളും സമൂഹജീവിതവും ഈ നിയമാവലിയുടെ ചൈതന്യത്തിൽ അനുഷ്ഠിച്ചുകൊണ്ട് ദൃഢതരമായ ദൈവഐക്യം പ്രാപിക്കുന്നതിനുള്ള അഭിയത്നങ്ങളാൽ തിരുസ്സഭാജീവിതത്തിൽ പൂർണ്ണമായി പങ്കുചേൎന്ന് ദൈവമഹത്വം വളർത്തുകയാണ് സഭയുടെ പൊതുലക്ഷ്യം.

3 പ്രത്യേക ലക്ഷ്യമാകട്ടെ. ദൈവവചനം അവഗാഢമായ പരിചിന്തനത്തിനും കർമ്മോജ്ജ്വലമായ ബോധനത്തിനും വിഷയമാക്കിക്കൊണ്ടു് അതിനു സാക്ഷ്യം വഹിക്കുക എന്നതാണു്.

ഈ പരിചിന്തനത്തിൻെറ കേന്ദ്രവും പൂർണ്ണതയും കർത്താവിൻെറ നിയമങ്ങളെപ്പററിയുള്ള ധ്യാനം, നിരന്തരമായ അനുചിന്തനം, സന്ന്യാസോചിതമായ സ്വയംനിഗ്രഹം എന്നിവകളാൽ പരിപോഷിക്കപ്പെടുന്ന ആരാധനക്രമജീവിതത്തിലടങ്ങിയിരിക്കുന്നു.

വചനത്തിൻെറ പ്രബോധനം സഭാംഗങ്ങളുടെ വിശുദ്ധവും സമർപ്പിതവുമായ ജീവിതത്തിലന്തർഭവിച്ചിരിക്കുന്നു. യഥാവിധം ക്രമീകൃതമായ ശ്ലൈഹിക പ്രവർത്തനങ്ങൾ വഴിയാണു് ആ ജീവിതം ചലിക്കുന്നതു്. ഈ പ്രവർത്തനങ്ങൾ മിശിഹായിൽ വിളിക്കപ്പെട്ട എല്ലാവക്കും വേണ്ടിയുള്ള പൗരോഹിത്യശുശ്രൂഷ, ആരാധനക്രമം, പ്രസംഗം മററു പ്രേഷിതപ്രവർത്തനങ്ങൾ, വിദ്യഭ്യാസപ്രവർത്തനങ്ങൾ, മുദ്രാലയപ്രേഷിതത്വം, ഉപവിപ്രവർത്തങ്ങൾ, സമൂഹികപ്രവർത്തനങ്ങൾ എന്നിവയാണു്. ഇവ സഭാംഗങ്ങൾക്കു് ദൈവൈക്യം പൂർണ്ണമാക്കുന്നതിനു് ഉപകരിക്കണം.

ഇവയെല്ലാം, തിരുസ്സഭയിൽ മിശിഹായുടെ പരിത്രാണരഹസ്യങ്ങളോടുള്ള അർപ്പണമനോഭാവത്തിലും, പ. കന്യകയുടെ സവിശേഷസംരക്ഷണയിലും, ശ്രേഷ്ഠന്മാരുടെ നിയന്ത്രണത്തിലും, സഹോദരന്മാരുടെ സമ്പൂർണ്ണസഹകരണത്തിലുമാണു് നിർവ്വഹിക്കേണ്ടതു്.

## സഭാവസ്ത്രം

4 നമ്മുടെ സഹോദരന്മാരുടെ വസ്ത്രം സാമാന്യവും, നമ്മുടെ ദാരിദ്ര്യത്തിനു അനുയോജ്യവും, വെടിപ്പുള്ളതുമായിരിക്കണം.

5 § 1. (ഒന്നാമത്തെ അഭിപ്രായം.) ക്രമച്ചട്ടങ്ങൾ (Statutes) നിശ്ചയിക്കുന്ന ആഘോഷക്രമങ്ങളിൽ സംബന്ധിക്കുമ്പോൾ ന. സഹോദരന്മാർ കപിലനിറത്തിലുള്ള ളോവയും ഉത്തരീയവും ശിരോവസ്ത്രവും ഇടക്കെട്ടും ധരിക്കണം. മററു സമയങ്ങളിൽ വെള്ളനിറത്തിലുള്ള ളോവ ഉപയോഗിക്കാം.

ഉടുപ്പിൻെറമീതെ സഹോദരന്മാർ നിശ്ചിതാവസരങ്ങളിൽ കാപ്പയും ശിരോവസ്ത്രവും ധരിക്കണം.

പരിശീലനത്തിനായുള്ള ഭവനങ്ങൾക്കു വേണ്ടതായ നിശ്ചയങ്ങളും മററു ക്രമീകരണങ്ങളും ക്രമച്ചട്ടങ്ങളിൽ ഉണ്ടായിരിക്കണം.

(മറെറാരഭിപ്രായം) ന. സഹോദരന്മാർ ളോവയോടു കൂടി ഇടക്കെട്ട്, ഉത്തരീയം, ശിരോവസ്ത്രം എന്നിവ ധരിക്കണം. നമ്മുടെ സഭാവസ്ത്രം കപിലനിറമുള്ളതായിരിക്കണം. ഇടക്കെട്ട്, നിത്യവ്രതം ചെയ്തവൎക്കു ധൂമ്രവൎണ്ണമായ തുകൽ കൊണ്ടും മററുള്ളവർക്കു ളോവായുടെ നിറത്തിൽതന്നെയുള്ള തുണി കൊണ്ടുമായിരിക്കണം.

സദഹാദരന്മാർ ഉടുപ്പിനു മീതെ നിശ്ചിതാവസരങ്ങളിൽ ശിരോവസ്ത്രത്തോടുകൂടിയ കാപ്പയും ധരിക്കണം.

മററു നിൎണ്ണയങ്ങൾ ക്രമച്ചട്ടങ്ങളിലുണ്ടാകേണ്ടതാണ്. ന്യായമായ കാരണമുണ്ടെങ്കിൽ വെള്ളനിറത്തിലുള്ള വസ്ത്രം ഉപയോഗിക്കുന്നതിന് മേൽ ശ്രേഷ്ഠന്മാൎക്ക് അനുവദിക്കാൻ പാടുണ്ട്.

§ 2. എന്നിരുന്നാലും മാറിയ പരിത:സ്ഥിതികളിൽ, പൊതുസംഘനിശ്ചയപ്രകാരം, മററുനിറത്തിലും രൂപത്തിലുമുള്ള സഭാവസ്ത്രം ഉണ്ടാകാവുന്നതാണ്.

## സന്ന്യാസവിളി

6 ന. സഹോദരന്മാർ സന്ന്യാസ വിളിയെന്ന മഹാദാനത്തെ നന്ദിപൂർവ്വം വിലമതിക്കയും അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങളും മററുകടമകളും ഈ നിയമാവലിയനുസരിച്ച് താല്പര്യപൂർവ്വം അനുഷ്ഠിക്കുകയും ചെയ്തു കൊണ്ട് ഉപവിയുടെ പൂർണ്ണതയ്ക്കായി പരിശ്രമിയ്ക്കണം.

സർവ്വോപരി, തിരുസ്സഭയുടെ ചൈതന്യം ഉൾക്കൊള്ളുകയും സന്ന്യാസികളെന്ന നിലയിൽ തിരുസ്സഭയിൽ തങ്ങൾക്കുള്ളദൗത്യം അവർ ധരിക്കുകയുംചെയ്യട്ടെ. ലോകത്തിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം വ്യാപിപ്പിക്കുകയും, ക്രിസ്തുവിൻെറ ശരീരത്തിലെ എല്ലാ അംഗങ്ങളെയും വിശ്വാസത്തിൻെറയും ദൈവാരാധയുടെയും ഐക്യത്തിലേക്കു ആകർഷിക്കുകയും ചെയ്യുക എന്നതാണവരുടെ ദൗത്യം.

ന. സഹോദരന്മാർ, വൈദികരും സഹായസഹോദരന്മാരും, ഉജ്ജ്വലമായ ഉപവിയാൽ പരസ്പരം സഹകരിക്കുന്നതിലും പ്രത്യേക സൂക്ഷത്തോടെ ജീവിതലാളിത്യം കൈവളർത്തുന്നതിലും പ്രശോഭിക്കട്ടെ.

## അനുസരണവ്രതവും പുണ്യവും

7 ശ്രേഷ്ഠന്മാരുടെ ശുശ്രൂഷവഴി തിരുസ്സഭയിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സിനോടു യോജിച്ചുകൊണ്ടു് ദൈവത്തിൻെറ ഭരണത്തിന് സമ്പൂർണ്ണമായി സ്വയമർപ്പിക്കുന്ന ആത്മാവിൻെറ സ്നേഹഭാവം എന്ന നിലയിൽ അനുസരണം പിതാവിന് പൂർണ്ണമായി സ്വയമർപ്പിച്ച ക്രിസ്തുവിൻെറ ആത്മബലിയുടെ ഒരു തുടർച്ചയാണ്. സന്ന്യാസ ജീവിതത്തിൽ അനുസരണത്തിന് അതിപ്രധാനമായ സ്ഥാനമുണ്ടു്. അതാണ് സന്ന്യാസ ശിക്ഷണം മുഴുവൻെറയും അടിത്തറ.

8 നിയമാവലിയും ക്രമച്ചട്ട(statute)വുമനുസരിച്ച് നിയമാനുസൃതരായ അധികാരികൾ നല്കുന്ന കല്പനയാണ് അനുസരണ വ്രതത്തിൻെറ വിഷയം

9 അനുസരണവ്രതം ഒരു സഹോദരൻ ഘനമായി ലംഘിക്കുന്നതു് ''വിശുദ്ധ അനുസരണത്തിൻെറ ശക്തിയാലും കല്പനയാലും'' എന്നുള്ളവാക്കുകളിൽ മുറപ്രകാരം രേഖാമൂലംകൊടുക്കുന്ന കല്പനകൾ ലംഘിക്കുമ്പോഴാണു്.

§ 1. ഇപ്രകാരമുള്ള കല്പനകൾ ഗൌരവാവഹമായ കാരണത്താലും, പക്വമായ ആലോചനയുടെ ശേഷവും മാത്രമേനല്ലാവൂ. ആശ്രമശ്രേഷ്ഠനു് തൻെറ കീഴുള്ളവരോടു മാത്രവും, പ്രവിശ്യാശ്രേഷ്ഠനു് തൻെറ പ്രവിശ്യയിലുള്ള ഓരോ സഹോദരനോടും, പ്രവിശ്യാ ശ്രേഷ്ഠസംഘത്തിലെ അഞ്ചംഗംങ്ങളിൽ നാലു പേരുടെയും സമ്മതത്തോടെ തനിക്കു കീഴുള്ള ഒരു കൂട്ടംമുഴുവനോടും, പൊതു ശ്രേഷ്ഠനു് ഓരോ സഹോദരനോടും, പൊതുശ്രേഷ്ഠസംഘത്തിലെ അഞ്ചാംഗങ്ങളിൽ നാലുപേരുടെയും സമ്മതത്തോടെ ഒരു കൂട്ടം മുഴുവനോടും, സഭ മുഴുവനോടുതന്നെയും കല്പിക്കാം.

§ 2. മുറപ്രകാരമല്ലാത്ത കല്പനകളും, തക്കകാരണമുള്ളപ്പോൾ, രേഖാമൂലം നൽകാവുന്നതാണു്.

10 സഹോദരന്മാർ ശ്രേഷ്ഠന്മാരെ മാത്രമല്ല അനുസരിക്കേണ്ടതു്; ന്യായാനുസൃതരായ അധികാരിളിൽനിന്നോ, നിയമാവലിയും ക്രമച്ചട്ടങ്ങളുംവഴിയോ അധികാരം ലഭിച്ചിരിക്കുന്ന സഹോദരന്മാരെയും അവരുടെപ്രത്യേക പരിധിയിൽപെടുന്നകാര്യങ്ങളിൽ അനുസരിക്കേണ്ടതാണു്.

11 ഒരമൂല്യനിക്ഷേപമായിട്ടാണു്തങ്ങൾ അധികാരം സ്വീകരിച്ചിരിക്കുന്നതെന്നും, തങ്ങളും അധികാരത്തിനു്വിധേയരാണെന്നും മനസ്സിലാക്കിക്കൊണ്ടു് ശ്രേഷ്ഠന്മാർന്യായമായ കാരണമുള്ളപ്പോൾമാത്രം അനുവാദങ്ങളും ഒഴിവുകളും നല്കുന്നു. എല്ലാപൊതുനിയമങ്ങൾക്കും, നിയമാവലിക്കും, ക്രമച്ചട്ടങ്ങൾക്കും മേൽശ്രേഷ്ഠന്മാരുടെ നിശ്ചയങ്ങൾക്കും അനുയോജ്യമാംവിധം അവർ വിശ്വതസ്തതാപൂർവ്വം വർത്തിക്കണം.

21 ന. സഹോദരന്മാർ അനുസരണമെന്നപുണ്യം ഏററം കാര്യമായിക്കരുതി നിയമാവലിയിലേയും ക്രമച്ചട്ടങ്ങളിലെയും, മററു അനുശാസനങ്ങളിലെയും നിർദ്ദേശങ്ങൾകൃത്യമായ നിറവേററുകയും അങ്ങനെ മിശിഹായുടെ പ്രതിനിധികളായ ശ്രേഷ്ഠന്മാരോട്ട് അവർ ഭരമേററിരിക്കുന്ന ഉദ്യോഗം ഏററം എളുപ്പമായി നിർവ്വഹിക്കാനുതകുന്നവിധം വർത്തിക്കയും വേണം. ശ്രേഷ്ഠന്മാർക്കെതിരായ വിമർശനങ്ങൾ വർജ്ജിക്കേണ്ടതാണ്. അവരിൽഎന്തെങ്കിലും അനാശാസ്യമായിക്കണ്ടാൽ അവരെത്തന്നെയോ, മററുമേലാധികരികളെയോ സവിനയം കാര്യം അറിയിക്കേണ്ടതാണ്.

## ബ്രഹ്മചര്യവ്രതവും പുണ്യവും.

13 പരിശുദ്ധ അമലോത്ഭവകന്യകയുടെ മക്കൾ വിശേഷബ്രഹ്മചര്യത്താൽ പ്രശോഭിക്കുകയുക്തമാകുന്നു. ബ്രഹ്മചര്യം വഴിയാണ് സന്യാസിലോകത്തിനു് മൂതനും, ക്രിസ്തുവിനോട്ട് അതിവിശേഷവിധം ഐക്യപ്പെട്ട് മിശിഹായുടെ മണവാട്ടിയായ തിരുസ്സഭയുടെ ജിവിതത്തിൽ ഭാഗഭാക്കും ആകുന്നതു്.

14 ബ്രഹ്മചര്യവ്രതത്താൽ സഹോദരന്മാർ അവിവാഹിതരായിരിക്കാൻ മാത്രമല്ല, വിശേഷന്യായത്താൽ ബ്രഹ്മചര്യത്തിനു വിരുദ്ധമായിട്ടുള്ള ആന്തരികവും ബാഹ്യവുമായ എല്ലാപ്രവൃത്തികളും വർജ്ജിക്കാനും സ്വയം കടപ്പെടുന്നു.

15 ബ്രഹ്മചര്യത്തിൻെറ ഇരിപ്പിടം ഹൃദയമാണെങ്കിലും പഞ്ചേന്ദ്രിയങ്ങളുടെ ബാഹ്യമായ സൂക്ഷവും ആവശ്യമാകുന്നു. ആകയാൽ നമ്മുടെ സഹോദരന്മാർ ശുദ്ധതയ്ക്കു ചേരാത്തതായി യാതൊന്നും തങ്ങളിൽ ഉണ്ടാകതെയും കാണപ്പെടാതെയുമിരിക്കാൻതക്കവിധം തങ്ങളുടെ ആന്തരികവികാരങ്ങളും ബാഹ്യേന്ദ്രിയങ്ങളും, പ്രത്യേകം കണ്ണുകളും നിയന്ത്രിക്കുവാൻ സൂക്ഷമുള്ളവരായിരിക്കണം.

16 സ്ത്രീകളോടുള്ള എല്ലാവിധമമതയും വജ്ജിക്കേണ്ടതാണ്. സംസാരത്തിലും എഴുത്തുകളിലും മൃദുലസ്നേഹം പ്രതിഫലിപ്പിക്കരുത്. സ്ത്രീകളുടെ ആത്മകാര്യങ്ങളും അതുപോലുള്ള സംസാരങ്ങളും കുമ്പസാരക്കൂട്ടിൽ വച്ചുമാത്രമേ കേൾക്കാവൂ. അവരോടുസംസാരിക്കുന്ന സന്ദർഭങ്ങളിൽ സ്ഥലത്തിൻെറ വാതിൽ തുറന്നിട്ടിരിക്കണം.

17 വൈദികജോലിയോ പരസ്നേഹമോ മൂൻനിത്തി പുറത്തുപോകുവാൻ ആവശ്യപ്പെടുന്ന അവസരങ്ങളിൽ ഈപുണ്യത്തിനു് വിരുദ്ധമായ സംശയമോ അവസരമോ ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ സഹോദരന്മാർ സുശീലനും സുസമ്മതനുമായ ഒരുവനോടുകൂടി പോകേണ്ടതാണു്.

18 പൊതുവായിപ്പറഞ്ഞാൽ ഓരോരുത്തൻെറയും വത്തനത്തിൽ പരിശുദ്ധാത്മാവിൻെറ ആലയങ്ങളെന്ന നിലയിൽ മററുള്ളവരെ ബഹുമാനിച്ചുകൊണ്ടു് മാലാഖമാർക്കടുത്ത ഈ പുണ്യത്തിൻെറ മാതൃകകളാണു് തങ്ങളെന്നു പ്രത്യക്ഷമാക്കണം.

കത്താവിൽമാത്രം ആമഗ്നരായി, ന. സഹോദരന്മാർ ഈ പുണ്യം മനസ്സിലും ഹൃദയത്തിലും ശരീരത്തിലും അഭ്യസിക്കാനും, അനുദിന ദിവ്യകാരുണ്യസ്വീകരണവും, പ. കന്യകയോടുള്ള മൃദുലമായഭക്തിയുംവഴി പരിപോഷിപ്പിക്കുവാനും പരിശ്രമിക്കണം.

## ദാരിദ്ര്യവ്രതവും പുണ്യവും

19 ലോകവസ്തുക്കളോടുള്ള ആസക്തിയിൽനിന്നു് വിമുക്തരായി, സ്വർഗ്ഗരാജ്യത്തെപ്രതി അവ ഉപേക്ഷിച്ചുകൊണ്ടു് ദൈവികകാര്യങ്ങളിൽ ശ്രദ്ധപതിക്കുന്നതിനുവേണ്ടി എല്ലാ സന്യാസികളും ദാരിദ്ര്യമെന്നവ്രതവും പുണ്യവുംവഴി സാമൂഹ്യജീവിതം ആശ്ലേഷിക്കുന്നു.

20 ന. സഹോദരന്മാർ ദാരിദ്ര്യത്തിന്റെ സാമാന്യവ്രതം വഴി, ഈ നിയമാവലിക്കനുസൃതമായി, വിലമതിക്കാവുന്ന സാധനങ്ങൾ ന്യായമായി സമ്പാദിക്കുന്നതിനും കൈമാററം ചെയ്യുന്നതിനുമുള്ള അവകാശം പരിമിതമാക്കുകയും, അധികാരിയുടെ അനുമതികൂടാതെ ന്യായമായി വച്ചുസൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള അർഹത പരിത്യജിക്കുകയും ചെയ്യുന്നു.

21 § 1 ന. സഭയ്ക്കും അതിലെ പ്രവിശ്യകൾക്കും ഉപപ്രവിശ്യകൾക്കും പ്രദേശങ്ങൾക്കും (Regions) ഭവനങ്ങൾക്കും ഉപഭവനങ്ങൾക്കും, പൊതുശ്രേഷ്ഠസംഘത്താൽ അംഗീകൃതമായ നിയമങ്ങൾക്കനുസൃതമാം വിധംധാർമ്മിക വ്യക്തികളായി നിശ്ചയിക്കപ്പെടുന്ന സ്ഥാപനങ്ങൾക്കും എല്ലാവിധഭൗതികവസ്തുക്കളും സമ്പാദിക്കാനും കൈവശം വയ്ക്കാനും അർഹതയുണ്ട്.

§ 2 വ്രതം ചെയ്ത സഹോദരന്മാർക്ക് വ്രതാനുഷ്ഠാനത്തിനു മുമ്പുണ്ടായിരുന്ന വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉണ്ടായിരിക്കുന്നതാണ്; അവർക്ക് പുതിയ വസ്തുക്കൾ സമ്പാദിക്കുന്നതിനുള്ള അവകാശവുമുണ്ട്. വ്രതാനുഷ്ഠാനത്തിനുശേഷം അനന്തരാവകാശമായിട്ടോ, വിൽപ്പത്രംമൂലമോ ലഭിക്കുന്ന വസ്തുക്കളുടെ ഉടമസ്ഥാവകാശം മാത്രമേ ഒരുവനു സമ്പാദിക്കുവാൻ പാടുള്ളു.

§ 3 വ്രതം ചെയ്ത ആൾ സ്വപരിശ്രമത്താലോ സഭാംഗമെന്ന നിലയിലോ എന്തെങ്കിലും സമ്പാദിച്ചാൽ അവയെല്ലാം സഭയുടേതായിത്തീരുന്നു. മറിച്ചു തെളിയിക്കാത്തപക്ഷം വ്രതാനുഷ്ഠായി സമ്പാദിക്കുന്നതെല്ലാം സഭയ്ക്കുവേണ്ടി സമ്പാദിക്കുന്നതായിക്കരുതണം.

§ 4 എന്നാൽ ഒരു സഹോദരൻ വ്യക്തിപരമായ പരിഗണനയാൽ ലഭിക്കുന്ന സമ്മാനങ്ങൾ സ്വീകരിക്കുന്നെങ്കിൽ അത് പ്രസ്തുത സഹോദരൻ ഏതു ഭവനത്തിന്റെ അഥവാ ഉപഭവനത്തിന്റെ അംഗമായിരിക്കുന്നുവോ അതിന്റെ സ്വത്തായിത്തീരുന്നു.

§ 5 സഭയ്ക്കുള്ളിലോ, സഭയ്ക്കുപുറമേയോ നിർവ്വഹിക്കേണ്ട പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി സഹോദരന്മാർക്കു് ലഭിക്കുന്ന ദാനങ്ങളെ സംബന്ധിച്ചു് ക്രമച്ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നവ പാലിക്കേണ്ടതാകുന്നു. സ്വേച്ഛാനുസരണം വിനിയോഗിക്കാനായി ലഭിച്ചിരിക്കുന്ന ദാനങ്ങൾ ദാതാവിൻെറ അസ്പഷ്ടമായ ഏതെങ്കിലും ഉദ്ദേശ്യത്തെപ്പററിതീർച്ചയില്ലെങ്കിൽ ഭവനത്തിനു് ലഭിച്ചതായി കണക്കാക്കണം. എങ്കിലും നമ്മുടെ ക്രമച്ചട്ടപ്രകാരം ശ്രേഷ്ഠൻ അവ വിനിയോഗിക്കേണ്ടതാണു്.

§ 6 സഭയ്ക്കു വേണ്ടി നല്കപ്പെടുന്ന ദാനങ്ങൾ സഹോദരന്മാർ നിരസിക്കരുതു്. വല്ല ചുമതലയോടുകൂടിയ ദാനമാണെങ്കിൽ വിവരം നിയമാനുസൃതമുള്ള ശ്രേഷ്ഠനെ അറിയിക്കുകയും അദ്ദേഹത്തിൻെറ വിധിപ്രകാരം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണു്

22 വ്രതാനുഷ്ഠായികൾ വസ്തു സംബന്ധമായ ഉടമസ്ഥാവകാശത്തിൻെറ കരണങ്ങൾ ചെയ്യുന്നതിൽ പൊതുനിയമങ്ങ
23 ളും നമ്മുടെ ക്രമച്ചട്ടങ്ങളും പാലിക്കേണ്ടതാണു്.

നിയമാവലിയിലും ക്രമച്ചട്ടങ്ങളിലും നിശ്ചയിക്കുന്ന വിധത്തിലും ന്യായാനുസൃതരായ അധികാരികൾ വഴിയും നടക്കുന്നില്ലെങ്കിൽ സഭമുഴുവൻെറയോ, ഒരു ഭാഗത്തിൻെറയാ, സഭയുടെ സ്ഥാപനത്തിൻെറയോ വസ്തുക്കളെ സംബന്ധിച്ച ഇടപാടുകൾ അഥവാ അവയുടെ നാമത്തിൽ സ്വീകരിക്കുന്ന ബാദ്ധ്യതകൾ സാധുവോ, കടപ്പെടുന്നതോ ആകയില്ല.

24 § 1 ശ്രേഷ്ഠൻെറ വ്യക്തമായ അനുവാദം കൂടാതെ യാതൊരു ന്യായത്താലും പണമോ മററു സാധനങ്ങളോ സ്വന്തപേരിലോ മററുള്ളവടെപേരിലോ കൈവശം വച്ചു സൂക്ഷിക്കാൻ ആർക്കും പാടുള്ളതല്ല.

§ 2. എല്ലാവസ്തുക്കളുടെയും ഉപയോഗം സംബന്ധിച്ചു് സഹോദരന്മാർ ശ്രേഷ്ഠനു് വിധേയരായിരിക്കണം. ശ്രേഷ്ഠൻതന്നെയോ, ശ്രേഷ്ഠൻെറ അനുമതിയോടെ ആശ്ര

മെപ്രാക്കുറേററരോ ഓരോത്തനും ആവശ്യമായവ പൊതുമുറിയിൽനിന്നും എടുത്തുകൊടുക്കണം.

§ 3 ഓരോരുത്തൻെറയും ഉപയോഗത്തിനു നൽകുന്ന സാധനങ്ങൾ ശ്രേഷ്ഠൻെറ നിശ്ചയാനുസരണം അവരിൽനിന്നും തിരിച്ചെടുക്കുന്നതിനും മററുസഹോദരന്മാരുടെ ഉപയോഗത്തിനായി നല്കുന്നതിനും പാടുണ്ട്.

§ 4. ഉപയോഗാൎത്ഥം നൽകുന്ന വസ്തുക്കൾ സഹോദരന്മാർ സൂക്ഷത്തോടും ശ്രദ്ധയോടുംകൂടെ വിനിയോഗിക്കേണ്ടതാകുന്നു. ഉപയോഗംകഴിഞ്ഞു് പൊതുമുറിയിൽ അവ ഭദ്രമായി സൂക്ഷിക്കുന്നതിനുവേണ്ടി തിരികെ വെയ്ക്കണം. സാധനങ്ങൾ ഉപയോഗാൎത്ഥം നല്കുന്നതിൽ ശ്രേഷ്ഠൻ ഒരുവശത്തു് ഔചിത്യവും, മറുവശത്തു് ദാരിദ്ര്യത്തിൻെറയും സമൂഹജീവിതത്തിൻെറയും ചൈതന്യവും പരിഗണിക്കേണ്ടതാണു്.

§ 5 ഒരു ഭവനത്തിൽനിന്നു് മറെറാന്നിലേക്കു് സ്ഥലം മാറുമ്പോൾ വസ്ത്രങ്ങളും ന്യായമായ പതിവനുസരിച്ചു് സ്വന്ത ഉപയോഗത്തിനായി നല്കുന്ന മററുവസ്തുക്കളും ഒഴികെ മറെറാന്നും ശ്രേഷ്ഠൻെറ അനുവാദംകൂടാതെ കൊണ്ടുപോകേണ്ടതല്ല.

25 ഓരോപ്രദേശത്തു് നിലവിലിരിക്കുന്ന പരിതസ്ഥിതികളും ഓരോ സ്ഥാപനത്തിൻെറയും സ്വഭാവവും പരിഗണിച്ചുകൊണ്ടു് ഭവനങ്ങളിലും നമ്മുടെ സ്ഥാപനങ്ങളിലും ദാരിദ്ര്യ ചൈതന്യം കൈവളൎത്തേണ്ടതാണു്.

26 സമ്പന്നനായിരിക്കയിൽ നമ്മെപ്രതി ദരിദ്രനായിത്തീൎന്ന നമ്മുടെരക്ഷകനെ ന.സഹോദരന്മാർ പൂൎണ്ണമായി അനുകരിക്കാൻ ശ്രമിച്ചുകൊണ്ടു് വ്രതംചെയ്ത ദാരിദ്ര്യത്തെ ഹൃദയംകൊണ്ടു് സ്നേഹിക്കുകയും പ്രവൃത്തിയാൽ നിറവേററുകയും ചെയ്യട്ടെ.

# ഭക്ത്യഭ്യാസങ്ങൾ

## ദിവ്യബലി

27 § 1 ശിരസ്സായ മിശിഹായോടുള്ള ഐക്യത്തിൽ അംഗങ്ങൾ രക്ഷണീയ കൃത്യം തുടൻകൊണ്ടു് ദൈവത്തിനു് സമ്പൂർണ്ണമായ ആരാധന അർപ്പിക്കുന്ന 'ലിററർജി'യുടെ ചൈതന്യം ന. സഹോദരന്മാർ പരിപോഷിപ്പിക്കേണ്ടതാണു്

§ 2 വൈദികരായ സഹോദരന്മാർ ദിനംപ്രതി ഭക്തി പുരസ്സരം ദിവ്യബലിയർപ്പിക്കണം. ദീനം നിമിത്തമോ മററു ന്യായമായ കാരണത്താലോ ശ്രേഷ്ഠനെ അറിയിച്ചുകൊണ്ടല്ലാതെ സഹോദരന്മാർ അതു് മുടക്കരുതു്. ശ്രേഷ്ഠൻെറ നിയോഗമനുസരിച്ചു് ദിവ്യബലി അർപ്പിക്കേണ്ടതാണു്.

§ 3 അവൈദികരായ സഹോദരന്മാർ ഭക്തിയോടും വണക്കത്തോടുംകൂടെ ദിവ്യബലിയിൽ എല്ലാ ദിവസവും സംബന്ധിക്കണം. കൂടെക്കൂടെ എന്നല്ല അനുദിനം ദിവ്യ കാരുണ്യത്താൽ തങ്ങളെ പരിപോഷിപ്പിക്കണം.

§ 4 ദിവ്യബലി അർപ്പിക്കുമ്പോഴും ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴും സഹോദരന്മാർ ഭക്തിപൂർവ്വമായ ഒരുക്കവും ഉപകാരസ്മരണയും ഉപേക്ഷിക്കരുതു്.

## കനോനാനമസ്കാരം

28 § 1 പിതാവിനെ സ്തുതിക്കുന്നതിനായി ക്രിസ്തു മനുഷ്യ രാശി മുഴുവനേയും യാമപ്രാർത്ഥനവഴി തന്നോടു് ഐക്യപ്പെടുത്തുകയാണു്. ദിവസത്തെ മുഴുവൻ പവിത്രീകരിക്കുന്ന ഈ യാമപ്രാർത്ഥന ന. സഹോദരന്മാർവളരെ കാര്യമായി പരിഗണിക്കണം.

§ 2 യാമപ്രാർത്ഥന സമൂഹമായി നടത്തണം. അതും കഴിയുന്നിടത്തോളം ജനങ്ങളോടുകൂടി ദേവാലയത്തിൽ. എങ്കിലും ഭവനത്തോടനുബന്ധിച്ച ജോലികളുടെ ആവശ്യം

പരിഗണിച്ചോ, പഠനത്തെപ്രതിയോ ആശ്രമസംഘം തീരുമാനിക്കുന്നതുപൊലെ യാമപ്രാത്ഥനയുടെ മൂന്നു ഭാഗങ്ങളിൽ ഒന്നോ രണ്ടോഭാഗങ്ങൾ തനിച്ചു ജപിക്കുവാൻ പാട്ടുണ്ട്

കൂട്ടത്തിൽ ജപിക്കാൻ സാധിക്കാതെ വരുന്നപക്ഷം 'എവു്പിദിയാക്കോൺ' പട്ടമോ അതിലും മുകളിലുള്ള പട്ടങ്ങളോ സ്വീകരിച്ചിട്ടുള്ളവർ യാമപ്രാത്ഥന മുഴുവൻ തനിച്ചു ജപിക്കണം; മററുള്ളവർ മൂന്നിലൊരു ഭാഗമെങ്കിലും തനിച്ചു ജപിക്കേണ്ടതാണു്

§ 3 സഹായസഹോദരന്മാർ അംഗീകൃതമായ യാമം പ്രാത്ഥന കൂട്ടത്തിൽ ജപിക്കണം.

## ധ്യാനം

29 മിശിഹായുടെ അവയങ്ങൾ അനുദിനം ശിരസ്സിനോട്ടു് അനുരൂപപ്പെടുകയും കൂടുതൽ ഗാഢമായ ദൈവ ഐക്യത്തിൽ പുരോഗമിക്കുകയും ചെയ്യേണ്ടതിലേക്കു് മാനസിക പ്രാത്ഥന അത്യന്താപേക്ഷിതമാണു്. അതുകൊണ്ടു് നമ്മുടെ സഹോദരന്മാർ അനുദിനം വേണ്ട ഒരുക്കത്തോടുകൂടി ഒരു മണിക്കൂർ മാനസികപ്രാത്ഥനയ്ക്കു് ചിലവഴിക്കണം. ഇതിൽ അരമക്കൂർ അംഗികൃതദിനചര്യ അനുസരിച്ചു് കൂട്ടമായും അരമണിക്കൂർ ശ്രേഷ്ഠന്മാർ നിശ്ചയിക്കുന്ന സമയത്തു് തനിച്ചും നടത്തേണ്ടതാണു്.

## ആത്മശോധന

30 ദൈവവുമായി ഉററബന്ധം പാലിക്കുന്നതിനു് ഹൃദയവെടിപ്പും ഉദ്ദേശ്യശുദ്ധിയും അത്യാവശ്യമാണു്. അവ പാലിക്കുന്നതിനു പൊതുആത്മശോധനയും പ്രത്യേകആത്മശോധനയും വളരെയധികം സഹായിക്കും. ഏതന്മൂലം നമ്മുടെ സഹോദരന്മാർ പള്ളിയിലോ പ്രാത്ഥനമുറിയിലോ സമ്മേളിച്ചു് രണ്ടുപ്രാവശ്യം, അതായതു ഉച്ചഭക്ഷണത്തിനും ഉറക്കത്തിനും മുമ്പു്, എട്ടുമിനിട്ടുനേരം ആത്മശോധനചെയ്യണം. ഉച്ചയ്ക്കുള്ള ആത്മശോധന ആശ്രമസംഘത്തിൻെറ നി

ശ്ചയമനുസരിച്ച് തനിയേ നടത്തുവാൻ പാടുണ്ട്. രാത്രി ആത്മശോധനയോട്ട് ചേൎന്ന് പതിവുള്ള അനുസ്മരണപ്രാൎത്ഥനകൾ ചൊല്ലണം.

## ജപമാല

31 അമലോത്ഭവയായ പരിശുദ്ധമറിയത്തിൻെറ മാതൃസംരക്ഷണത്തിൽ ജീവിതത്തെ ക്രമീകരിക്കുന്ന നാം ആ അമ്മയെ പ്രത്യേക വിധം ബഹുമാനിക്കുവാൻ കടപ്പെട്ടവരാണ്. നമ്മുടെ സഹോദരന്മാർ എല്ലാദിവസവും പരിശുദ്ധകന്യകാമറിയത്തിൻെറ ജപമാലയുടെ മൂന്നിലൊരുഭാഗം കൂട്ടമായി ജപിയ്ക്കണം. എന്നാൽ ആശ്രമസംഘത്തിൻെറ നിശ്ചയമനുസരിച്ച് അത് തനിച്ച് നിറവേററാവുന്നതാണ്.

## ജ്ഞാനവായന

32 § 1 എല്ലാവരും പ്രതിദിനം കാൽ മണിക്കൂർ നേരമെങ്കിലും ജ്ഞാനവായനയ്ക്കായി ചെലവഴിയ്ക്കണം.

§ 2 എല്ലാ ദിവസവും സൗകര്യമുള്ള സമയത്ത് വി. ഖിതങ്ങളിൽ നിന്ന് തിരുക്കമ്മചൈതന്യത്തോട്ട് പൊരുത്തപ്പെടുന്ന വളരെ ചെറിയ ഒരു വായന, പരിശുദ്ധ കന്യകാമറിയത്തിൻെറ അനുസ്മരണ ജപത്തോടും സന്ദർഭത്തിന പററിയ ഒരു ഗാനത്തോട്ടംകൂടി സമൂഹത്തിൽ നടത്തേണ്ടതാണ്.

## പ. കുർബാനയ്ക്കുള്ള വിസീത്ത

33 കൂടെക്കൂടെയുള്ള പ. കർബാനയുടെ സന്ദർശനം വഴി ന. സഹോദരന്മാർ ദൈവിക സമ്പർക്കവും തീക്ഷ്ണതയും പോഷിപ്പിയ്ക്കേണ്ടിയിരിക്കുന്നു. ദിവസത്തിൽ ഒരിക്കൽ കൂട്ടമായ വിസീത്ത ഉണ്ടാകണം.

## പൊതുനിർദ്ദേശങ്ങൾ

34 § 1. കൂട്ടമായി അനുഷ്ഠിക്കേണ്ട കർമ്മങ്ങളിൽ ആർക്കെങ്കിലും സന്നിഹിതനാകുന്നതിനു് തടസ്സമുള്ളപക്ഷം അതു് തനിച്ചു് വിശ്വസ്ഥതാപൂർവ്വം അനുഷ്ഠിക്കണം.

§ 2. മററു ഭക്ത്യഭ്യാസങ്ങൾ, അവ തിരുക്കർമ്മചൈതന്യവുമായി പൊരുത്തപ്പെട്ടുന്നപക്ഷം യഥാർത്ഥഭക്തിയെ സഹായിക്കുന്നതും, തന്മൂലം പ്രോത്സാഹിപ്പിക്കേണ്ടതുമാണു്.

§ 3 ശ്രേഷ്ഠന്മാർ പുതുതായ പൊതുഭക്ത്യഭ്യാസങ്ങൾ താല്ക്കാലികമായിട്ടുമാത്രമേ ഏർപ്പെട്ടുത്താവൂ. അതുതന്നെയും ആലോചനാസംഘത്തിൻെറ അനുമതിയോടു കൂടിയായിരിക്കണം.

## കുമ്പസാരം

35 സഹോദരന്മാർ ലഘുവായ പാപത്തെപ്പോലും ഹൃദയപൂർവ്വം വെറുത്തുകൊണ്ടു് ആഴ്ചതോറും പാപസങ്കീർത്തനത്തിനു് അണയണം.

36 സഹോദരന്മാർക്കു് അവരവരുടെ സാധാരണ കുമ്പസാരക്കാർ ഉണ്ടായിരിക്കണം. നിസ്സാരകാരണങ്ങളാൽ അവരെ മാററരുതു്. എന്നിരുന്നാലും മനസ്സാക്ഷിയുടെ സമാധാനത്തിനുവേണ്ടി, അംഗീകാരമുള്ള മററുപട്ടക്കാരൻെറ പക്കൽ കുമ്പസാരിക്കുവാൻ അനുവാദമുണ്ടു്.

37 കീഴുള്ളവർ സ്വമേധയാ ആവശ്യപ്പെട്ടുന്നപക്ഷം നിയമവിധികൾ ആഭംഗുരം പാലിച്ചുകൊണ്ടു് ശ്രേഷ്ഠന്മാർക്കു് അവരുടെ കുമ്പസാരം കേൾക്കാവുന്നതാണു്. എന്നാൽ ഗൗരവാവഹമായകാരണം കൂടാതെ പതിവായി ഇങ്ങനെ ചെയ്യേണ്ടതല്ല.

## മാസധ്യാനവും വാർഷികധ്യാനവും

38 ആശ്രമശ്രേഷ്ഠൻ പ്രതിമാസം നിശ്ചയിക്കുന്ന ദിവസത്തിൽമാസധ്യാനം നടത്തണം. എന്നാൽ ആർക്കെങ്കിലും കൂട്ട

ത്തിലുള്ള ധ്യാനത്തിനു് സംബന്ധിക്കുവാൻ സാധിക്കാതെ വന്നാൽ, ശ്രേഷ്ഠന്റെ അനുമതിയോടെ മറെറാരു ദിവസം ധ്യാനത്തിൽ ചെലവഴിക്കണം.

39 ആണ്ടുതോറും എല്ലാസഹോദരന്മാരും ക്രമച്ചട്ടങ്ങളനുസരിച്ചു് എട്ടു പൂൎണ്ണദിവസങ്ങൾ ആത്മീയാഭ്യാസങ്ങളിൽ കഴിക്കണം. എന്നാൽ മിഷനിൽ താമസിക്കുന്നവരുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കുകയും വേണം.

40 i. തിരുന്നാളുകളും അവയുടെ ജാഗരണനാളുകളും ക്രമച്ചട്ടങ്ങളനുസരിച്ചു് ആചരിക്കണം.

ii ആണ്ടിൽ രണ്ടുപ്രാവശ്യം അതായതു് ദെനഹാതിരുനാളിലും ,കർമ്മലമാതാവിന്റെ തിരുനാളിലും വ്രതങ്ങൾ നവീകരിക്കണം. ഈ തിരുനാളുകളുടെ ജാഗരണനാളുകളിൽ സഹോദരന്മാർ ധ്യാനത്തിലും പ്രാൎത്ഥനയിലും മററു ഭക്ത്യാഭ്യാസങ്ങളിലും ചെലവഴിക്കണം.

## ആദ്ധ്യാത്മിക ജീവിതത്തിലെ ചില രക്ഷോപാധികൾ

### മൗനം

41 ദൈവിക സമ്പൎക്കം ആഗ്രഹിച്ചുകൊണ്ടു് നമ്മുടെ സഹോദരന്മാർ ധ്യാനത്തെയും പ്രാൎത്ഥനയേയും പോഷിപ്പിക്കുന്ന മൗനം പൂജ്യമായി ആചരിക്കണം. കുററകരമായ വചനങ്ങളിൽ നിന്നു മാത്രമല്ല, വ്യൎത്ഥമായവയിൽ നിന്നു കൂടെയും അകന്നിരിക്കണം. പ. കന്യകയുടെ മാതൃകയനുസരിച്ചു്, എല്ലാവരെയും ദൈവത്തിലേയ്ക്കു് ആകൎഷിക്കുന്നതിനുവേണ്ടി ഏകാന്തത പാലിക്കുകയും, ദൈവസ്നേഹത്താലും പരസ്നേഹത്താലും പ്രേരിതരായി മാത്രം സംസാരിക്കുകയും ചെയ്യണം.

42 രാത്രി ആത്മശോധനമുതൽ പിറേറദിവസം കാലത്തു് ആറുമണിവരെ കണിശമായ മൗനം പാലിക്കണം. മററു സമയങ്ങളിൽ കത്താവിനോടുള്ള ഔദാര്യത്തിനും പ്രേഷിതവൃത്തിയുടെ കാര്യക്ഷമതക്കും, സന്യാസോചിതമായ ഗൗരവത്തോടെ മൗനത്തെ വീക്ഷിക്കേണ്ടതു് ഉപകാര പ്രദമെന്നുമാത്രമല്ല ആവശ്യകവുമാണു്

43 മൗനം സനിഷ്കൃഷ്ടം പാലിക്കേണ്ട സ്ഥലങ്ങൾ പള്ളി, പ്രാത്ഥനാലയം, മുറി എന്നിവയാണു്. ഊട്ടുമുറിയും സാധാരണയായി ഈ ഗണത്തിൽപെടുന്നു. സ്ഥലത്തെയും സമയത്തെയും സംബന്ധിച്ചുള്ള ഉപരിനിണ്ണയങ്ങൾ ക്രമച്ചട്ടത്തിൽ വ്യവസ്ഥചെയ്യണം. മററുള്ളവക്കു ശല്യവും അന്യചിന്തയും വരുത്തുന്ന ഒച്ചപ്പാടിൽനിന്നു് എല്ലാവരും എല്ലായ്പോഴും ഒഴിഞ്ഞിരിക്കണം.

44 ഉദ്യോഗം മൂലമോ, ഉപചാരത്തെപ്രതിയോ, ഉപവിയെപ്രതിയോ കടപ്പെട്ടുമ്പോഴല്ലാതെ ശ്രേഷ്ഠന്റെ അനുമതികൂടാതെ പുറമേയുള്ളവരോടു് ആരും സംസാരിക്കേണ്ടതല്ല. ഉപചാരമുറകളെപ്പററി അവർ ബോധമുള്ളവരായിരിക്കണം. അതേസമയം ആന്തരികമായ ഏകാന്തതയുടെ ചൈതന്യം പാലിക്കുവാൻ പരിശ്രമിക്കയും വേണം.

## ആവൃതി

45 സഹോദരന്മാർ സ്ഥിരമായി താമസിക്കുന്ന ഭവനങ്ങളുടെ ആവൃതി ആലോചന, സംഘത്തിന്റെ സമ്മതത്തോടെ നിണ്ണയിക്കുന്നതും, മതിയായ കാരണങ്ങളാൽ അതിൽ ഭേദഗതികൾ ചെയ്യുന്നതും, മേൽശ്രേഷ്ഠന്റെ അധികാരത്തിൽ പെട്ടതാണു്.

46 പൊതുനിയമത്തിന്റെ വ്യവസ്ഥകളനുസരിച്ചു് അനുവദിക്കപ്പെട്ടിരിക്കുന്നവരൊഴികെ, ഏതുപ്രായത്തിലും സ്ഥിതിയിലുമുള്ള സ്ത്രീകളെ ആശ്രമാവൃതികളിൽ പ്രവേശിപ്പിച്ചുകൂടാ. അനുവാദമുള്ളവരെ പ്രവേശിപ്പിക്കുമ്പോഴും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മുൻകരുതലുകൾ പാലിക്കണം. അതുപോലെ, തക്കകാരണവും സ്ഥലശ്രേഷ്ഠന്റെ

അനുവാദവുംകൂടാതെ, പുരുഷന്മാരെ, അവർ ഏതുപ്രായത്തി ലുള്ളവരായാലും ആവൃതിക്കകത്തു് കടത്തിക്കൂടാ.

47 സന്യാസഭവനത്തോടനുബന്ധിച്ചു് വിദ്യാൎത്ഥികളുടെ ബോർഡിംഗുകളോ, സഭയ്ക്കു് പ്രത്യേകമായുള്ള മററു ജോലികളോ ഉള്ളിടങ്ങളിൽ നമ്മുടെ സഭാംഗങ്ങൾക്കായുള്ള കെട്ടിടഭാഗങ്ങൾ ആവൃതി നിയമങ്ങൾക്കു് വിധേയമായിരിക്കണം. ആവൃതിക്കു് പുറത്തായാലും, സ്ഥിരതാമസക്കാരും പുറമെനിന്നു് വന്നു പഠിക്കുന്നവരുമായ കുട്ടികൾക്കും, സഭയുടെ പ്രത്യേകമായ പ്രവൎത്തനങ്ങൾക്കുമായി നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങളിൽ സ്ത്രീകളെ ന്യായമായ കാരണവും സ്ഥലശ്രേഷ്ഠൻെറ അനുവാദവും കൂടാതെ പ്രവേശിപ്പിക്കരുതു്.

## നോയമ്പു്

48 നമ്മുടെ സഹോദരന്മാർ ക്രൂശിതനായ ക്രിസ്തുവിനു് അനുരൂപപ്പെട്ടുകൊണ്ടു് രക്ഷാകരമായ തപസ്സുവഴി പാപങ്ങൾക്കു്പരിഹാരം ചെയ്യുന്നതിനും, ജഡത്തെ ബുദ്ധിയ്ക്കു് വിധേയമാക്കുന്നതിനും, ക്രിസ്തുവിൻെറ പീഡാനുഭവങ്ങളിൽ പോരായ്കയുള്ളതു് സഭയ്ക്കുവേണ്ടി നിറവേററുന്നതിനും, അങ്ങനെ തങ്ങളുടെ ശരീരത്തെ ദൈവത്തിനു് സജീവബലിയായി അൎപ്പിക്കുന്നതിനും പരിശ്രമിക്കേണ്ടതാണു്.

49 തിരുസ്സഭയുടെ നിയമത്താൽ ഉപവാസത്തിനും മാംസവൎജ്ജനത്തിനും കടപ്പെട്ടിട്ടുള്ളവരെല്ലാം അവർ താമസിക്കുന്ന സ്ഥലത്തെ നിയമമനുസരിച്ചു് അവ ആചരിക്കണം. സ്ഥലത്തെ രൂപതാധികാരി ക്രമാനുസരണം നല്കിയിട്ടുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാം. ഉപവാസം, മാംസവൎജ്ജനം, മററു താപസാനുഷ്ഠാനങ്ങൾ എന്നീവിഷയങ്ങളിൽ നമുക്കു് സ്വന്തമായുള്ളക്രമച്ചട്ടങ്ങൾ അഭംഗുരം പാലിക്കേണ്ടതുണ്ടു്.

50 നമ്മുടെ സഹോദരന്മാർ പ. കന്യകയുടെ അമലോത്ഭവത്തിരുനാളിൻെറയും, കൎമ്മലമാതാവിൻെറ തിരുനാളിൻെറയും ജാഗരണനാളുകളിൽ ഉപവാസമനുഷ്ഠിക്കണം.

51 ഉപവാസത്തിനും മാംസവർജ്ജനത്തിനും പുറമേ വിശുദ്ധന്മാരുടെ മാതൃകയും നമ്മുടെനടപ്പും അനുസരിച്ചുള്ള ശാരീരികദണ്ഡനങ്ങളും സഹോദരന്മാർ അനുഷ്ഠിക്കുന്നതു് തികച്ചും അഭിലഷണീയമാണു്. രഹസ്യമായ പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുന്നതിൽ കുമ്പസാരക്കാരൻെറയും ബാഹ്യമായവയിൽ സ്ഥലശ്രേഷ്ഠൻെറയും വിധിക്കു് സഹോദരന്മാർ വിധേയരായിരിക്കണം

52 പുകയിലയുടെ ഉപയോഗം നമ്മുടെ സഹോദരന്മാക്കു് നിരോധിക്കപ്പെട്ടിരിക്കുന്നു. ആശ്രമശ്രേഷ്ഠനു് തക്കകാരണമുള്ളപ്പോൾ അനുവദിക്കാവുന്നതാണു്.

## പൊതുജീവിതം

53 ആശ്രമത്തിൽ താമസിക്കുന്നവരും മററു ന്യായമായ ജോലികളാലോ രോഗം മൂലമോ തടസ്സപ്പെടുന്നവരുമൊഴികെ എല്ലാ സഹോദരന്മാരും ജാഗ്രതയോടുകൂടി എപ്പോഴും സന്യാസജീവിതാനുഷ്ഠാനങ്ങളിൽ, അതായതു് ധ്യാനത്തിലും കാനോനാനമസ്കാരത്തിലും, ആശ്വാസത്തിലും മറെറല്ലാ കൂട്ടപ്രവൃത്തികളിലും സംബന്ധിക്കണം. ശ്രേഷ്ഠൻ കൃത്യനിഷ്ഠക്കു് ഉത്തമ ദൃഷ്ടാന്തം കാണിച്ചുകൊടുക്കുകയും വേണം.

54 ഭക്ഷണം, വസ്ത്രം, പെരുമാററസാമാനങ്ങൾ എന്നിവയെ സംബന്ധിച്ചും പൊതുജീവിതം കൃത്യമായി എല്ലാവരും അനുഷ്ഠിക്കണം.

55 അതിനാൽ സഹോദരന്മാർ തങ്ങളുടെ ഉപയോഗത്തിനു നല്കപ്പെടുന്ന വസ്തുക്കൾ എത്രവിലകുറഞ്ഞവയായിരുന്നാലും അവകൊണ്ടു് തൃപ്തരായിരിക്കുവാൻ ശ്രമിക്കണം. ആവശ്യത്തിൽ കവിഞ്ഞതോ, നമ്മുടെ അഗതിത്വത്തിനു് ചേരാത്തതോ ആയ വസ്തുക്കൾ തങ്ങൾക്കായി സമ്പാദിക്കയുമരുതു്. പൊതുവായ ഉപയോഗത്തിനു ലഭിക്കാത്ത ഒരു വസ്തു ഒരു സഹോദരനു് ഉദ്യോഗം പ്രമാണിച്ചു് ആവശ്യമായി വരുന്നപക്ഷം, അതു് അയാൾക്കുവേണ്ടി സമ്പാദിക്കുന്ന

തിനും അയാളുടെ ജോലി ആവശ്യപ്പെടുന്നിടത്തോളം അയാളുടെ ഉപയോഗത്തിനു് നല്ലുന്നതിനും ശ്രേഷ്ഠനു പാടുണ്ടു്. ഉപയോഗം കഴിഞ്ഞു് അതു് പൊതുശാലയിലേയ്ക്കു് മടക്കിക്കൊടുക്കണം.

## അനുശാസനം

56 സമൂഹത്തിന്റെ സന്യാസശിക്ഷണത്തിനും, ഓരോരുത്തന്റെ പുരോഗതിക്കും അനുശാസനം വളരെ ഉപകരിക്കുന്നതിനാൽ വിശുദ്ധന്മാരുടെ മാതൃകയനുസരിച്ചു് ഉപവിയോടുകൂടെ അതു നടത്തണം.

57 തങ്ങളുടെ കീഴിലുള്ള ഓരോ സന്യാസിയുടെയും ആത്മീയപുരോഗതിയെ സംബന്ധിച്ചു്, പ്രത്യേകിച്ചും തങ്ങളുടെ അലസതമൂലമോ ഭീരുത്വംമൂലമോ ശിക്ഷണത്തിനുള്ള അയവു് നുഴഞ്ഞുകയറുന്ന പക്ഷം, ദൈവത്തിനു കണക്കുകൊടുക്കുവാൻ ഗൗരവമായ കടമയുണ്ടെന്നു് ശ്രേഷ്ഠന്മാർ ഓർക്കണം. തന്മൂലം തിരുസഭയുടെ പൊതുനിയമങ്ങൾ, ന്യായപ്രമാണം, ക്രമച്ചട്ടങ്ങൾ മററു നൈയാമിക സന്യാസക്രമീകരണങ്ങൾ എന്നിവയെല്ലാം കീഴുള്ളവർ പൂജ്യതയോടെ നിറവേററുന്നതിൽ കരുതലും സൂക്ഷവും ഉണ്ടായിരിക്കണം. വല്ല പിശകും കാണുന്ന പക്ഷം സൗമ്യമായും എന്നാൽ ആവശ്യപ്പെടുന്ന പക്ഷം കർശനമായും കുററപ്പെടുത്തണം; സ്വന്തം മാതൃകയാൽ പ്രോത്സാഹനം കൊടുക്കുകയും ചെയ്യേണ്ടതാണു്.

58 മാസത്തിൽ രണ്ടുപ്രാവശ്യം ക്രമചട്ടങ്ങളനുസരിച്ചുള്ള അനുശാസനസമ്മേളനം ഉണ്ടാകണം. ചിലപ്പോഴെല്ലാം ആശ്രമശ്രേഷ്ഠനോ അദ്ദേഹം നിശ്ചയിക്കുന്ന ആളോ ഉപദേശം പറയണം. രണ്ടാഴ്ചയിൽ കൂടുതൽ, ആശ്രമത്തിൽ താമസിക്കുന്ന അതിഥികളടക്കം എല്ലാവരും അനുശാസനത്തിൽ സംബന്ധിക്കണം.

## ശ്രേഷ്ഠന്റെ നിയന്ത്രണം

59 സന്യാസജീവിതം മുഴുവന്റെയും അനുഷ്ഠാനം സംബന്ധിച്ചു് സഹോദരന്മാരെല്ലാം ശ്രേഷ്ഠന്റെ പൈതൃകനിയന്ത്രണത്തിനു് വിധേയരാണു്.

60 ജോലി നിർവ്വഹണം സംബന്ധിച്ച് ശ്രേഷ്ഠനുമായി പതിവായി ചെയ്യുന്ന ആലോചനക്കു പുറമേ ആറു മാസത്തിലൊരിക്കലെങ്കിലും ഓരോ സഹോദരനും അദ്ദേഹത്തിനു കൂടുതൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കണം.

വിശിഷ്യാ തങ്ങളുടെ ആരോഗ്യം, കർത്തവ്യനിർവ്വഹണം, ശ്രേഷ്ഠന്മാരോടും സഹോദരങ്ങളോടും മററുള്ളവരോടുമുള്ള ബന്ധം, എന്നിവയിൽ പ്രയാസങ്ങൾ അനുഭവപ്പെട്ടുന്നെങ്കിൽ സഹോദരന്മാർ മക്കളെപ്പോലെ ശ്രേഷ്ഠനുമായി ചർച്ചചെയ്യുന്നതു് അഭിലഷണീയമാണു്.

61 ശ്രേഷ്ഠന്മാരോ എന്നാൽ മുൻപു് പ്രസ്താവിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനു് സമീപിക്കുന്ന സഹോദരന്മാരെ സ്വീകരിക്കുവാൻ സദാ സന്നദ്ധരായിരിക്കണം. അതിനു് സമയം മുൻകൂട്ടിത്തന്നെ നിശ്ചയിച്ചു കൊടുക്കാവുന്നതാണു്. കൂടാതെ കീഴുള്ളവരുടെ ആത്മീയപുരോഗതിയെമാത്രം കരുതി അവരെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും അവക്കെന്തെങ്കിലും പോരായ്കയുണ്ടെന്നു കണ്ടാൽ കർത്താവിൽ കൊള്ളാമെന്നു തോന്നുന്നതുപോലെ ഉപവിയോടെ അതു നൽകുകയും വേണം.

62 തങ്ങളോടു മനസ്സാക്ഷി വെളിപ്പെടുത്തുവാൻ കീഴുള്ളവരെ യാതൊരുതരത്തിലും നിർബ്ബന്ധിച്ചുകൂടാ എന്നു് എല്ലാ ശ്രേഷ്ഠന്മാരോടും കർശനമായി കല്പിക്കുന്നു. എന്നാൽ കീഴുള്ളവക്കു് സ്വമനസാ തങ്ങളുടെ ആത്മാവസ്ഥ സ്വതന്ത്രമായി ശ്രേഷ്ഠന്മാക്കു് വെളിപ്പെടുത്തുന്നതിനു് യാതൊരു തടസ്സവുമില്ല. എന്നുതന്നെയുമല്ല, പുത്രസഹജമായ വിശ്വാസത്തോടുകൂടി അവരെ സമീപിക്കുകയും, സംശയങ്ങളും ആകുലചിന്തകളും അവരെ അറിയിക്കുയും ചെയ്യുന്നതു് പ്രയോജനകരമാണു്.

## ആദ്ധ്യാത്മിക നവീകരണം

63 ഓരോ പ്രവിശ്യയിലും സാധിക്കുന്നിടത്തോളം സൗകര്യപ്രദവും ഭവനത്തോടനുബന്ധിച്ചു് ഏകാന്തധ്യാനങ്ങൾ

നടത്തുന്നതൊഴികെ മററു ബാഹ്യപ്രവത്തനങ്ങൾ ഇല്ലാത്തതുമായ ഒരാശ്രമം ഉണ്ടാകണം. സഹോദരന്മാക്ക് ഇവിടെ അരൂപിയുടെ നവീകരണത്തിനായി ചിലപ്പോഴൊക്കെ വന്നു താമസിക്കാവുന്നതാണ്. ഈ ആശ്രമത്തിൻെറ ദിനചയ്യയും മററു ജീവിത വ്യവസ്ഥകളും ക്രമച്ചട്ടങ്ങൾ വഴി ക്രമീകരിക്കണം.

## ആശ്രമശിക്ഷണം

### ദിനചര്യ്യ

64 ആശ്രമശ്രേഷ്ഠൻ ആശ്രമ സംഘത്തിൻെറ സമ്മതത്തോടെ സ്ഥലസഹാചര്യ്യങ്ങൾക്കും വിശ്വാസികളുടെ സൗകര്യത്തിനും ഒത്തിണങ്ങുന്ന ഒരു ദിനചര്യ്യ തയ്യാറാക്കി പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ അംഗീകരണത്തിനായി സമപ്പിക്കണം. പ്രവിശ്യാശ്രേഷ്ഠൻ അംഗീകരിച്ച ദിനചര്യ്യയുടെ ഒരു അസ്സൽ പ്രതി പ്രിയോർ ജനറാളിന് അയച്ചുകൊടുക്കുകയും അംഗീകൃതദിനചര്യ്യ ശ്രേഷ്ഠൻ അതിഥികളടക്കം എല്ലവാരും എളുപ്പത്തിൽ കാണത്തക്ക ഒരു സ്ഥാനത്ത് ആശ്രമത്തിൽ സ്ഥാപിക്കുകയും ചെയ്യണം.

65 തൽക്കാലത്തേയ്ക്കു അപൂവ്വമായും, തക്കതും മതിയായതുമായ കാരണത്തോടുകൂടിയും ദിനചര്യ്യഭേദപ്പെടുത്തുകയോ, പൊതു അനുഷ്ഠാനങ്ങൾ തനിയെ കഴിക്കുന്നതിന് അനുവദിക്കുകയോ, അതിലും അപൂവ്വമായി ആശ്രമസംഘത്തിൻെറ അനുമതിയോടെ ചിലതിൽനിന്നെല്ലാം ഒഴിവുകൊടുക്കുകയോ ചെയ്യാൻ ആശ്രമശ്രേഷ്ഠനു പാടുണ്ട്.

### പള്ളിയും പ്രാത്ഥനമുറിയും

66 പള്ളിയിലും പ്രാത്ഥനമുറിയിലും ഉള്ളവയെല്ലാം, പ്രത്യേകിച്ചും ബലിപീഠത്തെയും ദിവ്യകമ്മാനുഷ്ഠാനങ്ങളെയും സംബന്ധിക്കുന്നവയെല്ലാം വെടിപ്പും ഭംഗിയും ഉള്ളവയായിരിക്കണം.

## പുസ്തകശാല

67 § 1 ദിവ്യശുശ്രൂഷ, സന്യാസജീവിതം, നാം നിവ്വ
ഹിക്കേണ്ട ഉദ്യോഗങ്ങൾ എന്നിവയ്ക്കുപകരിക്കുന്ന ധാരാളം പുസ്തകങ്ങളുള്ള ഒരു പുസ്തകശാല ഓരോ ആശ്രമത്തിലും ഉണ്ടായിരിക്കണം. പ്രതിവഷം ആശ്രമസംഘം നിണ്ണയിക്കുന്ന ഒരുക്ലിപ്തസംഖ്യ പുതിയപുസ്തകങ്ങൾ വാങ്ങിക്കുവാൻ ഉപയോഗിക്കേണ്ടതാണു്.

§ 2 ആശ്രമശ്രേഷ്ഠസംഘത്തിന്റെ അനുവാദംകൂടാതെ പുസ്തകങ്ങൾ വില്ക്കുകയോ പുറമേയുള്ളവക്കു് വായ്പ കൊടുക്കുകയോ ചെയ്യരുത്. പുറമേയുള്ളവക്കു് ഒരു പ്രത്യേക ഗ്രന്ഥശാല സ്ഥാപിക്കുന്നതു് സ്തുത്യർഹമാണു്.

## ഭക്ഷണശാല

68 ഭക്ഷണശാലയിലെ ഉപയോഗസാധനങ്ങൾ നമ്മുടെ അ
ഗതിത്വത്തിനു് യോജിച്ചതായിരിക്കണം. എങ്കിലും ഊട്ടുമുറിയും പാചകശാലയും എല്ലാതരത്തിലും വൃത്തിയുള്ളവയായിരിക്കുവാൻ അധികാരികൾ പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണു്.

69 പൊതുഭക്ഷണം മിതമായിരിക്കണം. മിതത്വവും ദാരിദ്ര്യ
ചൈതന്യവും പാലിച്ചുകൊണ്ടും, കേവലം സുഖലോലുപത്വമെല്ലാം പരിവജ്ജിച്ചുകൊണ്ടും, സഹോദരന്മാക്കെല്ലാവക്കും പോഷണത്തിനു് പൂണ്ണമായി മതിയാകുന്നഭക്ഷണം, ശ്രേഷ്ഠൻ ഉപവിയോടുകൂടി നല്കണം. എന്നാൽക്കൂട്ടത്തിൽ സാമാന്യം സംഭവിക്കാറുള്ളതുപോലെ ചിലപ്പോൾ ആക്കെങ്കിലും എന്തെങ്കിലും പോരായ്കവന്നാൽ മിശിഹായുടെ ദാരിദ്ര്യമാണു് താൻവ്രതംചെയ്തിരിക്കുന്നതു് എന്നോത്തുകൊണ്ടു്, ഇതുവിശിഷ്ടമായപുണ്യം അഭ്യസിക്കുവാൻ അവസരംകിട്ടിയതിനെക്കുറിച്ചു് സന്തോഷിക്കണം.

70 ഊട്ടുമുറിയിൽഎല്ലാവക്കും ഒരേരീതിയിൽ പാകംചെ
യ്തഭക്ഷണം നല്കണം; എങ്കിലും രോഗികൾക്കും, സുഖാപ്രാപി

ച്ചുവരുന്നവക്കും, ആരോഗ്യപരായ യഥാത്ഥകാരണം നിമിത്തം ഏതെങ്കിലും ആഹാരം പിടിക്കാത്തവക്കും, ആകാരണം ദീഘിക്കുന്നതുവരെ ഓരോരുത്തൻെറ പ്രായവും ആവശ്യവുമനുസരിച്ചു്, മറേറതെങ്കിലും ഭക്ഷണപദാത്ഥമോ, മററുവിധത്തിൽ പാകംചെയ്തവയോ നൽകുന്നതിനു് ശ്രേഷ്ഠനു പാടുണ്ടു്.

71 സ്ഥലപരമായ വ്യത്യാസങ്ങൾ അനുവദിച്ചുകൊണ്ടു് പ്രവിശ്യമുഴുവനിലും സഭമുഴുവനിലും ഏതാണ്ടു് ഒരേഭക്ഷണരീതി നടപ്പിലാക്കുവാൻ മേൽശ്രേഷ്ഠന്മാർ ശ്രദ്ധപതിക്കണം. ഈ കാര്യത്തിൽ കൂട്ടതലോ കുറവോ ആയി ക്രമം വിട്ടു ചെയ്യുന്ന ശ്രേഷ്ഠന്മാരെ തിരുത്തുകയും വേണം.

72 ഉച്ചഭക്ഷണവും അത്താഴവും കൂട്ടമായി ഭക്ഷണശാലയിൽവച്ചു കഴിക്കണം. ഭക്ഷണശാലയിൽ സംസാരം അനുവദിച്ചിട്ടില്ലാത്ത അവസരങ്ങളിലെല്ലാം വിശുദ്ധഗ്രന്ഥമോ സഭാനിയമമോ ശ്രേഷ്ഠൻ നിശ്ചയിക്കുന്ന മററു ഇതരഗ്രന്ഥങ്ങളോ വായിക്കേണ്ടതാണു്. ആരംഭത്തിലും അന്ത്യത്തിലും നിശ്ചിതപ്രാത്ഥനകൾ ചൊല്ലണം.

## സഹോദരന്മാരുടെ മുറികൾ

73 സഹോദരന്മാക്കെല്ലാം കഴിയുന്നത്ര പ്രത്യേകം പ്രത്യേകം മുറികളുണ്ടാകേണ്ടതാണു്. ശ്രേഷ്ഠൻെറ അനുവാദം കൂടാതെ ഒരുസഹോദരനും മറെറാരാളുടെ മുറിയിൽ പ്രവേശിക്കേണ്ടതല്ല. എന്നാൽ ശ്രേഷ്ഠന്മാരെയും, മുറികളിൽവച്ചു സന്ദശിക്കുവാൻ ക്രമച്ചട്ടങ്ങളിൽ അനുവദിച്ചിരിക്കുന്നവരെയും മുറികളിൽപ്രവേശിച്ചു് സഹോദരന്മാക്കു് സന്ദശിക്കാവുന്നതാണു്.

74 സഹോദരന്മാർ സാധാരണ രാത്രി താമസിക്കുന്ന മുറി എപ്പോഴും ആശ്രമാവൃതിക്കുള്ളിലായിരിക്കണം, എന്നാൽ ജോലിയുടെ ആവശ്യത്തെപ്രതി മററുതരത്തിൽ അനുവദിക്കുവാൻ ശ്രേഷ്ഠനു് അധികാരമുണ്ടു്.

75 ശ്രേഷ്ഠന്മാർ മുറികൾ ഇടയ്ക്കു് സന്ദർശിക്കേണ്ടതാണു്. ശ്രേഷ്ഠന്മാൎക്കു് ആഗ്രഹാനുസാരം മുറിയിൽ പ്രവേശിക്കുന്നതിനും പെട്ടി തുറക്കുന്നതിനും വിഘ്നമാകാത്തവിധത്തിൽ മുറിയും പെട്ടിയും അടച്ചു വയ്ക്കാവുന്നതാണു്. ഒരാശ്രമത്തിൽനിന്നു് മറെറാരാശ്രമത്തിലേയ്ക്കു് മാറുമ്പോൾ സഹോദരന്മാർ കൊണ്ടുപോകുന്നവ വിട്ടുപോകുന്ന ആശ്രമത്തിൻെറയും ചെല്ലുന്നആശ്രമത്തിൻെറയും ശ്രേഷ്ഠന്മാരെ കാണിക്കേണ്ടതാണു്.

## ആശ്വാസം

76 ശരീരക്ഷീണം തീൎക്കുക, ഉന്മേഷവും നവജീവനും പ്രാപിക്കുക എന്നലക്ഷ്യത്തിനും പുറമേ, കുടുംബജീവിതത്തിൻെറ മാധുര്യം സഹോദരന്മാർ ആസ്വദിച്ചറിയുക എന്നതും ആശ്വാസത്തിൻെറ ലക്ഷ്യമത്രെ. ആകയാൽ, എല്ലാവരും നിശ്ചിതസമയങ്ങളിൽ അടക്കത്തോടും സന്തോഷത്തോടും സംഭാഷണത്തിലേപ്പെടട്ടെ. വിശുദ്ധന്മാരുടെ മാതൃകയനുസരിച്ചു് സംസാരിക്കട്ടെ. ഉപവിക്കും അധികാരികളുടെ നേൎക്കുള്ള ബഹുമാനത്തിനും ഹാനിവരുത്തുന്ന എല്ലാവാക്കുകളും നിഷ്കൎഷാപൂൎവ്വം ഉപേക്ഷിക്കേണ്ടതാണു്.

77 ആശ്വാസത്തിൻെറ രീതിയും സമയവും ക്രമച്ചട്ടത്തിൽ വേണം നിർദ്ദേശിക്കാൻ. നവസന്യാസികൾക്കും വിദ്യാൎത്ഥികൾക്കും പ്രത്യേകം ആശ്വാസങ്ങൾ അനുവദിക്കാവുന്നതാണു്.

## കത്തിടപാടുകൾ

78 വായിക്കുവാൻ അധികാരമുള്ള ആളുടെ അനുവാദം ലഭിക്കാതെ സഹോദരന്മാൎക്കു് എഴുത്തു് അയക്കുവാനോ, സ്വീകരിക്കുവാനോ പാടുള്ളതല്ല. സഹോദരന്മാർ എഴുതുന്ന എഴുത്തു് തുറന്നതായി ശ്രേഷ്ഠനെ ഏല്പിക്കണം. വരുന്ന എഴുത്തുകൾ ശ്രേഷ്ഠൻ തുറന്നു് അവൎക്കു കൊടുക്കണം. സഹോദരന്മാരുടെ സമാധാനത്തിനും പുരോഗതിക്കും വിഘ്നമാകു

ന്നവയും, വ്യത്ഥമായ വർത്തമാനങ്ങൾ അറിയിക്കുന്നവയുമായ എഴുത്തുകൾ, കർത്താവിൽ ഉചിതമെന്നു കാണുന്നവിധം കീഴുള്ളവർ കൈപ്പററാതിരിക്കുന്നതിനും അയക്കാതിരിക്കുന്നതിനും വേണ്ടതുചെയ്യുവാൻ ശ്രേഷ്ഠനു് അധികാരവും കടമയുമുണ്ടു്. മററുള്ളവർക്കു് മാതൃകനൽകുവാൻ ശ്രേഷ്ഠന്മാരും, തങ്ങളുടെ കത്തുകളിൽ ഈവിധത്തിലുള്ളവ ശ്രദ്ധാപൂർവ്വം ഉപേക്ഷിക്കണം.

79 ഔദ്യോഗികമായ എഴുത്തുകളെഴുതുന്നതിനും, അയക്കുന്നതിനും മാത്രമേ ശ്രേഷ്ഠൻ പൊതു അനുവാദം നൽകാവൂ. മററുകാര്യങ്ങൾ ഈവിധത്തിലുള്ള എഴുത്തുകളിൽ ചേർക്കുന്നെങ്കിൽ എഴുത്തുകൾ തുറന്നതായി ശ്രേഷ്ഠനെ ഏല്പിക്കണം.

80 മേൽശ്രേഷ്ഠൻെറ അനുവാദം മുൻകൂട്ടി വാങ്ങാതെ ആരും എഴുത്തുകൾവഴി മററുള്ളവരുടെ, പ്രത്യേകിച്ചു് സ്ത്രീകളുടെ, ആദ്ധ്യാത്മികനിയന്ത്രണം നടത്തുന്നതിനു് ഏല്ക്കരുതു്. എന്നാൽ ഈ അനുവാദം അപൂർവ്വമായേ നൽകാവൂ; അതും, ഗൗരവാവഹവും അസാധാരണവുമായ കാരണങ്ങളുള്ളപ്പോൾമാത്രം.

81 എന്നാൽ, പ്രിയോർ ജനറാളിനും, ദഫ്നിത്തോരന്മാക്കും, സ്വന്തം പ്രവശ്യാശ്രേഷ്ഠനും, അദ്ദേഹത്തിൻെറ ആലോചനക്കാർക്കും, സ്വന്തം സ്ഥലശ്രേഷ്ഠനും, പൊതുസംഘത്തിലെയും പ്രവിശ്യാസംഘത്തിലെയും അംഗങ്ങൾക്കും അനുവാദം വാങ്ങാതെയും ആരെയും കാണിക്കാതെയും എഴുത്തുകളെഴുതുന്നതിനും, അവരിൽ നിന്നും എഴുത്തുകൾ സ്വീകരിക്കുന്നതിനും എല്ലാ സഹോദരന്മാർക്കും പാട്ടുണ്ടു്. അതുകൊണ്ടു് മേല്പറഞ്ഞവർക്കു്, അവരുടെ കത്തുകൾ എല്ലാവർക്കും തിരിച്ചറിയത്തക്കവിധത്തിൽ ഏതെങ്കിലും പ്രത്യേക മുദ്രയോ അടയാളമോ ഉണ്ടായിരിക്കണം.

82 അതുപോലെതന്നെ യാതൊരു പരിശോധനയ്ക്കും വിധേയമാക്കാതെ പരിശുദ്ധ സിംഹാസനത്തിനും, പരിശുദ്ധ

പിതാവിൻെറ സ്ഥലത്തെ പ്രതിനിധിക്കും, ഉണ്ടെങ്കിൽ അതിരൂപതാദ്ധ്യക്ഷനും, സ്ഥലത്തെ രൂപതാദ്ധ്യക്ഷനും-അദ്ദേഹത്തിൻെറ ഭരണത്തിനുകീഴിൽ വരുന്നിടത്തോളം—എഴുത്തുകൾ അയയ്ക്കുന്നതിനും അവരിൽനിന്നും എഴുത്തുകൾ കൈപ്പററുന്നതിനും എല്ലാവക്കും സ്വാതന്ത്ര്യമുണ്ട്.

83 ശ്രേഷ്ഠന്മാരും, മററു സഹോദരന്മാരും തങ്ങൾക്കു വായിക്കുന്നതിനു് അവകാശമില്ലാത്ത എഴുത്തുകൾ തുറക്കുന്നതും താമസം വരുത്തുന്നതും കശ്നമായി നിരോധിച്ചിരിക്കുന്നു.

84 എല്ലാ സഹോദരന്മാരും-വിദ്യാത്ഥികളും, നവസന്യാസികളും-പുത്രസഹജമായ സ്നേഹത്തോടും വിശ്വാസത്തോടുംകൂടി വഷത്തിലൊരിക്കലെങ്കിലും സ്വന്തം മേൽശ്രേഷ്ഠന്മാക്കു് എഴുത്തുകൾ അയക്കുന്നതു് നല്ലതാണു്.

## ഭവനത്തിനു പുറത്തുപോകുന്നതും യാത്രചെയ്യുന്നതും

85 സ്ഥലശ്രേഷ്ഠാനുമതികൂടാതെ ആരും ഭവനത്തിനു പുറത്തു പോകേണ്ടതല്ല. പുറത്തു പോകുമ്പോഴും തിരികെ വരുമ്പോഴും സഹോദരന്മാർ നിശ്ചിത പ്രാത്ഥനകൾ ചൊല്ലുകയോ, വി. കുർബ്ബാന സന്ദശിക്കുകയോ ചെയ്യുകയും ശ്രേഷ്ഠനെ കാണുകയും വേണം.

86 ചാച്ച്ക്കാരെ സന്ദശിക്കുക, വൈദിക ശുശ്രൂഷയ്ക്കും ഔദ്യോഗിക ജോലികൾക്കുംവേണ്ടി യാത്രചെയ്യുക തുടങ്ങിയ കാര്യങ്ങളെപ്പററിയുള്ള നിയമങ്ങൾ ക്രമച്ചട്ടത്തിലുണ്ടായിരിക്കണം. ഈ വിഷയങ്ങളിൽ യഥാത്ഥ ആവശ്യത്തിൻെറ പരിധി വിട്ടുപോകാതിരിക്കാനും ദുരുപയോഗത്തിൻെറ അവസരങ്ങൾ വിട്ടകലാനും ശ്രദ്ധയുണ്ടാകണം.

87 § 1. യാത്രയുടെ അവസരത്തിൽ മുൻകൂട്ടി അനുവാദം വാങ്ങിയിട്ടില്ലെങ്കിൽ അന്യരെ സന്ദശിക്കുകയോ ലൗകീക

കാര്യങ്ങളിൽ ഏർപ്പെടുകയോ ചെയ്യാതിരിക്കുന്നതിനു് പ്രത്യേകം സൂക്ഷിക്കണം. മേൽശ്രേഷ്ഠന്റെ പ്രത്യേകാനുമതികൂടാതെ ആരും ചാർച്ചക്കാരുടെകാര്യങ്ങളിൽ ഇടപെടുകയോ അവരുടെ സംരക്ഷണം ഏറെറടുക്കുകയോ ചെയ്യരുതു്. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് വലിയ അയവും സമാധാനക്കേടും ഉണ്ടാകാറുണ്ടെന്നു് അനുഭവം പഠിപ്പിക്കുന്നു.

§ 2 സഹോദരന്മാർ അവരോടു് സമ്പർക്കത്തിലേർപ്പെടുന്നവർക്കെല്ലാം സന്മാതൃക നൽകുന്നതിനും പ്രത്യേകിച്ചു് സ്വന്ത പ്രവർത്തനരീതിവഴി ഭക്തജീവിതത്തിലേയ്ക്കും ദൈവശുശ്രൂഷയിലേയ്ക്കും അവരെ നയിക്കുന്നതിനും ശ്രമിക്കണം. ആദ്ധ്യാത്മികാഭ്യാസങ്ങൾക്കു തക്കസമയം മുൻകൂട്ടി കണ്ടുവയ്ക്കണം. യാത്രചെയ്യുന്ന വിധത്തിൽ കേവലം സുഖം നോക്കരുതു്. ദിവ്യശുശ്രൂഷയുടെ കടമയോ മാററുവാൻ നിവൃത്തിയില്ലാത്ത ഏതെങ്കിലും സാഹചര്യമോ നിർബന്ധിക്കുന്ന അവസരങ്ങളിലൊഴികെ ആരും പുറമേയുള്ളവരുടെ വീടുകളിൽ, അതു് രക്തസംബന്ധികളുടേതായാൽതന്നെയും രാത്രി താമസിക്കേണ്ടതല്ല. നമ്മുടെ ഭവനം അടുത്തുണ്ടെങ്കിൽ അവിടെയോ, അതല്ലെങ്കിൽ ഇടവകപ്പള്ളിയിലോ, വൈദീകർ പതിവായി താമസിക്കാറുള്ള സ്ഥലത്തോ പോയി താമസിക്കണം.

38 മേൽ ശ്രേഷ്ഠന്മാരേയോ, പരി. പിതാവിന്റെ സ്ഥലത്തെ പ്രതിനിധിയേയോ സഹോദരന്മാർക്കു് ആശ്രമത്തിൽനിന്നു് പോയി കാണുന്നതിനു് അവരിൽനിന്നു് എഴുത്താലെയുള്ള അനുവാദം കിട്ടി അതു് സ്ഥലശ്രേഷ്ഠനെ കാണിച്ചല്ലാതെ അനുവാദംനല്കുവാൻ ശ്രേഷ്ഠനു കടമയില്ല.

## വൈദികന്മാർക്കുള്ള അഭ്യാസങ്ങൾ

39 നവവൈദികരുടെ പരീക്ഷ, മററുവൈദിക ജോലികൾ സന്മാർഗ്ഗശാസ്ത്രചർച്ചകൾ, വേദശാസ്ത്രപരമായ സമ്മേളനങ്ങൾ എന്നിവയെപ്പററിയെല്ലാം പൊതുനിയമവും നമ്മുടെ ക്രമച്ചട്ടവും നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണു്.

90 സ്ഥലത്തെ രൂപതാദ്ധ്യക്ഷൻെറ അനുമതിയുണ്ടായാലും പ്രവിശ്യാശ്രേഷ്ഠൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ ആരും പാപസങ്കീർത്തനം കേൾക്കുകയോ പ്രസംഗിക്കുകയോ ചെയ്യേണ്ടതല്ല. നമ്മുടെ ഏതെങ്കിലും ഒരു വൈദികസഹോദരന് അധികാരം ഉണ്ടായിരുന്നാലും പുറമേയുള്ളവരുടെ കുമ്പസാരം കേൾക്കുന്നതിൽ നിന്നു് അദ്ദേഹത്തെ തക്കകാരണമുള്ളപ്പോൾ ശ്രേഷ്ഠനു് മുടക്കാൻ പാടുണ്ടു്.

### സഹായ സഹോദരന്മാർക്കുള്ള അഭ്യാസങ്ങൾ

91 സമൂഹത്തിനും ഭവനത്തിനും സേവനമനുഷ്ഠിച്ചും വൈദികരെ അവരുടെ കടമനിർവ്വഹണത്തിൽ സഹായിച്ചും, അങ്ങനെ പ്രേഷിത വേലയിലെ യോഗ്യതയിൽ അവരോടു് ചേർന്നു് ഭാഗഭാക്കുകളായും തിരുസഭയുടേതായ ശുശ്രൂഷയ്ക്കു് സ്വയം സമർപ്പിക്കയാണു് സഹായസഹോദരന്മാർക്കു് ലഭിച്ചിരിക്കുന്ന ദൈവവിളി.

92 സഹായസഹോദരന്മാരുടെ നിയന്താവായി ഒരു വൈദികനെ ശ്രേഷ്ഠൻ നിശ്ചയിക്കണം. അദ്ദേഹം ആഴ്ചതോറും ആദ്ധ്യാത്മികവിഷയങ്ങളെക്കുറിച്ചു് ഉപദേശം പറയുകയോ, ക്രൈസ്തവ സത്യങ്ങളെ അധികരിച്ചു് അദ്ധ്യാപനം നടത്തുകയോ ചെയ്യണം. അതിൽ സഹായസഹോദരന്മാർ സംബന്ധിക്കേണ്ടതാണു്

## അതിഥികളോടും രോഗികളോടും മരിച്ചവരോടുമുള്ള ഉപവി

### അതിഥിസ്വീകരണം

93 പരസ്നേഹപ്രവർത്തികളിൽ അതിഥിസ്വീകരണവും ഉൾപ്പെടുന്നു. വൈദികമേലദ്ധ്യക്ഷൻെറ സാക്ഷിപത്രമുള്ളവരോ മററുവിധത്തിൽ ബോധ്യപ്പെടുന്നവരോ ആയ വൈദികരെയും അതുപൊലെതന്നെ അർഹരായ അത്മായരെയും സല്ക്കരിക്കണം.

## രോഗികളോടുള്ള ഉപവി

94 ഉപവി ആതുരരെ ആശ്വസിപ്പിക്കുവാൻ താല്പര്യമുള്ളതായിരിക്കും. ആകയാൽ നമ്മുടെ സഹോദരന്മാർ ഉപദേശംകൊണ്ടും ശുശ്രൂഷകൊണ്ടും രോഗികളെ ആശ്വസിപ്പിക്കുകയും ശ്രേഷ്ഠന്മാർ രോഗികളുടെ ആത്മീകവും ശാരീരികവുമായആവശ്യങ്ങൾ നിറവേററുവാൻ ശ്രദ്ധപതിക്കുകയും ചെയ്യണം. അവർ പിതൃവാത്സല്യത്തോടെ എല്ലാദിവസവും നേരിട്ടോ, മററൊരാൾവഴിയോ രോഗികളെ സന്ദർശിക്കുകയും എത്രമാത്രം സ്നേഹത്തോടുകൂടിയാണ് അവർക്ക് ശുശ്രൂഷ ചെയ്യുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യണം. അവരുടെ ഭക്ഷണത്തിൻെറ കാര്യത്തിൽ പ്രത്യകമായി ശ്രദ്ധിക്കേണ്ടതാണ്

95 എന്നാൽ രോഗികളായ സഹോദരന്മാക്ക് എന്തെങ്കിലും ലഭിക്കാതെ വന്നാൽ, മിശിഹായുടെ ദാരിദ്ര്യം തങ്ങൾ സ്വമനസ്സാലെ സ്വീകരിച്ചതാണെന്നോക്കുകയും ധനവാന്മാരെപ്പോലെ ശുശ്രൂഷിക്കപ്പെടുവാൻ ആഗ്രഹിക്കാതിരിക്കയുംചെയ്യണം. സാധിക്കുമെങ്കിൽ എല്ലാദിവസവും വിശുദ്ധ കുർബ്ബാന ഉൾകൊള്ളുകയും അപകടസ്ഥിതി സമീപിച്ചാൽ തിരുപ്പാഥേയവും രോഗീലേപനവും പൂർണ്ണബോധമുള്ളപ്പോൾ സ്വീകരിക്കുകയുംചെയ്യണം.

## മരിച്ചവക്കുവേണ്ടിയുള്ള ശേഷക്രിയകൾ

96 ശുദ്ധീകരണസ്ഥലത്തിൽ പീഡയനുഭവിക്കുന്ന ആത്മാക്കളുടെ ശിക്ഷ കുറയ്ക്കുവാൻ നമ്മുടെ സഹോദരന്മാർ അത്യധികം ആർദ്രഹൃദയരായിരിക്കേണ്ടതാണ്. ഏതെങ്കിലും സഹോദരൻ മരിച്ചാൽ ഉടൻതന്നെ ക്രമച്ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള ശേഷക്രിയകൾ ചെയ്യണം.

97 പരേതനായ സഹോദരൻെറ ആശ്രമത്തിൽ മൂന്നു കൊല്ലത്തേയ്ക്കു് ചരമവാഷികദിനത്തിൽ ക്രമച്ചട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രത്യേക സൽക്രിയകൾ അദ്ദേഹത്തിനുവേണ്ടി ചെയ്യണം.

98 സഹോദരന്മാരെ സംസ്കരിക്കുന്നതിനുവേണ്ടി പ്രത്യേക സ്ഥലമുണ്ടായിരിക്കണം. ഓരോ സഹോദരൻെറയും പേരു്, ജന്മസ്ഥലം, വ്രതംചെയ്ത തീയതി, വയസ്സു്, മരിച്ച ദിവസം ഇവ എഴുതുന്നതിനു് ഒരു പുസ്തകമുണ്ടായിരിയ്ക്കണം. അതിൽ മരിച്ചയാൾ സന്യാസാനുഷ്ഠാനത്തിൽ ശോഭിച്ചിരുന്നെങ്കിൽ അദ്ദേഹത്തിൻെറ സൽഗുണങ്ങൾ പിൻഗാമികൾക്കു് അനുകരണത്തിനു് പ്രചോദനം നൽകത്തക്കവണ്ണം ചുരുക്കമായി പ്രതിപാദിക്കണം.

99 സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറ രേഖാമൂലമായ അനുമതികൂടാതെ പുറമേയുള്ളവരെ നമ്മുടെ പള്ളികളിലോ, പ്രാർത്ഥനാലയങ്ങളിലോ സിമിത്തേരികളിലോ അടക്കരുതു്.

# രണ്ടാം ഭാഗം

# ശിക്ഷണം

## അപേക്ഷകരെ തിരഞ്ഞെടുക്കുന്ന വിധം

## ദൈവവിളിയുടെ പ്രോത്സാഹനം

## യോഗാർത്ഥി ഭവനം

100 നമ്മുടെ സഹോദരന്മാർ, പ്രത്യേകിച്ചു് കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, ദൈവവിളിയുടെ ലക്ഷണങ്ങളുള്ള കുട്ടികളെ സഭയ്ക്കു് പ്രതീക്ഷാവഹമാകത്തക്കവണ്ണം വളർത്തുന്നതിനു് പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കേണ്ടതാണു്.

101 ഓരോ പ്രവിശ്യയിലും പ്രവിശ്യാശ്രേഷ്ഠൻ തൻെറ ആലോചനാസംഘത്തിൻെറ സമ്മതത്തോടും പൊതുശ്രേഷ്ഠസംഘത്തിൻെറ അംഗീകാരത്തോടുംകൂടി വൈദികരാകാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി യോഗാർത്ഥിഭവനം സ്ഥാപിക്കുന്നതു് അഭിലഷണീയമാണു്.

102 വൈദികരാകാനുള്ള സന്യാസാർത്ഥികളെ നവസന്യാസത്തിൽ പ്രവേശിപ്പിക്കുന്നതിനുമുമ്പ് കഴിയുന്നത്ര നിശ്ചിത പാഠപദ്ധതിയനുസരിച്ച് വൈദികവൃത്തിക്കാവശ്യമായ ഭാഷകളുടെയും ഇതര വിഷയങ്ങളുടെയും പ്രാരംഭപഠനങ്ങൾ അവർക്കു നൽകണം.

## നവസന്യാസികം

103 സന്യാസാർത്ഥികളെ സാധുവായും നിയമാനുസൃതമായും സ്വീകരിക്കുന്നതിന് പൊതുനിയമങ്ങളനുസരിച്ച് ആവശ്യമായവയ്ക്കുപുറമേ നമ്മുടെ സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന നിബന്ധനകൾ ക്രമച്ചട്ടത്തിൽ നിർദ്ദേശിക്കാവുന്നതാണ്. ഇവയിൽനിന്നും ഒഴിവാക്കുന്നതിന് പൊതുശ്രേഷ്ഠനുമാത്രമേ അധികാരമുള്ളു. നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ മുൻപിൽകണ്ടു് അർത്ഥികളിൽ ഉണ്ടാകേണ്ട നല്ലഗുണങ്ങളും, അവർ നൽകേണ്ട പ്രത്യേക സാക്ഷിപത്രങ്ങളും എന്തെല്ലാമെന്നു് ക്രമച്ചട്ടത്തിൽ നിർദ്ദേശിക്കേണ്ടതാണ്.

104 അപേക്ഷകരെ സ്വീകരിക്കുന്നതിൽ റീത്തിന്റെയും വർഗ്ഗത്തിന്റെയും ജാതിയുടെയും പരിഗണനകൾ ഒന്നും ഉണ്ടാകേണ്ടതല്ല.

## അപേക്ഷകരെ പരീക്ഷിക്കുന്ന വിധം

105 മേൽശ്രേഷ്ഠൻ തന്റെ ആലോചനസംഘത്തിന്റെ ഉപദേശകവോട്ടോടുകൂടി അർത്ഥികളെ നവസന്യാസത്തിൽ സ്വീകരിക്കുന്നു.

106 ആവശ്യമായ അന്വേഷണങ്ങൾ മുൻകൂട്ടിനടത്തുകയും നിശ്ചിതസാക്ഷിപത്രങ്ങൾ സ്വീകരിക്കുകയും ചെയ്തശേഷം നവസന്യാസത്തിലേയ്ക്കു് പ്രവേശിക്കുന്നതിനുമുമ്പായി സൗകര്യമുള്ളസമയത്തു് മേൽശ്രേഷ്ഠൻ നേരിട്ടോ, ഇതിലേയ്ക്കു് അദ്ദേഹം അധികാരപ്പെടുത്തുന്ന മററാരാൾവഴിയോ സന്യാസാർത്ഥിയെ പരിശോധിക്കുകയും, സ്വഭാവത്തെയും മ

റു് ആവശ്യമായ കാര്യങ്ങളെയുംപററി അന്വേഷിക്കുകയും വേണം. പൊതുശ്രേഷ്ഠസംഘത്താൽ അംഗീകരിയ്ക്കപ്പെട്ട ഏതെങ്കിലും ചോദ്യപ്പട്ടിക ഇതിനായി ഉപയോഗിയ്ക്കാവുന്നതാണു്.

107 ഏതെങ്കിലും പ്രതിബന്ധമോ സുഖക്കേടോ ഗൌരവാവഹമായ വൈകല്യമോ കപടമായിമറച്ചുവെച്ചാൽ ഏതൊരുസമയത്തും വ്രതാനുഷ്ഠാനത്തിനുശേഷവും അത്ഥിയെ സഭയിൽനിന്നും ബഹിഷ്ക്കരിക്കാവുന്നതാണെന്നു് അയാളെ അറിയിക്കുകയും, ഇതിനു് അയാളുടെ രേഖാമൂലമായ മറുപടി കൈയൊപ്പോട്ടുകൂടി പ്രവിശ്യവക ഈട്ടവെയ്പ്പിൽ സൂക്ഷിക്കുകയുംവേണം. ഇതോട്ടുകൂടിത്തന്നെ അയാൾ പിന്നീട്ട്സഭയെ ത്യജിക്കുകയോ, സഭയിൽനിന്നു് ബഹിഷ്ക്കരിക്കപ്പെട്ടുകയോ ചെയ്യുന്നതിനിടയാകുന്നപക്ഷം ചെയ്തജോലികൾക്കു് യാതൊരുവക പ്രതിഫലവും ആവശ്യപ്പെട്ടുകയില്ലെന്നുള്ള പ്രഖ്യാപനവും അയാളുടെ കൈയൊപ്പോട്ടുകൂടി സൂക്ഷിയ്ക്കണം.

108 അപേക്ഷകരെ തിരഞ്ഞെടുക്കുന്ന ജോലി ഭരമേററിരിക്കുന്നവർ സഭയുടെ ഗുണകരവും യഥാത്ഥവുമായ അഭിവൃദ്ധിയെ പ്രഥമത ഉന്നംവയ്ക്കേണ്ടതാണു്. സഭയ്ക്കു് അനുയുക്തരായ അംഗങ്ങളുടെ സംഖ്യവദ്ധിപ്പിക്കുന്നതിനുവേണ്ട ദൈവികൗദാര്യത്തോട്ടു് സഹകരിക്കേണ്ടതാണെങ്കിലും അയോഗ്യന്മാർ സ്വീകരിക്കപ്പെടാതിരിക്കത്തക്കവിധം അപേക്ഷകരെ പ്രവേശിപ്പിക്കുന്നതിനുള്ള താല്പര്യത്തിൽ വളരെ മിതത്വം പാലിക്കുകയും വേണം.

## നവസന്യാസഭവനം

109 ഓരോ പ്രവിശ്യയ്ക്കും സ്വന്തമായ നവസന്യാസഭവനം ഉണ്ടായിരിക്കാവുന്നതാണു്.

110 പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ അഭിപ്രായമറിഞ്ഞിട്ടു് തിരുസിംഹാസനത്തിൻെറ അനുവാദത്തോട്ടുകൂടി നവസ

ന്യാസഭവനം ഏതെന്നു് നിശ്ചയിക്കേണ്ടതു് പൊതുശ്രേഷ്ഠസംഘമാണു്.

111 നവസന്യാസഭവനം ലൌകീകബഹളങ്ങളിൽനിന്നും അകന്നിരിക്കണം. കഴിയുന്നതു അതിനോടനുബന്ധിച്ചു് ബാഹ്യപ്രവൎത്തനങ്ങളൊന്നും ഉണ്ടാകരുതു്. നവസന്യാസികൾക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്നസ്ഥലം ഭവനത്തിന്റെ മററു ഭാഗങ്ങളിൽനിന്നും വേർതിരിച്ചിരിക്കണം.

112 ശ്രേഷ്ഠന്മാർ, സന്യാസാനുഷ്ഠാനതീക്ഷ്ണതയിൽ അനുകരണീയരായവരെയല്ലാതെ നവസന്യാസഭവനത്തിൽ താമസിപ്പിക്കരുതു്.

113 നവസന്യാസഭവനത്തിന്റെ ശ്രേഷ്ഠൻ വിവേകിയും സന്യാസാനുഷ്ഠാനത്തിലും സഭയോടുള്ള സ്നേഹത്തിലും മികച്ചവനും ആയിരിയ്ക്കേണ്ടതാണു്.

114 § 1. നവസന്യാസികളുടെ ഗുരു സഭാചൈതന്യം നിറഞ്ഞവനും മുപ്പത്തഞ്ചുവയസെങ്കിലും തികഞ്ഞവനും ആദ്യവ്രതാനുഷ്ഠാനത്തിനുശേഷം പത്തുവൎഷമെങ്കിലും കഴിഞ്ഞവനും സന്യാസാനുഷ്ഠാനത്തിൽ മികച്ചവനും, വിവേകം, ഉപവി, ഭക്തി, ഹൃദയവിശാലത, ഉപചാരം എന്നിവയിലും മറെറല്ലാ സുകൃതങ്ങളിലും പ്രശോഭിതനുമായ ഒരു വൈദികനായിരിയ്ക്കണം. കൂടാതെ,അദ്ദേഹം പഠനങ്ങളിൽ, പ്രത്യേകിച്ചു് ആദ്ധ്യാത്മികദൈവശാസ്ത്രത്തിലും മനശ്ശാസ്ത്രത്തിലും സന്യാസജീവിതത്തിന്റെ വിവിധവശങ്ങളിലും നല്ലഅറിവുള്ളവനുമായിരിക്കണം.

§ 2 നവസന്യാസികളുടെ സംഖ്യനിമിത്തമോ മററു ന്യായമായ കാരണത്താലോ യുക്തമെങ്കിൽ നവസന്യാസികളുടെ ഗുരുവിനു് ഒരുസഹായിയെ നല്കാവുന്നതാണു്. അദ്ദേഹം നവസന്യാസികളുടെ ശിക്ഷണം സംബന്ധിക്കുന്നവയിൽ ഗുരുവിനു് നേരിട്ടു് കീഴ്പ്പെട്ടിരിക്കേണ്ടതാണു്. അദ്ദേഹം മുപ്പതുവയസെങ്കിലും പ്രായമുള്ളവനും ആദ്യവ്രതമനു

ഷ്ഠിച്ചിട്ട് അഞ്ചുവഷമെങ്കിലും തികഞ്ഞവനും ആവശ്യകവും അനുയോജ്യവുമായ മററുഗുണങ്ങൾ ഉള്ളവനും ആയിരിക്കണം. നവസന്യാസാവ്രതിക്കുള്ളിൽ അദ്ദേഹത്തിനു് താമസിക്കാവുന്നതാണു്.

§ 3 നവസന്യാസികളുടെ വളത്തലിനു് വിഘാതമായേക്കാവുന്ന എല്ലാജോലികളിൽനിന്നും നവസന്യസികളുടെ ഗുരുവും, അതുപോലെതന്നെ സഹായിയും ഒഴിഞ്ഞിരിക്കേണ്ടതാണു്.

§ 4 നവസന്യസികളുടെ ഗുരുവിനെ പ്രവിശ്യാസംഘം തിരഞ്ഞെടുക്കണം. ഉദ്യോഗകാലാവധി, മൂന്നുവഷത്തേയ്ക്കു്. മൂന്നുവഷത്തിനിടയിൽ; ഏതെങ്കിലുംവിധത്തിൽ ജോലിക്കു് അപ്രാപ്തനായാൽ, പകരം മറെറാരാളെ പ്രവിശ്യാശ്രേഷ്ഠസംഘം നിശ്ചയിക്കണം. നവസന്യാസഗുരുവിൻെറ സഹായിയെ, പ്രവിശ്യാശ്രേഷ്ഠസംഘമാണു് തിരഞ്ഞെടുക്കേണ്ടതു്.

115 § 1 നവസന്യാസികൾ ഗുരുവിൻെറയും സഭയുടെ ശ്രേഷ്ഠന്മാരുടെയും അധികാരത്തിനു് വിധേയരായിരിക്കുകയും അവരെ അനുസരിക്കുകയും ചെയ്യേണ്ടതാണു്.

§ 2 നവസന്യാസികളുടെ ശിക്ഷണം സംബന്ധിച്ച് വേണ്ടതുചെയ്യുക ഗുരുവിൻെറമാത്രം അവകാശവും കത്തവ്യവുമായിരിക്കുന്നു. നവസന്യാസത്തിൻെറ നിയന്ത്രണം, അദ്ദേഹത്തെ മാത്രം ആശ്രയിച്ചിരിക്കുകയുംചെയ്യുന്നു. അതുകൊണ്ടു് നിയമം അനുവദിക്കുന്ന ശ്രേഷ്ഠന്മാക്കും, ഔദ്യോഗിക സന്ദശ്കന്മാക്കുമല്ലാതെ, മററാക്കും ഈ കാര്യത്തിൽ യാതൊരു ന്യായത്താലും ഇടപെടാൻ പാടില്ല.

§ 3. എന്നാൽ ഭവനത്തിൻെറ പൊതുക്രമം സംബന്ധിച്ചിടത്തോളം ഗുരുവും സഹായിയും നവസന്യാസികളും ഭവനത്തിൻെറ ശ്രേഷ്ഠനു് കീഴ്പ്പെട്ടിരിക്കുന്നു. നവസന്യാസികളെ സംബന്ധിക്കുന്ന സംഗതികളിൽ ഗുരുവിനോടാ

ലോചിക്കാതെ, ശ്രേഷ്ഠൻ എന്തെങ്കിലും പ്രവത്തിക്കുക യോ, നിശ്ചയിക്കുകയോചെയ്യരുതു്. ഗുരുവിനോടുള്ള നവ സന്യാസികളുടെ ബഹുമാനത്തിനു് ക്ഷതംവരുത്തുകയും അ രുതു്.

§ 4. മററു വൈദികർ നവസന്യാസികളിൽ വല്ല തെററും കാണുന്നെങ്കിൽ അതു രഹസ്യമായി ശ്രേഷ്ഠനേ യോ ഗുരുവിനേയോ അറിയിക്കണം.

116 സഭയ്ക്കു് അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ആനുകൂല്യങ്ങൾ ക്കും ആത്മീയനന്മകൾക്കും നവസന്യാസികൾ അഹ്രരാണു്. നവസന്യാസികളിൽ ആരെങ്കിലും മരിക്കുന്നതായാൽ, വ്രതാ നുഷ്ഠായികൾക്കുള്ള ശേഷക്രിയകൾതന്നെ അവക്കുവേണ്ടി യും ചെയ്യണം.

## നവസന്യാസികളുടെ ശിക്ഷണവും വ്രതാനുഷ്ഠാനവും

### നവസന്യാസാരംഭം

117 എട്ടു പൂണ്ണദിവസം, ആദ്ധ്യാത്മികാഭ്യാസങ്ങൾക്കായി ചെലവഴിച്ചശേഷം, സഭാവസ്ത്രസ്വീകരണത്തോടെ നവസ ന്യാസം ആരംഭിക്കുന്നു. അതിൻെറ സാധുതയ്ക്കായി കാനോൻ നിയമങ്ങൾക്കനുസ്രതമായി ഒരു കൊല്ലം പൂണ്ണമായും തുടച്ച യായും നവസന്യാസഭവനത്തിൽ കഴിക്കേണ്ടതാണു്.

### സന്യാസശിക്ഷണം

118 സന്യാസജീവിതത്തിൻെറ പൊതുവായ കടമകളെപ്പ ററിയുള്ള നിയമങ്ങൾമാത്രമല്ല, പിന്നെയോ, നമ്മുടെ സഭ യുടെ പ്രത്യേക അരൂപിയെക്കുറിച്ചും നവസന്യാസികളെ നി ശ്ചിതപദ്ധതിയനുസരിച്ചു് ശരിയായവിധം പഠിപ്പിക്കുന്നതി നും അഭ്യസിപ്പിക്കുന്നതിനും സർവ്വശ്രദ്ധയുംചെലുത്തുവാൻ നവസന്യാസഗുരുവിനു് ഗൗരവാവഹമായ കടമയുണ്ടു്.

സർവ്വോപരി നവസന്യാസികൾ, മിശിഹായുടെ സ്നേഹത്തിൽ പൂരിതരാകട്ടെ. കൂടാതെ, തിരുസ്സഭയുടെ നന്മയെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ തീക്ഷ്ണതയാൽ പ്രചോദിതരായി, മൌതികശരീരത്തിൽ ഇന്നത്തെച്ചുററുപാടിൽ തങ്ങൾക്കുള്ള കടമകളെപ്പററി തെളിവായിഗ്രഹിക്കുവാൻ നവസന്യാസികൾ പ്രാപ്തരാകട്ടെ.

നവസന്യാസികൾ, നമ്മുടെ സഭയുടെ സാമൂഹ്യവും അപ്പസ്തോലികവുമായ ജീവിതം നയിക്കുന്നതിനും പുണ്യങ്ങളുടെയും സന്യാസജീവിതത്തിൻെറ കടമകളുടെയും അഭ്യസനം പൂർണ്ണമായി പ്രാപിക്കുന്നതിനും ഉതകുന്നവിധത്തിൽ സന്യാസശിക്ഷണം സമഗ്രമായിരിക്കണം. ക്രമച്ചട്ടങ്ങൾ ഈ ശിക്ഷണത്തിൻെറ രൂപരേഖ കൂടുതൽ വ്യക്തമായി വരച്ചുകാണിക്കണം.

119 നവസന്യാസികൾ, ഗുരു നിശ്ചയിക്കുന്ന സമയത്തു് അദ്ദേഹത്തോടു തനിച്ചു് ചർച്ചകൾ നടത്തേണ്ടതാണു്. നവസന്യാസികളുടെ നിയന്ത്രണത്തിൽ ഭക്ത്യഭ്യാസങ്ങളുടെ ബാഹുല്യവും സന്യാസാനുഷ്ഠാനത്തിൽ നല്ലമനസ്സുള്ള യുവാക്കന്മാരെ ഭയപ്പെടുത്തിയകററുന്ന തപോജീവിതരീതികളും നവസന്യാസഗുരു വിവേകപൂർവ്വം പരിവർജ്ജിക്കണം. കൂടാതെ അവരുടെ ദുർഗ്ഗുണങ്ങളിൽമാത്രമല്ല, പുണ്യങ്ങളിലും സ്വാഭാവികഗുണങ്ങളിലും ശ്രദ്ധപതിച്ചുകൊണ്ടു്, ഓരോരുത്തരേയും സഭയുടെ സ്വഭാവത്തിനനുസൃതമായി പുണ്യപൂർണ്ണതയിലേക്കു നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ജാഗ്രത വയ്ക്കണം.

## ഭവനത്തിലെ ക്രമീകരണം

120 § 1. നവസന്യാസികൾക്കു് ആശ്രമത്തിനു പുറത്തുള്ളവരുമായി വളരെ അപൂർവ്വമായിമാത്രമേ എഴുത്തുകുത്തുകളും സംസർഗ്ഗവും അനുവദിക്കാവൂ. നവസന്യാസകാലത്തു് ലൗകികരുമായി സമ്പർക്കം ആവശ്യപ്പെടുന്ന ജോലികൾ നവസന്യാസികൾ ചെയ്യേണ്ടതല്ല.

§ 2. പ്രത്യേക കാരണവും ശ്രേഷ്ഠൻെറയോ ഗുരുവിൻെറയോ അനുമതിയും കൂടാതെ വ്രതാനുഷ്ഠായികളോട് നവസന്യാസികൾക്കും നവന്യാസികളോട്ട് വ്രതാനുഷ്ഠായികൾക്കും യാതൊരു സമ്പൎക്കവും ഉണ്ടാകേണ്ടതല്ല.

§ 3 സാധിക്കുന്നിടത്തോളം സഭ മുഴുവനിലും നവസന്യാസികളുടെ പരിശീലനം ഒരേ രീതിയിലാക്കുവാൻ മേൽശ്രേഷ്ഠന്മാർ ശ്രദ്ധിക്കേണ്ടതാണ്.

## കുമ്പസാരക്കാർ

121 ഗുരുവിൻെറ ആലോചനയോടും പൊതുവായ നിയമങ്ങൾക്കനുസൃതമായും നവസന്യാസികളുടെ എണ്ണത്തിനു് ആനുപാതികമായി സാധാരണ കുമ്പസാരക്കാരെയും അവരെക്കൂടാതെ വേറെ ചിലരെയും സ്ഥലശ്രേഷ്ഠൻ നിശ്ചയിക്കുന്നു. എന്നാൽ അസാധാരണ കുമ്പസാരക്കാരെ നിശ്ചയിക്കേണ്ടതു് മേൽശ്രേഷ്ഠനാണ്.

122 നവസന്യാസഗുരുവും, സഹായിയും, നവസന്യാസികൾ ഗൗരവമായ കാരണത്താൽ പ്രത്യേക സന്ദർഭങ്ങളിൽ സ്വമേധയാ ആവശ്യപ്പെട്ടമ്പോഴല്ലാതെ, തങ്ങളോട്ടുകൂടി ഒരേ ഭവനത്തിൽ വസിക്കുന്ന ഇവരുടെ കുദാശസ്കൂട്ടത്ത പാപോച്ചാരണം കേൾക്കേണ്ടതല്ല.

123 ഒരു നവസന്യാസി ആത്മസമാധാനത്തിനായി രൂപതാദ്ധ്യക്ഷൻെറ അധികാരമുള്ള ഏതെങ്കിലുമൊരു വൈദികൻെറ പക്കൽ പാപോച്ചാരണം നടത്തിയാൽ നിശ്ചയിക്കപ്പെട്ടുന്നവരുടെ ഗണത്തിൽ അദ്ദേഹം ഉൾപ്പെട്ടുന്നില്ലെങ്കിലും, കുമ്പസാരം സാധുവും നിയമാനുസൃതവുമായിരിക്കും.

## ഭൗതിക വസ്തുക്കളെക്കുറിച്ചുള്ള ക്രമീകരണങ്ങൾ

124 നവസന്യാസികൾ കൊണ്ടുവരുന്നവയെല്ലാം ഒരു നിശ്ചിത പുസ്തകത്തിൽ കൃത്യമായി രേഖപ്പെട്ടുത്തേണ്ടതും അവർ വ്രതം അനുഷ്ഠിക്കാതെ വിട്ടുപോകയാണെങ്കിൽ അവ

യിൽ ഉപയോഗംകൊണ്ടു് നഷ്ടീഭവിക്കാത്തതു് അവക്കു തിരിയെ കൊടുക്കേണ്ടതുമാണു്.

125 സന്യാസാത്ഥികളുടെയോ, നവസന്യസികളുടെയോ ഗണത്തിൽ പ്രവേശിക്കുന്ന അപേക്ഷകന്മാരിൽനിന്നു് ഭക്ഷണച്ചെലവിനും വസ്ത്രത്തിനുമായി ഉഭയസമ്മതപ്രകാരം നിശ്ചയിച്ച വല്ലതും ആവശ്യപ്പെടാവുന്നതാണു്.

126 ഭൗതികവസ്തുക്കളുടെ നടത്തിപ്പു് ഒഴിഞ്ഞുകൊടുക്കൽ, മരണ പത്രിക, എന്നിവകളിൽ നവസന്യാസികളെ സംബന്ധിച്ചുള്ള പൊതുനിയമങ്ങളും നമ്മുടെ നിയമങ്ങളും പാലിക്കപ്പെടേണ്ടതാണു്.

## പരീക്ഷണം

127 നവസന്യാസവഷത്തിൽ എപ്പോഴെങ്കിലും ആശ്രമശ്രേഷ്ഠനെയും പ്രവിശ്യാശ്രേഷ്ഠനെയും മുൻകൂട്ടി അറിയിച്ച ശേഷം നവസന്യാസിക്കു സ്വതന്ത്രമായി സഭ വിട്ടുപോകാൻ പാടുണ്ടു്. ഇപ്രകാരംതന്നെ ആരെങ്കിലും അയോഗ്യനെന്നു തെളിയുന്നപക്ഷം പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ ഉപദേശക വോട്ടോടുകൂടി പ്രവിശ്യാശ്രേഷ്ഠനു് ആ ആളെ ബഹിഷ്കരിക്കാവുന്നതാണു്. സമൂഹത്തിനു് ഗൗരവാവഹമായ ദുമ്മാതൃകക്കു ഇടയാകുന്ന സന്ദഭങ്ങളിൽ ആശ്രമസംഘത്തിൻെറ നിണ്ണായകവോട്ടോടുകൂടി പ്രവിശ്യാശ്രേഷ്ഠനെ അറിയിച്ചുകൊണ്ടു് ആശ്രമശ്രേഷ്ഠനു് ഒരാളെ ബഹിഷ്കരിക്കുവാൻ പാടുണ്ടു്.

128 § 1 മൂന്നാം മാസംതോറും നവസന്യാസഗുരു ഓരോരുത്തരുടെയും വ്യാപാരം സംബന്ധിച്ചു് റിപ്പോർട്ടു് പ്രവിശ്യാശ്രേഷ്ഠനു് അയച്ചുകൊടുക്കേണ്ടതാണു്.

§ 2. ആറാംമാസാന്ത്യത്തിൽ നവസന്യാസഗുരു ശ്രേഷ്ഠനോടാലോചിച്ചു് ആരെയെല്ലാം ഉപരിയായ പുരോഗതിക്കുവേണ്ടി അനുശാസിക്കേണ്ടതായുണ്ടെന്നു് നോക്കുകയും അവരെ രഹസ്യത്തിൽ അനുശാസിക്കുകയുംവേണം.

§ 3 പത്താം മാസാരംഭത്തിൽ നവസന്യാസി ആദ്യ വ്രതാനുഷ്ഠാനത്തിന് തന്നെ സ്വീകരിക്കണമെന്ന് വിനയപൂർവ്വം ശ്രേഷ്ഠനോട്ട് രേഖാമൂലം അപേക്ഷിക്കണം.

129 § 1 വ്രതാനുഷ്ഠാനത്തിന് ഏകദേശം രണ്ടുമാസം മുമ്പ് നവസന്യാസികളുടെകാര്യം ആശ്രമസംഘത്തിൽ വെളിപ്പെടുത്തുകയും രഹസ്യക്കുറി മൂലം ആരെല്ലാമാണ് ഒരു വർഷത്തേയ്ക്കുള്ള വ്രതാനുഷ്ഠാനത്തിന് അർഹരെന്ന് ആരായേണ്ടതുമാണ്.

§ 2 ആശ്രമശ്രേഷ്ഠൻ കുറിയുടെ ഫലം മേൽശ്രേഷ്ഠന് അയച്ചുകൊടുക്കേണ്ടതാണ്. ആശ്രമശ്രേഷ്ഠനും നവസന്യാസഗുരുവും, ആവശ്യമാണെന്നു തോന്നുന്നപക്ഷം മററു വൈദികരും സ്വന്ത അഭിപ്രായം പ്രവിശ്യാശ്രേഷ്ഠസംഘത്തിന് അയച്ചുകൊടുക്കേണ്ടതാണ്. മേൽ ശ്രേഷ്ഠൻ സ്വന്തആലോചനാസംഘത്തോടുകൂടെ വ്രതാനുഷ്ഠാനത്തിനു സ്വീകരിക്കേണ്ട ഓരോരുത്തരെ സംബന്ധിച്ചും നിശ്ചയമെടുക്കുന്നു. പ്രഥമവ്രതവാഗ്ദാനത്തിന് ആലോചനാസംഘത്തിൻെറ തീരുമാനം നിർണ്ണായകമായിരിക്കും.

130 പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ നിർണ്ണായകവോട്ടനുസരിച്ച് അപേക്ഷകൾ അംഗീകരിക്കപ്പെട്ടാലും, മേൽശ്രേഷ്ഠനു തനിക്കറിയാവുന്ന ഗൗരവാവഹമായ കാരണങ്ങളെ പ്രതി അയാളെ ബഹിഷ്കരിക്കാവുന്നതാണ്.

131 § 1. കുറിയിടുന്നവർ അപേക്ഷകന്മാർക്ക് ആവശ്യമായ ഗുണങ്ങൾ ഉണ്ടോ എന്നു് ശ്രദ്ധാപൂർവ്വം പരിശോധിക്കുവാൻ മനഃസ്സാക്ഷിയിൽ ഗൗരവാവഹമായി കടപ്പെട്ടുന്നു.

§ 2. വിഷയാസക്തിയിലേയ്ക്കു് പ്രത്യേക ചാച്ചിലുള്ളവരെയും, കൂട്ടത്തിൽ സമാധാനത്തിന് ഹാനിവരുത്തുന്നവരെയും, മററുള്ളവരോട്ട് സഹകരിക്കുവാൻ വളരെ പ്രയാസമുള്ളവരെയും, അഹങ്കാരികളെയും, വിധേയമനസ്സോട്ടുകൂടെ

തിരുത്തലുകൾ സ്വീകരിക്കാത്തവരെയും, മററുള്ളവരെപ്പററി വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവരെയും, ആദ്ധ്യാത്മികാഭ്യാസങ്ങളെപ്പററി വേണ്ടമതിപ്പ് പ്രദർശിപ്പിക്കാത്തവരെയും, അതുപോലെതന്നെ വിശ്വാസയോഗ്യരല്ലാത്തവരെയും, സ്വാഭിപ്രായത്തെ അമിതമായി മുറുകെ പിടിക്കുന്നവരെയും, വിഷാദഭരിതരായി വ്യാപരിക്കുന്നവരെയും യാതൊരുവിധത്തിലും സ്വീകരിക്കേണ്ടതല്ല.

## വ്രതാനുഷ്ഠാനം

132 § 1. ആദ്യവ്രതാനുഷ്ഠാനത്തിന് അനുവാദം ലഭിക്കുന്നവർ എട്ടുപൂർണ്ണദിവസത്തെ ആദ്ധ്യാത്മികാഭ്യാസങ്ങൾ കഴിച്ച് ഒരുങ്ങുകയും, നവസന്യാസത്തിന്റെ കാനോനികവർഷം തികയുമ്പോൾ നവസന്യാസഭവനത്തിൽ വച്ചുതന്നെ പൊതുശ്രേഷ്ഠൻ സന്നിഹിതനെങ്കിൽ അദ്ദേഹത്തിന്റെ മുമ്പാകെ, അല്ലെങ്കിൽ പ്രവിശ്യാശ്രേഷ്ഠന്റെയോ, അദ്ദേഹത്തിന്റെ പ്രതിനിധിയുടെയോ മുമ്പാകെ ഒരാണ്ടത്തേയ്ക്ക് സാമാന്യവ്രതങ്ങൾ അനുഷ്ഠിക്കുകയുംചെയ്യുന്നു.

§ 2. വ്രതാനുഷ്ഠാനവാചകത്തോടുകൂടെ സ്ഥാനമാനങ്ങൾ അന്വേഷിക്കുകയില്ല എന്ന എളിമയുടെ പ്രതിജ്ഞ കൂടെ ചേർക്കണം.

§ 3. അപേക്ഷകനും, വ്രതാനുഷ്ഠാനം സ്വീകരിക്കുന്ന ശ്രേഷ്ഠനും കൈയൊപ്പുവച്ച വ്രതാനുഷ്ഠാനരേഖ പ്രവിശ്യവക ഈട്ടുവയ്പിൽ സൂക്ഷിക്കേണ്ടതാണ്.

133 മരണാപകടത്തിലാകുന്ന നവസന്യാസിയെ വ്രതാനുഷ്ഠാനംചെയ്യുവാൻ സ്വന്തമേൽശ്രേഷ്ഠന്മാർക്കനുവദിക്കാം. എന്നാൽ അവരെ സമീപിക്കുവാൻ സമയം അനുവദിക്കുന്നില്ലെങ്കിൽ സ്ഥലശ്രേഷ്ഠനും ഇപ്രകാരം അനുവാദം കൊടുക്കാവുന്നതാണ്. ഇപ്രകാരം പറഞ്ഞൊപ്പുചെയ്കയാൽ പ

റഞ്ഞൊപ്പുചെയ്തു നമ്മുടെ മററു സഭാംഗങ്ങൾ അനുഭവിക്കു ന്ന ദണ്ഡവിമോചനങ്ങൾക്കും, ആനുകൂല്ല്യങ്ങൾക്കും, ആത്മീയവരങ്ങൾക്കും അഹ്നനാണ്. എന്നാൽ രോഗി സുഖംപ്രാപിക്കുന്നെങ്കിൽ പറഞ്ഞൊപ്പ് ദുർബലപ്പെട്ടുന്നു.

134 § 1. ആദ്യവ്രതമനുഷ്ഠിച്ചവരെ ഒരു വഷത്തേയ്ക്ക് നവസന്യാസഭവനത്തിൽത്തന്നെ നവസന്യാസികളിൽനിന്നു് വേർതിരിച്ചു് താമസിപ്പിക്കണം. അവർ നവസന്യാസഗുരുവിനു് അധീനരായിരിക്കും. എങ്കിലും നവസന്യാസഗുരുവിനു് തൻെറ ജോലിയിൽ സഹായിയായി ഒരാളെ പ്രവിശ്യാശ്രേഷ്ഠസംഘം നിശ്ചയിക്കണം. ഈയവസരത്തിൽ അവർ പഠനപദ്ധതിയനുസരിച്ചുള്ള വിഷയങ്ങൾ പഠിക്കണം.

§ 2. പുരോഹിതപട്ടം സ്വീകരിച്ചശേഷമോ, വൈദികപഠനം പൂർത്തിയാക്കിയിട്ടോ, ആദ്യവ്രതമനുഷ്ഠിക്കാത്തവർ പിന്നീടുള്ള കൊല്ലങ്ങളിൽ നിത്യവ്രതംവരെ എവിടെ താമസിക്കണമെന്നും, ഏതെല്ലാം പഠനങ്ങളിലോ, ജോലികളിലോ, ഏർപ്പെടണമെന്നുമുള്ള സംഗതി പ്രവിശ്യാശ്രേഷ്ഠൻ വിവേകപൂർവ്വം തീരുമാനിക്കേണ്ടതാണ്.

# വിദ്യാർത്ഥികളുടെ ശിക്ഷണം

## പഠനഗൃഹം

135 § 1. പഠനഗൃഹം സഭയ്ക്കുമുഴുവനും പൊതുവായിരിക്കുകയും, പൊതുശ്രേഷ്ഠനു് നേരിട്ടു് വിധേയമായിരിക്കുകയുംവേണം. ഏതെങ്കിലുമൊരു പ്രവിശ്യയ്ക്കു് ഒരു പഠനഗൃഹം വേണമോയെന്നു് തിരുസിംഹാസനത്തിൻെറ അംഗീകരണത്തോട്ടുകൂടെ നിശ്ചയിക്കേണ്ടതു് പൊതുസംഘമാണ്.

§ 2. ഒരു ഭവനത്തിൽതന്നെ തത്ത്വശാസ്ത്രപഠനവും, ദൈവശാസ്ത്രപഠനവും നടത്തുന്നെങ്കിൽ, വിദ്യാത്ഥികളുടെ സംഖ്യ മതിയാകുന്നപക്ഷം തത്ത്വശാസ്ത്രം പഠിക്കുന്നവരെ, ദൈവശാസ്ത്രം പഠിക്കുന്നവരിൽനിന്നു് വേർതിരിക്കണം.

136 പഠനഗൃഹത്തിലെ പ്രിയോർ അഥവാ, റെക്ടർ പൊതുസംഘത്താൽ നിയമിക്കപ്പെടണം. അദ്ദേഹം വളരെ വിവേകമുള്ളവനും സന്യാസാനുഷ്ഠാനത്തിലും സഭയോടുള്ള സ്നേഹത്തിലും മികച്ചവനും ആയിരിക്കുന്നതുകൂടാതെ, ആശ്രമഭരണത്തിൽ മാത്രമല്ല പഠനവിഷയങ്ങളിലും, പഠനാഭ്യാസങ്ങളിലുംകൂടെ ആദ്ധ്യക്ഷ്യം വഹിക്കത്തക്ക പാണ്ഡിത്യമുള്ളവനുമായിരിക്കണം.

137 എല്ലാവിദ്യാൎത്ഥികളുടെയും ശിക്ഷണത്തിൽ ജാഗരൂകനായിരിക്കുവാനുള്ള കടമ റെക്ടറിനുണ്ട്. പൊതുശ്രേഷ്ഠന്, പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോടുകൂടെയും റെക്ടറിനോട് ആലോചിച്ചശേഷവും സഹായത്തിനായി വൈസ്റെക്ടറെ നിയമിക്കുവാൻ പാടുണ്ട്. വൈസ്റെക്ടർ പൊതുവെ റെക്ടൎക്ക് സഹായിയായിരിക്കുന്നതുകൂടാതെ, റെക്ടർ സ്ഥലത്തില്ലാത്ത അവസരങ്ങളിൽ കൂട്ടത്തിലെ തലസ്ഥാനിയായി വൎത്തിക്കുന്നു. റെക്ടൎക്ക് യുക്തമെന്നു തോന്നുന്നെങ്കിൽ, തത്ത്വശാസ്ത്രവിഭാഗത്തിൻേറയൊ, ദൈവശാസ്ത്രവിഭാഗത്തിൻെറയോ പ്രത്യേക മേൽനോട്ടമോ, മററിതുപോലുള്ള റെക്ടറുടെ ജോലിയുടെ ഏതെങ്കിലും ഒരുഭാഗമോ, വൈസ്റെക്ടറെ ഏല്പിക്കുവാൻ പാടുണ്ട്.

138 വൈസ്റെക്ടർ ആശ്രമശ്രേഷ്ഠസംഘത്തിലെ ഔദ്യോഗിക അംഗമാണ്. ഇപ്രകാരമുള്ള അവസരത്തിൽ ആശ്രമശ്രേഷ്ഠസംഘത്തിലേയ്ക്കു് മൂന്ന് ആലോചനക്കാരെയാണ് തിരഞ്ഞെടുക്കുന്നത്.

139 § 1. അംഗങ്ങളുടെ എണ്ണമനുസരിച്ച് വിദ്യാൎത്ഥികളെ പല വിഭാഗങ്ങളായി വിഭജിക്കണം. മേൽനോട്ടം വഹിക്കുന്നതിനായി ഓരോ വിഭാഗത്തിനും വിദ്യാൎത്ഥികളുടെ ഗുരുവായ ഒരാൾ ഉണ്ടാകണം. ഇദ്ദേഹം സന്ദൎഭോചിതമായ ശാസനകളും, ബോധനങ്ങളും, ഉപദേശങ്ങളുംവഴി വിദ്യാൎത്ഥികളെ സന്യാസജീവിതചൈതന്യത്തിൽ വളൎത്തുന്നതുകൂടാതെ, വിദ്യാൎത്ഥികളുടെ ബാഹ്യശിക്ഷണംകൂടെയും

നടത്തണം. ഇപ്രകാരം ആദ്ധ്യാത്മികാഭ്യാസനവും, പരിശീലനവും ശിക്ഷണവും നല്ലുന്നതുവഴി നവസന്യാസഗുരുവിൻെറ ജോലി ഒരു വിധത്തിൽ അദ്ദേഹം തുടൻകൊണ്ടിരിക്കണം.

§ 2. റെക്ടറുടെ അഭിപ്രായം ആരാഞ്ഞശേഷം പൊതുശ്രേഷ്ഠൻ പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോട്ടുകൂടെ ഗുരുവിനെ നിശ്ചയിക്കണം. ഇദ്ദേഹത്തിനു് നവസന്യാസഗുരുവിനു് ഉണ്ടായിരിക്കണമെന്നു് നിർദ്ദശിച്ചിട്ടുള്ള ഗുണങ്ങളെല്ലാം ഉണ്ടായിരിക്കേണ്ടതാണു്.

§ 3. തത്ത്വശാസ്ത്രം പഠിക്കുന്നവർക്കായി ആഴ്ചയിൽ ഒരിക്കലും, ദൈവശാസ്ത്രം പഠിക്കുന്നവർക്കുവേണ്ടി രണ്ടാഴ്ചയിൽ ഒരിക്കലും പൊതുവായി ഗുരുവിൻെറ ഉപദേശമോ, അനുശാസനമോ ഉണ്ടാകണം.

§ 4. ഓരോ വിദ്യാർത്ഥിയും ഗുരുനിശ്ചയിക്കുന്ന സമയങ്ങളിൽ അദ്ദേഹത്തോട്ട തനിച്ചു് ആലോചന ചോദിക്കേണ്ടതാണു്.

§ 5. വ്രതാനുഷ്ഠായികളായ തത്ത്വശാസ്ത്രവിഭാഗക്കാർ ഗുരുവിൻെറ പ്രത്യേക സംരക്ഷണയിൽ ആയിരിക്കുകയും അടുത്തടുത്തു് അദ്ദേഹത്തോട്ടു് സമ്പർക്കം പുലർത്തുകയും ചെയ്യണം.

140 പഠനഗൃഹത്തിൽ സന്യാസജീവിതക്രമം പൂർണ്ണമായും പാലിക്കപ്പെടണം. സന്യാസാനുഷ്ഠാനത്തിൽ മാതൃകായോഗ്യന്മാരായവരെമാത്രമേ ശ്രേഷ്ഠന്മാർ അവിടെ താമസിപ്പിക്കാവൂ. എല്ലാസന്യാസികൾക്കുംവേണ്ടി സമൂഹജീവിതത്തെക്കുറിച്ചു് നിർദ്ദേശിച്ചിട്ടുള്ളവ പഠനഗൃഹത്തിൽ ഏററം പൂർണ്ണമായി പാലിക്കപ്പെടുന്നതിനു് ജാഗ്രതയോടെ ശ്രദ്ധിക്കുകയും വേണം.

141 വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചു് സ്ഥലശ്രേഷ്ഠൻ പലരെ സാധാരണകുമ്പസാരക്കാരായി നിശ്ചയിക്ക

ണം. പഠനത്തിലും, പുണ്യത്തിലും, വിവേകത്തിലും മികച്ചു നില്ക്കുന്ന കുറെ കുമ്പസാരക്കാരെ പ്രത്യേകവിധം ആത്മനിയന്താക്കളായി നിയമിക്കണം. ഇപ്രകാരം നിയമിതരായ ആത്മനിയന്താക്കളുടെപക്കൽ മനഃസ്സാക്ഷിയെ ആന്തരികമായി ബാധിക്കുന്ന കാര്യങ്ങളിൽ ആത്മനിയന്ത്രണത്തിനായി വിദ്യാത്ഥികൾക്കു് പോകുവാൻ സ്വാതന്ത്ര്യമുണ്ടു്. വർഷങ്ങൾകഴിയുന്തോറും വിദ്യാത്ഥികൾ ആത്മനിയന്താവിൻെറ സഹായം കൂടുതൽ കൂടുതൽ തേടണം. ഇങ്ങനെ സ്വമേധയാ അദ്ദേഹത്തോടുള്ള ബന്ധം പുലത്തുന്ന പതിവു് സമ്പാദിക്കണം.

ഇപ്രകാരംതന്നെ പ്രത്യേകാവസരങ്ങളിൽ (പ്രത്യേക കാരണങ്ങളാലോ മറേറാ) വിദ്യാത്ഥികൾക്കു് സ്വതന്ത്രമായി സമീപിക്കുവാൻ സാധിക്കാത്തവിധം മററു ചില കുമ്പസാരക്കാരെക്കൂടെ റെക്ടർ നിശ്ചയിക്കേണ്ടതാണു്.

റെക്ടറും, വൈസ്റെക്ടറും, ഗുരുവും വിദ്യാത്ഥികൾ സ്വമനസ്സാലെ ആവശ്യപ്പെടുന്നില്ലെങ്കിൽ അവരുടെ കുമ്പസാരം കേൾക്കരുതു്. മാത്രമല്ല ഗൗരവാവഹമായ കാരണമില്ലെങ്കിൽ ഇതു പതിവായി നടത്തുകയുമരുതു്.

142 പഠനകാര്യങ്ങളുടെ പ്രീഫെക്റ്റിനെ പൊതുശ്രേഷ്ഠൻ റെക്ടറോടാലോചിച്ചശേഷവും പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോടുകൂടെയും നിയമിക്കുന്നു. പ്രൊഫസർമാരെ പൊതുശ്രേഷ്ഠൻ നിയമിക്കുന്നു.

143 പഠനപദ്ധതി സംബന്ധിച്ചുള്ള ക്രമച്ചട്ടങ്ങൾ ശ്ലൈഹികസിംഹാസനത്തിൻെറ നിർദ്ദേശമനുസരിച്ചും ഈ നിയമാവലിയുടെ വെളിച്ചത്തിലും നിയമിക്കേണ്ടതു് പൊതുസംഘത്തിൻെറ ചുമതലയാണു്.

144 പ്രവിശ്യാശ്രേഷ്ഠനോടാലോചിച്ചുകൊണ്ടു്, പൊതുശ്രേഷ്ഠൻെറ തീരുമാനമനുസരിച്ചു് തത്വശാസ്ത്രപഠനാനന്തരം സാധാരണ പഠനങ്ങളിൽനിന്നു് വിരമിച്ചു്, ക്രമച്ചട്ട

ങ്ങളിലെനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു്, പ്രായോഗിക ജീവിതത്തിലെ വിവിധാഭ്യാസങ്ങൾവഴി കൂടുതൽ പൂർണ്ണമായ ശിക്ഷണം സിദ്ധിക്കുന്നതിനുവേണ്ടിയോ, ഉപരിപഠനത്തിനുവേണ്ടിയോ വിദ്യാർത്ഥിതൾക്കു് കുറേക്കാലം ചെലവഴിക്കാവുന്നതാണു്. എന്നാൽ ഈ കാലാവധി പൊതുശ്രേഷ്ഠൻ മററുവിധത്തിൽ തീരുമാനിക്കുന്നില്ലെങ്കിൽ ഉപരിപഠനത്തിൻെറകാര്യത്തിലൊഴിച്ചു് രണ്ടുവർഷത്തിലധികം ദീർഘിക്കേണ്ടതല്ല.

145 ദൈവശാസ്ത്രപഠനത്തിൻെറ നാലാംവർഷം പൂർത്തിയാക്കിയ യുവവൈദികരെ പൊതുശ്രേഷ്ഠൻ നിശ്ചയിക്കുന്ന ഭവനത്തിലേയ്ക്കു് അയയ്ക്കുകയും അവിടെ അവർ ക്രമചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന സമയത്തേയ്ക്കും അതിൽ നല്കിയിരിക്കുന്ന പരിപാടിയനുസരിച്ചും ആദ്ധ്യാത്മികകാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ഒരു വൈദികൻെറകീഴിൽ ചൈതന്യനവീകരണം സാധിക്കുന്നതോടെ പ്രായോഗികജീവിതത്തെപ്പററി കൂടുതൽ അറിവു സമ്പാദിക്കുകയും കൂദാശകളുടെ പരികർമ്മത്തിലും ദൈവവചനം പ്രസംഗിക്കുന്നതിനുള്ള വിവിധരീതികളിലും പരിശീലനം നേടുകയുംവേണം.

## വ്രതാനുഷ്ഠാനവും പട്ടവും

146 സന്യാസവ്രതാനുഷ്ഠാനത്തിനുള്ളവരുടെ അപേക്ഷകൾ സ്വീകരിച്ചശേഷം റെക്ടർ, ഇതിനായി പ്രത്യേകം വിളിച്ചുകൂട്ടുന്ന സംഘത്തിൽവച്ചു്, ഓരോരുത്തരുടെയും യോഗ്യതയെപ്പററി കൂടിയാലോചനകളും അന്വേഷണങ്ങളും നടത്തി കുറിയിടുന്നു. ഈ പ്രത്യേക സംഘത്തിൻെറ അംഗങ്ങൾ റെക്ടർ, വൈസ്റെക്ടറുണ്ടെങ്കിൽ അദ്ദേഹം, വിദ്യാർത്ഥികളുടെ ഗുരു, ആശ്രമശ്രേഷ്ഠാലോചനക്കാർ, പ്രീഫെക്ട് ഓഫ് സററ്ഡീസ്, അതാതു സെക്ഷൻെറ ഡീൻ, അപേക്ഷകനെ പ്രധാന വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്നിവരാണു്.

അപേക്ഷകരെപ്പററി പ്രത്യേകമായ എന്തെങ്കിലും അറിയാവുന്ന പഠനഗൃഹത്തിലെ മററുവൈദികർ വിവരം സംഘ

ത്തെ അറിയിക്കുന്നതിനായി റെക്ടറെയോ, അല്ലെങ്കിൽ മേൽശ്രേഷ്ഠന്മാരെയോ തക്കസമയത്തു് അറിയിക്കുവാൻ കടപ്പെട്ടുന്നു.

147 കുറിയുടെ ഫലവും റിപ്പോർട്ടുണ്ടെങ്കിൽ അതും പ്രവിശ്യാശ്രേഷ്ഠനയച്ചുകൊടുക്കണം. ഇവ പരിഗണിച്ചുകൊണ്ടു് പ്രവിശ്യാശ്രേഷ്ഠസംഘം അയാളെപ്പററിയുള്ള അഭിപ്രായം പൊതുശ്രേഷ്ഠനു് അയച്ചുകൊടുക്കുന്നു. പൊതുശ്രേഷ്ഠസംഘത്തിൻെറ കുറിയോടുകൂടി അയാളെ വ്രതാനുഷ്ഠാനത്തിനു് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുക പൊതുശ്രേഷ്ഠൻെറ ചുമതലയാണു്. എന്നാൽ അയാൾ പൊതുശ്രേഷ്ഠനു് നേരിട്ടു കീഴുള്ള ഭവനത്തിലല്ലെങ്കിൽ പ്രവിശ്യാശ്രേഷ്ഠൻ തൻെറ ആലോചനാസംഘത്തിൻെറ വോട്ടോടുകൂടി അയാളെ വ്രതാനുഷ്ഠാനത്തിനു് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോചെയ്യുന്നു.

നിത്യവ്രതത്തിനുള്ള മേൽശ്രേഷ്ഠസംഘത്തിൻെറ കുറി നിർണ്ണായകമായിരിക്കും. എന്നാൽ 130-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നതു് അഭംഗുരമായിരിക്കേണ്ടതാണു്.

148 വർഷംതോറുമുള്ള രണ്ടുനവീകരണംകഴിഞ്ഞു് മൂന്നാംവർഷത്തിൻെറ അവസാനം നിത്യവ്രതാനുഷ്ഠാനം നടത്തുന്നു. എന്നാൽ അനിത്യവ്രതം നവീകരിച്ചുകഴിഞ്ഞു് തക്കകാരണമുണ്ടെങ്കിൽ മേൽശ്രേഷ്ഠനു് അനിത്യവ്രതത്തിൻെറകാലം ദീർഘിപ്പിക്കുവാൻ പാട്ടുണ്ടു്. എങ്കിലും നവസന്യാസംകഴിഞ്ഞു നിത്യവ്രതാനുഷ്ഠാനംവരെയുള്ളകാലം ഒരിക്കലും ആറുവർഷത്തിൽ കൂടരുതു്.

149 അനിത്യവ്രതത്തിനു് സ്വീകരിക്കപ്പെട്ടുന്നയാൾ മൂന്നുപൂർണ്ണദിവസത്തെയും, നിത്യവ്രതത്തിനു് സ്വീകരിക്കപ്പെട്ടുന്നയാൾ എട്ടുപൂർണ്ണദിവസത്തെയും ആദ്ധ്യാത്മികാഭ്യാസങ്ങൾ കഴിക്കണം. വ്രതാനുഷ്ഠാനം സാഹചര്യമനുസരിച്ചു് പൊതുശ്രേഷ്ഠൻെറയോ, പ്രവിശ്യാശ്രേഷ്ഠൻെറയോ അല്ലെങ്കിൽ അവരുടെ പ്രതിനിധിയുടെയോ മുൻപാകെ നടത്തണം.

150 പട്ടമേൽക്കാനുള്ള വിദ്യാത്ഥികളുടെ യോഗ്യതയെപ്പററി 146-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നവിധത്തിൽതന്നെ കുറിയിടണം. ശ്രേഷ്ഠൻ കുറിയുടെ ഫലവും റിപ്പോർട്ടും പൊതുശ്രേഷ്ഠനു് അയച്ചുകൊടുക്കുന്നു. പ്രവിശ്യാശ്രേഷ്ഠനോടാലോചിച്ച് പട്ടത്തിനുള്ള അനുവാദം കൊടുക്കേണ്ടതു് പൊതുശ്രേഷ്ഠനാണു്. പഠനഗൃഹത്തിനു് പുറമേ താമസിക്കുന്നവരുടെ കാര്യത്തിൽ പൊതുശ്രേഷ്ഠൻ കാര്യത്തിൻെറ സ്ഥിതിപോലെ വേണ്ടതു ചെയ്യേണ്ടതാണു്.

151 കുർബ്ബാനപ്പട്ടം ദൈവശാസ്ത്രത്തിൻെറ മൂന്നാംവഷാവസാനം നല്കാവുന്നതാണു്.

152 പഠനവത്സരത്തിൻെറ അവസാനത്തിൽ ഓരോ വിദ്യാത്ഥിയും വൈദികജീവിതത്തിനു് തക്കവനാണോ എന്നു് മേൽ 146-ാം ലക്കത്തിൽ പറഞ്ഞിരിക്കുന്ന ആലോചനാസംഘം കുറിയിടണം. പട്ടത്തിനും വ്രതാനുഷ്ഠാനത്തിനും കുറിയിടുന്നസമയം ഒരുമിച്ചുവരികയാണെങ്കിൽ ഒരു കുറികൊണ്ടുതന്നെ വൈദികജീവിതത്തിനുള്ള യോഗ്യതയും വ്രതാനുഷ്ഠാനത്തിനുള്ള യോഗ്യതയും തീരുമാനിക്കാവുന്നതാണു്.

ഓരോവഷവും പഠനഗൃഹത്തിൻെറ ശ്രേഷ്ഠൻ ഓരോ വിദ്യാർത്ഥിയുടെയും അഭിവൃദ്ധിസംബന്ധിച്ച റിപ്പോർട്ട് പൊതുശ്രേഷ്ഠനും ഓരോരുത്തരുടെയും പ്രവിശ്യാശ്രേഷ്ഠനും അയച്ചുകൊടുക്കണം.

പഠനഗൃഹവാസികളല്ലാത്ത വിദ്യാത്ഥികളെപ്പററി അടുത്തു ബന്ധപ്പെട്ട ശ്രേഷ്ഠൻ ആശ്രമശ്രേഷ്ഠസംഘമുണ്ടെങ്കിൽ ആ സംഘത്തോടാലോചിച്ചും അല്ലെങ്കിൽ സ്വന്ത ആലോചനാസംഘത്തോടാലോചിച്ചും റിപ്പോർട്ട് ഓരോ കൊല്ലവും പ്രവിശ്യാശ്രേഷ്ഠനു് അയച്ചുകൊടുക്കണം. പ്രവിശ്യാശ്രേഷ്ഠൻ സ്വന്ത അഭിപ്രായത്തോടുകൂടി വിവരം പൊതുശ്രേഷ്ഠനെ അറിയിക്കുന്നു.

153 സന്യാസജീവിതത്തിനും വൈദികവൃത്തിക്കും പ്രേഷിതപ്രവത്തനത്തിനുമുള്ള പരിശീലനം എന്ന പരിശുദ്ധാത്മ

പിയുടെ ഈ വലിയജോലിയിൽ എല്ലാവരും സഹകരിച്ചു പ്രവത്തിക്കണം ഭ്രാതൃസഹജമായ ഈ സഹകരണം വിദ്യാൎത്ഥികൾ എന്തിനായി വിളിക്കപ്പെട്ടുകയും പരിശീലിപ്പിക്കപ്പെട്ടുകയും ചെയ്യുന്നുവോ ആ മൗതിക ശരീരത്തിനു് രൂപംകൊടുക്കുക എന്ന ജോലിയിൽ അവക്കു നല്ല മാതൃകയായിരിക്കട്ടെ.

## സഹായസഹോദരന്മാരുടെ പരിശീലനം

154 മുകളിൽ, വൈദികസ്ഥിതിയിലേയ്ക്കുള്ള അപേക്ഷകരുടെ തിരഞ്ഞെടുക്കലും, നവസന്യാസത്തിലേയ്ക്കുള്ള പ്രവേശനവും, നവസന്യാസവും, പരീക്ഷണവുംമററും സംബന്ധിച്ചു് പറഞ്ഞിരിക്കുന്നതെല്ലാം കാര്യത്തിൻെറ സ്വഭാവവും സാഹചര്യവുംകൊണ്ടു് മറിച്ചു് വിവക്ഷയില്ലാത്തിടത്തോളം സഹായസഹോദരന്മാരെക്കുറിച്ചും മനസ്സിലാക്കേണ്ടതാണു്. താഴേപറയുന്നവ പ്രബലമായിരിക്കുകയുംചെയ്യുന്നു.

155 സഹായസഹോദരന്മാരുടെ പരിശീലനത്തിനു് പ്രധാനമായി ഉദ്ദേശിച്ചിരിക്കുന്ന ഒരു ഭവനമുണ്ടായിരിക്കണം. പരിശീലനത്തിനു് ആവശ്യമായ ഉപാധികളും സന്ദർഭങ്ങളും എളുപ്പത്തിൽ കിട്ടത്തക്കതും കാര്യക്ഷമമായ പരിശീലനത്തിനു് ഉതകുന്ന സജ്ജീകരണങ്ങളുള്ളതുമായിരിക്കണം ഈ ഭവനം. ഇവിടെ സഹായസഹോദരാൎത്ഥികളായ യുവാക്കന്മാർ പലവൎഷം അവരുടെ ജീവിതസ്ഥിതിയുടെ ജോലികളിൽ, ക്രമച്ചട്ടത്തിലെ നിർദ്ദേശങ്ങളനുസരിച്ചു് യോഗ്യന്മാരായ അദ്ധ്യാപകന്മാരാൽ വേണ്ടവിധം അഭ്യസിപ്പിക്കപ്പെടണം. വേണ്ട പരീക്ഷകൾക്കു് അവർ വിധേയരാവുകയും ചെയ്യണം.

156 § 1. അപേക്ഷകർ ആറുമാസത്തേയ്ക്കു് സന്യാസാൎത്ഥി ജീവിതം കഴിക്കണം. ഈ കാലാവധി മേൽശ്രേഷ്ഠനു് ദീൎഘിപ്പിക്കാവുന്നതാണു്. എന്നാൽ മറെറാരാറുമാസത്തിൽ കൂടുതൽ ദീൎഘിക്കരുതു്

§ 2. അതേഭവനത്തിൽ പ്രത്യേകം തിരിച്ചിരിക്കുന്ന ഭാഗത്തു് നിശ്ചിതപരിപാടിയനുസരിച്ചു നവസന്യാസഗുരു

വിൻെറ മേൽനോട്ടത്തിൽ ഒരു മുഴുവൻവഷം നവസന്യാസം കഴിക്കണം.

§ 3. വൈദികസ്ഥിതിയിലേയ്ക്കുള്ള നവസന്യാസികളെ പഠിപ്പിക്കണമെന്നു് പറഞ്ഞിരിക്കുന്നവ, സഹായസഹോദര നവസന്യാസികളെയും അവരുടെ ഗ്രഹണശക്തിക്കനുസൃതമായവിധത്തിൽ പഠിപ്പിക്കണം. സഹായസഹോദരന്മാരുടെ പ്രത്യേകജോലികളിൽ പരിശീലിപ്പിക്കുകയും ചെയ്യണം. എന്നാൽ ഈ ജോലികളുടെ പ്രധാന ഉത്തരവാദിത്വം വഹിക്കുന്നതു് അവരായിരിക്കരുതു്.

157 സഹായസഹോദരന്മാർ, ആഹാരം പാകംചെയ്യുക, വസ്ത്രങ്ങൾ തയിക്കുകയും കേട്ടുപോക്കുകയും ചെയ്യുക, ആശ്രമം വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുക, ദൈവാലയ ശുശ്രൂഷ രോഗശുശ്രൂഷ അതിഥിസ്വീകരണം കൃഷി മുതലായ ഗാർഹികജോലികൾചെയ്യുക, വിദ്യാലയങ്ങൾ അച്ചടിശാലകൾ കരകൗശലശാലകൾ അനാഥമന്ദിരങ്ങൾ മുതലായവയിൽ ജോലിചെയ്യുക, വരവുചെലവുകളുടെ കണക്കു് എഴുതുക, പ്രേഷിതതീക്ഷ്ണതയോട്ടുകൂടി സഹോദരവൈദികരെ സഹായിക്കുക, ശ്രേഷ്ഠൻനിശ്ചയിക്കുന്ന ഏവംവിധങ്ങളായ മററുജോലികൾ നിർവ്വഹിക്കുക എന്ന അവരുടെ ജീവിതസ്ഥിതിയുടെ കത്തവ്യങ്ങൾ വിശ്വാസചൈതന്യത്തോടെ നടത്തുവാൻ പ്രത്യേകവിധത്തിൽ അഭ്യസിപ്പിക്കപ്പെടണം.

158 വൈദികസ്ഥിതിക്കുവേണ്ടി കഴിച്ച നവസന്യാസം സഹായസഹോദരന്മാരുടെ സ്ഥിതിക്കു് മതിയാകുന്നതാണു്. എന്നാൽ മറിച്ചു്, സഹായസഹോദരന്മാരുടെ സ്ഥിതിക്കുവേണ്ടി കഴിച്ച നവസന്യാസം വൈദികസ്ഥിതിക്കു് മതിയാകുന്നതല്ല.

159 വൈദികാന്തസ്സിലേയ്ക്കുള്ളവരുടെ വ്രതാനുഷ്ഠാനത്തെപ്പററി പറഞ്ഞിരിക്കുന്നതു സഹായസഹോദരന്മാരെക്കുറിച്ചും മനസ്സിലാക്കേണ്ടതാണു്. എന്നാൽ സഹായസഹോദരന്മാർ വ്രതനവീകരണത്തിൻെറയും നിത്യവ്രതത്തിൻെറയും സമയ

ത്തു് പൊതുശ്രേഷ്ഠനു് നേരിട്ടു് വിധേയമായിരിക്കുന്ന ഭവനങ്ങളിൽ താമസിക്കുന്നവരായിരുന്നാൽ പ്രവിശ്യാശ്രേഷ്ഠസംഘത്തോടാലോചിച്ചതിനുശേഷം പൊതുശ്രേഷ്ഠസംഘം കുറിയിടേണ്ടതാണു്.

160 § 1. പ്രഥമവ്രതാനുഷ്ഠാനാനന്തരം സഹായസഹോദരന്മാർ പരിശീലനഭവനത്തിൽ രണ്ടുവർഷത്തേയ്ക്കു് താമസിച്ചു് അവരുടെ വിവിധ ജോലികൾ അഭ്യസിക്കണം.

§ 2. ഓരോ ആശ്രമത്തിലും സഹായസഹോദരന്മാരെ നിയന്ത്രിക്കാൻ ചുമതലപ്പെട്ട വൈദികൻ നിത്യവ്രതമനുഷ്ഠിച്ചിട്ടില്ലാത്തവരുടെമേൽ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണു്.

161 സഹായസഹോദരന്മാർ നാലുപ്രാവിശ്യം വർഷംതോറുമുള്ള വ്രതനവീകരണം നടത്തുകയും അനിത്യവ്രതത്തിന്റെ അഞ്ചുവർഷം പൂർത്തിയാകുമ്പോൾ നിത്യവ്രതമനുഷ്ഠിക്കുകയുംവേണം. ഈ വ്രതാനുഷ്ഠാനങ്ങൾക്കുള്ള യോഗ്യതയെപ്പററി പ്രഥമവ്രതാനുഷ്ഠാനത്തെപ്പററി പറഞ്ഞിട്ടുള്ളതുപോലെ അന്വേഷണം നടത്തേണ്ടതാണു്.

നിത്യവ്രതാനുഷ്ഠാനം നടത്തുന്നതിനു് മൂന്നു മാസംമുമ്പു് സഹോദരന്മാർ പരിശീലനഭവനത്തിൽ പോകുകയും അവിടെ ഒരു അദ്ധ്യക്ഷന്റെ നിയന്ത്രണത്തിൽ പ്രത്യേകവിധത്തിൽ ഒരുങ്ങുകയും ചെയ്യണം.

## സഭവിട്ടുപോകുന്നതും സഭയിൽനിന്നു് ബഹിഷ്ക്കരിക്കുന്നതും

162 സഭവിട്ടുപോകുന്നതും സഭയിൽനിന്നു് ബഹിഷ്ക്കരിക്കുന്നതുംസംബന്ധിച്ചു് തിരുസ്സഭയുടെ പൊതുനിയമവും നമ്മുടെ ക്രമച്ചട്ടത്തിലെ നിർദ്ദേശങ്ങളും പാലിക്കണം.

163 താല്ക്കാലികമായി ആശ്രമജീവിതത്തിൽനിന്നു് മാറി താമസിക്കുന്ന ഒരു സഹോദരൻ നിശ്ചിതസമയംകഴിഞ്ഞു തിരിച്ചുവരുമ്പോൾ ഒരു കൊല്ലമെങ്കിലും സന്യാസാനുഷ്ഠാനം കൃത്യമായി നടക്കുന്ന ഒരു ഭവനത്തിൽ താമസിച്ചു് വീണ്ടും എളുപ്പത്തിൽ സമൂഹജീവിതത്തിൽ തഴങ്ങുന്നതിനു് മേൽശ്രേഷ്ഠൻ ശ്രദ്ധിക്കണം.

164 സഭയിൽനിന്നു് ഒരാൾ ബഹിഷ്കരിക്കപ്പെടേണ്ടതാണെങ്കിൽ തിരുസ്സഭയുടെ പൊതുനിയമം അനുസരിച്ചു് പൊതുശ്രേഷ്ഠസംഘം അതു പ്രഖ്യാപനംചെയ്യണം. അതിനാൽ തന്നെ, സഭയിൽ തിരഞ്ഞെടുക്കുവാനും തിരഞ്ഞെടുക്കപ്പെട്ടുവാനും അയാൾക്കു് അർഹതയില്ലാതാകുന്നു. മററുവിധത്തിൽ തീരുമാനിക്കപ്പെട്ടുന്നതുവരെ വൈദികകർമ്മങ്ങൾ നടത്തുവാൻ മുടക്കപ്പെട്ടുകയുംചെയ്യുന്നു.

165 സഭയിൽനിന്നു് ബഹിഷ്കൃതനാകുന്ന സന്യാസി അതിനാൽതന്നെ സന്യാസവ്രതങ്ങളുടെ കടമയിൽനിന്നു് സ്വതന്ത്രനാക്കപ്പെട്ടുന്നു.

166 ബാഹ്യവും ഗൗരവമേറിയതുമായ ഇടച്ചിലിടയാകുന്ന കാര്യങ്ങളോ, സമൂഹത്തിനു് ഗൗരവാവഹമായ നഷ്ടം വരുത്തുന്ന സംഗതികളോ ഉണ്ടാകുമ്പോൾ, ഉദാഹരണമായി ബ്രഹ്മചര്യത്തിനു് വിരോധമായ പാപങ്ങൾ, അല്ലെങ്കിൽ ശ്രേഷ്ഠന്മാക്കെതിരായുള്ള ഗൂഢതന്ത്രങ്ങൾ ഇത്യാതി കാരണങ്ങളാൽ മേൽശ്രേഷ്ഠനു് അല്ലെങ്കിൽ അത്യാവശ്യസന്ദർഭത്തിൽ സ്ഥലശ്രേഷ്ഠനു് തിരുസ്സഭയുടെ പൊതുനിയമം അഭംഗുരം കാത്തുകൊണ്ടു് ഒരു സന്യാസിയെ ബഹിഷ്കരിക്കാവുന്നതാണു്.

167 വ്രതങ്ങളുടെ കാലാവധി പൂർത്തിയായതിനു്ശേഷമോ, സഭ വിട്ടുപോകുവാനുള്ള അനുവാദംവാങ്ങിയോ സഭയിൽനിന്നു് പുറത്തുപോകുന്നവർക്കോ സഭയിൽനിന്നു് ബഹിഷ്കരിക്കപ്പെട്ടുന്നവർക്കോ മറെറാരു സഭയിലേയ്ക്കു പോകുന്നവ

DHARMARAM COLLEGE LIBRARY
BANGALORE-29.

ക്കോ അവർ സഭയ്ക്കു ചെയ്തിട്ടുള്ള ഏതെങ്കിലും സേവനത്തെക്കുറിച്ചു യാതൊരു പ്രതിഫലവും ആവശ്യപ്പെട്ടുവാൻപാട്ടുള്ളതല്ല

# മൂന്നാം ഭാഗം

## പ്രേഷിതവൃത്തിയെപ്പററി പൊതുനിർദ്ദേശങ്ങൾ

168 മിശിഹായുടെ സഭ, സ്വസുതരുടെയെല്ലാം സജീവമായ സഹകരണംവഴി വദ്ധമാനമാകുന്നതിനു്, പ്രേഷിതപ്രവർത്തനങ്ങൾ സംഘടിതമായിനടത്തുകയും അവയെ അതേ സമയം പരിപോഷിപ്പിക്കുകയും വേണം.

169 ഓരോ ഭവനത്തിലും ഓരോ പ്രധാന പ്രവർത്തനമുണ്ടായിരിക്കുകയും ആ പ്രവർത്തനത്തോടു് മററുള്ളവ കീഴ്പ്പെടുത്തിയും സാംഘടിപ്പിച്ചും നടത്തുകയുംചെയ്യുന്നതു് ആഭിലഷണീയമാണു്. തിരുസഭയുടെ യഥാർത്ഥ ഉപകാരത്തെ പരിഗണിച്ചുകൊണ്ടുവേണം നമ്മുടെ ഒരു ഭവനം തുടങ്ങുന്നതു്. നമുക്കു പ്രത്യേകമായ വല്ല പ്രേഷിതവൃത്തിക്കുള്ള സാധ്യതയും അതിനാവശ്യമുള്ള ഒരുക്കവുംകൂടാതെ സാധാരണയായി ഒരു ഭവനവും തുടങ്ങേണ്ടതല്ല.

170 . ഭവനത്തിൻെറ ശ്രേഷ്ഠൻ എല്ലാ പ്രവർത്തനങ്ങളിലും കാര്യമായി പങ്കെടുക്കുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും പ്രാപ്തനും, അവയുടെ പുരോഗതിയിൽ വളരെ ഉത്സുകനും ആയിരിക്കണം.

171 ഭവനത്തിലെ സമയക്രമം പ്രേഷിതപ്രവർത്തനങ്ങളോടു് പൊരുത്തപ്പെട്ടിരിക്കണം. എല്ലാ സഹോദരന്മാരും ചില സാമൂഹ്യകർമ്മങ്ങളിലെങ്കിലും സംബന്ധിക്കത്തക്കവണ്ണം അവ ക്രമീകരിക്കേണ്ടതാണു്.

172 ശ്രേഷ്ഠൻ പ്രവർത്തനങ്ങളെല്ലാം നിയന്ത്രിക്കുകയും സംഘടിപ്പിക്കുകയുംചെയ്യുന്നു. എന്നാൽ ഓരോ ജോലിക്കും

തൻെറ സ്ഥാനം വഹിക്കുന്നതിനു് പ്രത്യേക ഡിറക്ടരെ നിശ്ചയിക്കേണ്ടതാണു്. അദ്ദേഹത്തെ ആ ജോലിചെയ്യുന്ന എല്ലാവരും കീഴ്പ്പെട്ട അനുസരിക്കുകയും ജോലിസംബന്ധമായ കാര്യങ്ങൾ സാധാരണയായി അദ്ദേഹത്തോട്ട് ആലോചിക്കുകയുംചെയ്യുന്നു.

173 ശ്രേഷ്ഠൻ, ഉദ്യോഗത്താൽതന്നെ അദ്ധ്യക്ഷനായ ഒരു മാനേജിംഗ് ബോർഡു് പ്രധാനപ്രവൎത്തനങ്ങൾക്കുണ്ടാകണം. ഇതിനു് ഡിറക്ടരും യോഗ്യന്മാരായ മററംഗങ്ങളുമുണ്ടായിരിക്കണം. മാനേജിംഗ്ബോർഡിൻെറ പ്രവൎത്തനമെന്തായിരിക്കണമെന്നു് അതിൻേറതായ ക്രമച്ചട്ടങ്ങൾ നിശ്ചയിക്കണം.

174 നമ്മുടെ പ്രധാന പ്രവൎത്തനങ്ങളായ വിദ്യാഭ്യാസം സാമൂഹ്യപ്രവർത്തനം ആശയവിനിമയ പ്രേഷിതത്വം മിഷൻവേല മുതലായവസ്സ പൊതുശ്രേഷ്ഠഭവനത്തിലും പ്രവിശ്യാശ്രേഷ്ഠഭവനത്തിലും പ്രത്യേക ഡിപ്പാർട്ടമെൻറുകളുണ്ടായിരിക്കണം. ഇവയാണു് പ്രവൎത്തനപദ്ധതികൾ നിശ്ചയിക്കുക, പ്രവൎത്തനങ്ങൾ നിയന്ത്രിക്കുകയും സംഘടിപ്പിക്കുകയുംചെയ്യുക, പുതിയ പ്രവൎത്തനമാൎഗ്ഗങ്ങൾ പരീക്ഷിക്കുക, തക്കയാളുകളെ പരിശീലിപ്പിക്കുക മുതലായവ ചെയ്യുന്നതു്.

175 നമ്മുടെ ഭവനങ്ങൾക്കു പുറത്തോ, ഭവനത്തിൽതന്നെയോ ദീൎഘസമയത്തേയ്ക്കു് ബാഹ്യപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടുന്നവർ സന്യാസാനുഷ്ഠാനം എങ്ങനെ നടത്തിക്കൊണ്ടുപോകണമെന്നതിനെപ്പററി ക്രമച്ചട്ടങ്ങൾ നിൎദ്ദേശംനല്കണം.

176 ന്യായമായ ശ്രേഷ്ഠൻെറ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ പ്രേഷിതപ്രവൎത്തനമോ, ബാഹ്യമായ ഉദ്യോഗമോ, ആരും ഏറെറടുക്കരുതു്.

177 നമ്മുടെ നിയമത്തിൽ പറഞ്ഞിരിക്കുന്നതും സ്വഭാവത്താലെതന്നെ സ്ഥിരമായുള്ളതും നിലനില്ക്കുന്നതുമായ ഒരു സ്ഥാപനം ഭവനത്തോടനുബന്ധിച്ചുണ്ടാകുന്നതിനു് ഭവനത്തിൻെറ ശ്രേഷ്ഠൻ ആശ്രമസംഘത്തിൻെറയും പ്രവിശ്യാ

ശ്രേഷ്ഠസംഘത്തിൻെറയും സമ്മതവും പൊതുശ്രേഷ്ഠ സംഘത്തിൻെറ അംഗീകരണവും വാങ്ങിയിരിക്കണം. എന്നാൽ തിരുസഭയുടെ പൊതുനിയമം അഭംഗുരമായിരിക്കേണ്ടതാണ്. ആരംഭിച്ച പ്രവൎത്തനം നിൎത്തുന്നതിനും വേറൊന്നായി മാററുന്നതിനും മേൽപ്പറഞ്ഞ നടപടികളെല്ലാം വേണം.

## വൈദികവൃത്തിയും മിഷൻവേലയും

178 നമ്മുടെ ഭവനങ്ങൾ യഥാൎത്ഥത്തിൽ പ്രാൎത്ഥനാഭവനങ്ങളായും ആത്മീയശക്തികേന്ദ്രങ്ങളായും കാണപ്പെട്ടവാൻ തക്കവിധം ന. ദൈവാലങ്ങളിൽ ദിവ്യപൂജയും മററു തിരുകൎമ്മങ്ങളും ക്രമവിധികൾക്കനുസൃതമായും ഭംഗിയായും ആരാധനക്രമചൈതന്യത്തിനനുയോജ്യമായും നിൎവ്വഹിക്കണം. തിരുകൎമ്മങ്ങളിൽ ജനങ്ങൾ സജീവമായി പങ്കെടുക്കുന്നതിന് അതീവശ്രദ്ധ പതിക്കണം.

തങ്ങളുടെ വൈദികവൃത്തി ആവശ്യപ്പെട്ടുമ്പോൾ ആത്മീയമായി ജനങ്ങളെ സഹായിക്കുന്നതിന് നമ്മുടെ സഹോദരന്മാർ എല്ലായ്പോഴും സന്നദ്ധരായിരിക്കണം.

179 നമ്മുടെ പിതാക്കന്മാരുടെ മാതൃകയനുസരിച്ച് നമ്മുടെ സഹോദരന്മാർ എല്ലാ പ്രേഷിതപ്രവൎത്തനങ്ങളിലുംവച്ച് മുൻസ്ഥാനം ദൈവവചനം പ്രസംഗിക്കുന്നിനു നല്കണം. വിശുദ്ധപഠനങ്ങളുടെ കാലംമുതൽതന്നെ നിരന്തരമായ പരിചിന്തനവും, വിശുദ്ധഗ്രന്ഥത്തിൻെറ ശാസ്ത്രീയമായ പഠനവും, വി. പിതാക്കന്മാരെഴുതിയ ഗ്രന്ഥങ്ങളുടെ നിരന്തരമായ വായനയും, ദൈവശാസ്ത്രത്തിൻെറ, പ്രത്യേകം അതിൻെറ ഇടയാത്മകമായ വരത്തെപ്പററിയുള്ള ആഴമായപഠനവും, വിഷയങ്ങൾ കൈകാര്യംചെയ്യാനുള്ള ഭാഷയുടെ അഭ്യസനവും വഴി തങ്ങളെത്തന്നെ പ്രത്യേകവിധത്തിൽ ഒരുക്കണം.

180 ധ്യാനവും ഇതര അപ്പസ്തോലികവിഷയങ്ങളും പ്രസംഗിക്കുന്നതിനു യോഗ്യന്മാരായ ചിലസഹോദരന്മാരെ ശ്രേഷ്ഠൻ പ്രത്യേകമായി നിശ്ചയിക്കണം. ഈ സുവിശേഷ

ജോലിയ്ക്കായി നിരന്തരം തങ്ങളെത്തന്നെ ഒരുക്കുന്നതിനു് പ്രത്യേക അവസരങ്ങളും ഉപാധികളും അവർക്കു നല്കേണ്ടതാണു്.

181 നമ്മുടെ ദൈവാലയങ്ങളിൽ എല്ലാ ഞായറാഴ്ചയും തിരുനാൾദിവസങ്ങളിലും നല്ലതുപോലെ ഒരുങ്ങിയും വിഷയങ്ങൾ ശരിയായി ക്രമീകരിച്ചും വേദപുസ്തകഭാഗത്തെ ആസ്പദമാക്കിയും മതപഠനവിഷയങ്ങൾ ഉൾപ്പെടുത്തിയും ജനങ്ങളോടു് പ്രസംഗിക്കണം.

182 പുറമേയുള്ളവർക്കു് താമസിച്ചു ധ്യാനിക്കുന്നതിനായി ചില ധ്യാനമന്ദിരങ്ങൾ ഉണ്ടായിരിക്കുന്നതു് വളരെ അഭിലഷണീയമാണു്.

183 സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനും ഇടവകവികാരിയും ദൈവവചനം പ്രസംഗിക്കുന്നതിനും പാപപോച്ചാരണം കേൾക്കുന്നതിനും നമ്മുടെ സഹായം ആവശ്യപ്പെടുമ്പോൾ ശ്രേഷ്ഠന്മാർ സന്മനസ്സോടെ നമ്മുടെ സഹോദരന്മാരുടെ സേവനം നല്കണം. സന്യാസിനികളുടെ കപ്പേളാൻ ജോലി നോക്കുന്നതിനും അവരുടെ കുമ്പസാരക്കാരാകുന്നതിനും നമ്മോടു് ആവശ്യപ്പെടുമ്പോൾ, തിരുസഭയുടെ പൊതുനിയമത്തിലും നമ്മുടെ ക്രമച്ചട്ടങ്ങളിലും കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടു് ആ ജോലികൾക്കായി നമ്മുടെ സഹോദരന്മാരെ കൊടുക്കാവുന്നതാണു്.

അദ്ധ്യാപനസഹായോപാധികൾ ഉപയോഗിച്ചുകൊണ്ടു് ജനങ്ങളുടെ മതപഠനം സാധിക്കുന്നതിനു് ഇടവകവികാരിമാരോടു് നാം സന്തോഷപൂർവ്വം സഹകരിക്കണം.

184 മിശിഹാ സാധിച്ച രക്ഷണീയകർമ്മത്തിൻെറ പൂർണ്ണതയിലേയ്ക്കു് സുവിശേഷംവഴി എല്ലാവരും വരുന്നതിനു്, മിശിഹായുടെ ശ്ലൈഹികവൃത്തി എല്ലാജനതകളിലേക്കും എത്തിക്കുന്നതിനു്, നമ്മുടെ സഹോദരന്മാർ യഥാർത്ഥതീക്ഷ്ണത

യാൽ പ്രേരിപ്പിക്കപ്പെടണം. ഈ ഉന്നതമായ ജോലിയിൽ നമ്മുടെ പ്രയത്നം തിരുസഭവഴി ജീവൻ നല്കുന്ന ദൈവിക ക്രമീകരണത്തിനു് പൂർണ്ണമായി വിധേയപ്പെട്ടിരിക്കണം.

185 ന്യായമായ അധികാരികൾ ആവശ്യപ്പെട്ടുകയോ അംഗീകരിക്കുകയോ ചെയ്യുന്നതനുസരിച്ചു് മിഷനുകൾ ഏറെറടുക്കുന്നതും, വിഭജിക്കുന്നതും, വേർപെടുത്തുന്നതും, വിപുലപ്പെടുത്തുന്നതും, പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോടെ പൊതുശ്രേഷ്ഠനാണു് ചെയ്യേണ്ടതു്.

എങ്കിലും പൊതുശ്രേഷ്ഠൻെറയോ, പ്രവിശ്യാശ്രേഷ്ഠൻെറയോ നേരിട്ടുള്ള അധീനതയിൽ മിഷൻെറ ഭരണം നടത്തപ്പെടാവുന്നതാണു്. പൊതുശ്രേഷ്ഠൻ ബന്ധപ്പെട്ട സഹോദരന്മാരുടെ പ്രവിശ്യാശ്രേഷ്ഠനോടാലോചിച്ചു്, സഭ മുഴുവനിൽനിന്നും, പ്രവിശ്യാശ്രേഷ്ഠൻ തൻെറ പ്രവിശ്യമുഴുവനിൽനിന്നും, മിഷനു വേണ്ട സഹോദരന്മാരെ തിരഞ്ഞെടുക്കുന്നു.

186 മേൽശ്രേഷ്ഠന്മാരും മിഷൻശ്രേഷ്ഠന്മാരും നമ്മുടെ സഹോദരന്മാരുടെ വ്യക്തിപരമായ ജീവിതത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും പ്രത്യേക സാഹചര്യങ്ങളനുസരിച്ചു് അവരുടെ ആദ്ധ്യാത്മികാഭ്യാസങ്ങൾസംബന്ധിച്ചും മിഷൻ സ്റ്റേഷനുകളിലെ ക്രമാനുഷ്ഠാനംസംബന്ധിച്ചും വേണ്ട നിബന്ധനകൾ ഉണ്ടാക്കേണ്ടതുമാണു്.

187 നമ്മുടെ മിഷനറിമാർ, ഓരോസ്ഥലത്തിൻെറയും ജനങ്ങളുടെയും പ്രത്യേകസാഹചര്യങ്ങൾ അനുസരിച്ചു്, തങ്ങളുടെ ജോലിക്കായി വേണ്ടവിധം പരിശീലിപ്പിക്കപ്പെടേണ്ടതാണു്.

188 § 1. മിഷനിൽ ജോലിചെയ്യുന്നവർ, പ്രത്യേകിച്ചു് ശ്രേഷ്ഠന്മാർ, തങ്ങൾ ജോലിചെയ്യുന്നിടത്തെ ജനങ്ങളുടെ സംസ്കാരം പൂർണ്ണമായി ക്രിസ്തുവിനു് പ്രതിഷ്ഠിക്കുന്നതിനും അങ്ങനെ അതു ഒരു സുവിശേഷസംവാഹിയായത്തീരുന്ന

തിനുംവേണ്ടി, ആവരുടെ ആചാരമുറകളുമായി സ്വയം അനുരൂപപ്പെട്ടുത്തിയും അവരുടെ ഭാഷ നല്ലവണ്ണം പഠിച്ചും ആവശ്യമുള്ള വ്യതിയാനങ്ങൾമാത്രം വരുത്തിക്കൊണ്ടു് നല്ലതായിട്ടുള്ളതെല്ലാം പരിരക്ഷിച്ചും, ആ സ്ഥലത്തെ കലകളെ പ്രോത്സാഹിപ്പിച്ചും, സർവ്വോപരി അവരുടെ ന്യായമായ സകല അഭിനിവേശങ്ങളോടൊത്തു ചിന്തിച്ചും, കഴിയുന്നിടത്തോളം അവരുമായി തങ്ങളെത്തന്നെ താദാത്മ്യപ്പെട്ടുത്തുന്നതിനു് ഉത്സാഹപൂർവ്വം ശ്രമിക്കണം. മാത്രമല്ല തങ്ങൾക്കു് ഏല്പിച്ചിരിക്കുന്ന മിഷൻ നമ്മുടെ സംരക്ഷണയിൽനിന്നും വിടർത്തുവാൻ സാധിക്കത്തക്കവിധം കഴിയുന്നത്രവേഗം ആ സ്ഥലം ദൈവവിളിയിലും സാമ്പത്തികനിലയിലും സ്വയം പര്യാപ്തമാകുന്നതിനു സർവ്വശ്രദ്ധയും ചെലുത്തേണ്ടതാണു്. അങ്ങനെ സ്വതന്ത്രമായതിനുശേഷവും ഓരോ സ്ഥലത്തെ സാഹചര്യമാവശ്യപ്പെടുന്നതുപോലെ മിഷനെ തുടന്നു് സന്മനസ്സോടെ സഹായിക്കേണ്ടതാണു്.

§ 2. സഭയുടെ വസ്തുക്കൾ മിഷൻെറ വസ്തുക്കളിൽനിന്നു് വേർതിരിച്ചു് നടത്തേണ്ടതാണു്. സംശയം ഉളവാകുന്ന അവസരങ്ങളിൽ മിഷനു് അനുകൂലമായിട്ടായിരിക്കും തീരുമാനിക്കപ്പെടുന്നതു്.

189 പൊതുശ്രേഷ്ഠസംഘം അംഗീകരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ടു് നമ്മുടെ ആശ്രമങ്ങളിൽ ഇടവകകൾ സ്ഥാപിക്കപ്പെടാവുന്നതാണു്. വികാരിയെ നാമനിർദ്ദേശംചെയ്യുവാനുള്ള അധികാരം മേൽശ്രേഷ്ഠൻെറതാണു്. വികാരിമാരുടെയും ശ്രേഷ്ഠന്മാരുടെയും സന്യാസ സമൂഹത്തിൻെറയും അവകാശങ്ങളും കടമകളുംസംബന്ധിച്ചിടത്തോളം പൊതുനിയമത്തിൻെറയും നമ്മുടെ ക്രമച്ചട്ടങ്ങളുടെയും നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണു്.

190 അതുപോലെതന്നെ നമ്മുടെ ഭവനത്തോടനുബന്ധിച്ചു് മാനസാന്തരവേലകളോ, പുതുതായി മാനസാന്തരപ്പെട്ടവരുടെ സംരക്ഷണത്തിനുള്ള പദ്ധതികളോ ഉണ്ടായിരുന്നാൽ ഒരു വൈദികനെ ഈ കാര്യങ്ങളുടെ മേധാവിയായി നിശ്ച

യിക്കണം ആശ്രമശ്രേഷ്ഠൻ ഇപ്രകാരം നിശ്ചയിക്കപ്പെട്ട വൈദികന്നു് പണമുൾപ്പെടെയുള്ള എല്ലാവിധ സഹായങ്ങളും മഹാമനസ്കതയോടെ ചെയ്തുകൊടുക്കേണ്ടതാണു്. അവരുടെ സാമ്പത്തികവും, സാമൂഹ്യവുമായ നില അഭിവൃദ്ധിപ്പെടുത്തുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

191 സ്ഥലത്തെ വൈദികമേലദ്ധ്യക്ഷനുമായുള്ള ഇടപാടുകളെ സംബന്ധിച്ചിടത്തോളം പൊതുനിയമവും നമ്മുടെ ക്രമച്ചട്ടങ്ങളും അനുസരിക്കേണ്ടതാണു്

## യുവജനശിക്ഷണം

192 വിദ്യാഭ്യാസപ്രേഷിതവൃത്തിയെന്ന മഹത്തായ ശുശ്രൂഷവഴിയായി ക്രിസ്തുവിൻെറ സഭയുടെയും സമുദായത്തിൻെറയും (Societas civilis) ഭാഗധേയം തങ്ങൾക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരന്മാർ തങ്ങളുടെ ജീവിതമാതൃകവഴിയും തത്വങ്ങളുടെ അവസരോചിതമായ വിശദീകരണംവഴിയും വ്യക്തിപരമായ നിയന്ത്രണംവഴിയും വിദ്യാത്ഥികളുടെ മനസ്സിനെ ദൈവത്തിലേക്കു് തിരിക്കുകയും,അവരെ നല്ലവരും ഉത്തമന്മാരുമായ പൗരന്മാരാക്കിത്തീക്കുകയും, വിവിധ വിജ്ഞാനശാഖകളിലും കലകളിലും അഭ്യസിപ്പിക്കുകയും, പ്രത്യേകിച്ചു് ക്രിസ്തീയ വിദ്യാത്ഥികളെ ക്രിസ്തുവിൻെറ ശരിയായ അനുഗാമികളാക്കിത്തീക്കുവാൻ പരിശ്രമിക്കുകയുംചെയ്യേണ്ടതാണു്. എന്നാൽ ഈ കാര്യങ്ങളുടെ നിവ്വഹണത്തിനായി, തങ്ങളിലേയ്ക്കും ശിഷ്യഗണങ്ങളിലേയ്ക്കും വരപ്രസാദം ധാരാളം ചിന്തത്തക്കവണ്ണം വരപ്രസാദത്തിൻെറ സ്രോതസ്സിനോടുള്ള ഗാഢമായ ഐക്യം വഴി പ്രധാനമായി പരിശ്രമിക്കേണ്ടതാണു്.

193 നമ്മുടെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാത്ഥികളുടെ ആദ്ധ്യാത്മീകവും വൈജ്ഞാനികവും സാംസ്കാരികവും ശാരീരികവുമായ എല്ലാ ജീവിതമണ്ഡലങ്ങളിലും എപ്പോഴും ഉന്നത നിലവാരംപുലത്തുന്നതിനു് പരിശ്രമിക്കേണ്ടതാണു്.

194 ഓരോ സ്ഥാപനത്തിലും ആത്മപിതാവായി കുറഞ്ഞതു ഒരു വൈദികനും, നമ്മുടെ സ്വാധീനത ഫലപ്രദമായി ചെലുത്തുന്നതിൽ ആവശ്യമുള്ളിടത്തോളം സന്യാസികളായ അദ്ധ്യാപകരും, വിദ്യാൎത്ഥികൾക്കു് ഉപദേശവും മാൎഗ്ഗദൎശനവും കൊടുക്കുന്നതിനായി ആ വിഷയത്തിൽ പ്രാവീണ്യമുള്ളവരായ ആളുകളും ഉണ്ടായിരിക്കേണ്ടതാണു്.

195 നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതപഠനം വിദ്യാൎത്ഥിയുടെ പ്രായവും പ്രാപ്തിയും അനുസരിച്ചും ഉചിതമായും ക്രമമായും നടത്തേണ്ടതാണു്.

## പ്രചരണോപാധികളിലൂടെയുള്ള പ്രേഷിതവൃത്തി

196 ദൈവവചനത്തെ പ്രസംഗിക്കുന്നതിനുള്ള ഒരു മാൎഗ്ഗമെന്നനിലയിൽ ആശയവിനിമയോപാധികൾക്കു് തികച്ചും വലുതായ ഒരു അപ്പസ്തോലിക പ്രാധാന്യം ഉണ്ടു്. മാത്രമല്ല സത്യം മററുള്ളവൎക്കും നല്കിക്കൊണ്ടും പ്രത്യേകിച്ചും ക്രിസ്തുവിൻെറ സന്ദേശം അനുദിനവ്യവഹാരങ്ങളിലേയ്ക്കു് പ്രചരിപ്പിച്ചുകൊണ്ടും അതു ക്രിസ്തുവിൻെറ ശരീരത്തിൻെറ വളൎച്ചയിൽ വലിയൊരു പങ്കുവഹിക്കുന്നു. ഈ പ്രേഷിതവൃത്തിയുടെ ഉദ്ദേശം അനുദിനജീവിതത്തെക്കുറിച്ചുള്ള ശരിയായ വാൎത്തകളും നിഗമനങ്ങളും നല്കി പൊതുനന്മയ്ക്കു് ഉപകരിക്കത്തക്കവിധം പൊതുജനാഭിപ്രായം ഉചിതമായി രൂപീകരിക്കുകയാണു്.

197 ഈ പ്രേഷിതവൃത്തിയിൽ ഏൎപ്പെട്ടിരിക്കുന്നവർ പുസ്തകങ്ങൾ എഡിററുചെയ്യുന്നതിനും അച്ചടിപ്പിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും, അതിനുള്ള സ്ഥാപനങ്ങൾ വേണ്ടവിധം നടത്തുന്നതിനും ആവശ്യമായ അറിവും സാങ്കേതിക പരിശീലനവും, കലാപരവും സാഹിത്യപരവുമായ കഴിവും സമ്പാദിക്കുവാൻ സൎവ്വാത്മനാ പരിശ്രമിക്കേണ്ടതാണു്.

198 ക്രിസ്തീയ തത്വങ്ങളെ പ്രചരിപ്പിക്കുന്നതിലും സഭയുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിലും നമ്മുടെ സഹോദരന്മാർ തിരുസ്സഭാധികാരികളുടെ മനസ്സിനോടു് വിശ്വസ്തതാപൂൎവ്വം യോജിച്ചുവൎത്തിക്കേണ്ടതാണു്. എപ്പോഴും സത്യ

ത്തെ പ്രചരിപ്പിക്കുന്നതിനു് പരിശ്രമിച്ചുകൊണ്ടും, ഓരോ പ്രത്യേക കാര്യത്തിൻെറ പ്രാധാന്യവും അവ സാധിക്കുന്നതിനുള്ള ഉപാധികളുടെ പ്രത്യേക തത്വങ്ങൾ പരിഗണിച്ചുകൊണ്ടും അവ കൈകാര്യംചെയ്യുന്നതിലുള്ള രീതി സ്വയം രൂപപ്പെടുത്തേണ്ടതാണു്.

199 ഈ പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ സ്ഥാപനങ്ങളും സഹോദരന്മാരും ആശയവിനിമയോപാധികളെസംബന്ധിച്ചും, പ്രത്യേകിച്ചു് ഗ്രന്ഥപരിശോധന സംബന്ധിച്ചുമുള്ള പൊതുനിയമങ്ങളും നമ്മുടെ ക്രമച്ചട്ടങ്ങളും കൃത്യമായി പാലിക്കേണ്ടതാണു്

## സാമൂഹ്യപ്രവത്തനങ്ങൾ

200 കത്താവിൽ നമ്മുടെ സഹോദരങ്ങളായിരിക്കുന്നവരോടു് നമ്മെ ഒന്നിപ്പിയ്ക്കുന്ന ദൈവസ്നേഹം. അവരുടെ ദുഃഖങ്ങളിലും വിഷമതകളിലും അവരെ സഹായിക്കുന്നതിനുമാത്രമല്ല അവരുടെ ഭൗതികവും സാമുദായികവുമായനില ഉയത്തുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു.

201 നമ്മുടെ ഭവനങ്ങളിൽ ജോലി ചെയ്യുന്നവരുടെ നില ഉയത്തുന്നതിനായി പ്രത്യേകം പരിശ്രമിക്കുകയും അവക്കു് അനുയുക്തവും നീതിപൂർവ്വവുമായ വേതനം നല്കുകയും ചെയ്യേണ്ടതാണു്. അവർ ഭക്തകൃത്യങ്ങൾക്കായി നിർദ്ദിഷ്ടസമയം ചിലവഴിക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധപതിക്കണം. അതുപോലെ അവരുടെ ആരോഗ്യത്തിനോ അഭിമാനത്തിനോ വ്യക്തിസ്വാവകാശത്തിനോ, യാതൊരു ഹാനിയും സംഭവിക്കാതിരിക്കാൻ പ്രത്യേകം സൂക്ഷമുണ്ടായിരിക്കണം. തക്കതായ സഹായങ്ങളും മററു സംരക്ഷണപദ്ധതികളുംവഴി അവരുടെ ഭാവിസാമ്പത്തിക സ്ഥിതി സുഭദ്രമാക്കുവാൻ വേണ്ടത്ര ശ്രദ്ധിക്കണം.

202 ആശ്രമസംഘതീരുമാനപ്രകാരമുള്ള ഒരു നിശ്ചിത തുക ആണ്ടുതോറും സാധുക്കളുടെ, പ്രത്യേകിച്ചു് നമ്മുടെ ഭവനത്തോടടുത്തു താമസിക്കുന്നവരുടെ, ഉദ്ധാരണത്തിനായി ചിലവഴിക്കേണ്ടതാണു്.

203 ഓരോ സ്ഥലത്തിൻെറയും ആവശ്യങ്ങൾ കണക്കിലെടുത്തു് അനാഥരെയും അനാശ്രയരെയുംരോഗികളെയും സംരക്ഷിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കാവുന്നതാണു്.

204 സാമൂഹ്യപ്രവത്തനങ്ങളുടെ തത്വങ്ങൾ ആവിഷ്ക്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുതുകൊണ്ടുമാത്രമായില്ല; ആ തത്വങ്ങൾ കുടുംബജീവതത്തിൻെറ നന്മ, ഭദ്രത, തൊഴിലാളികളുടെ അവകാശസംരക്ഷണം മുതലായ നിശ്ചിതമണ്ഡലങ്ങളിൽ ശാസ്ത്രീയമായി പ്ലാൻചെയ്യു്, പ്രവത്തനങ്ങൾ വഴി പ്രായോഗികമാക്കുകയുംവേണം. പരസ്പരസഹായസംഘടനകൾ, തൊഴിൽസംഘടനകൾ, തൊഴിലാളികളുടെ നന്മയ്ക്കായുള്ള മററു സാമുദായികസ്ഥാപനങ്ങൾ മുതലായവ ഈ ഉദ്ദേശസിദ്ധിക്കു് പററിയവയാണു്.

# നാലാം ഭാഗം

## സഭാഭരണം.

### പൊതുനിർദ്ദേശങ്ങൾ:

### അധികാരം

205 സഭ മുഴുവൻെറയും ഏററം ഉന്നതമായ അധികാരം സാധാരണ രീതിയിൽ തൻെറ ആലോചനാസംഘത്തോടുകൂടി പൊതുശ്രേഷ്ഠനും, അസാധാരണ രീതിയിൽ പൊതുസംഘവും കൈകാര്യംചെയ്യുന്നു.

206 പൊതുശ്രേഷ്ഠനും, പ്രവിശ്യാശ്രേഷ്ഠനും, ഉപപ്രവിശ്യാശ്രേഷ്ഠനും അവർ തടസ്സപ്പെട്ടുമ്പോൾ അവരുടെ വികാരിമാരും മാത്രമേ മേൽശ്രേഷ്ഠന്മാർ എന്ന നാമത്താൽ വിവക്ഷിക്കപ്പെട്ടുന്നുള്ളു. സഭയിൽ, മേൽശ്രേഷ്ഠന്മാക്കും, അവരുടെ ആലോചനാസംഘങ്ങൾക്കും, പൊതുസംഘത്തിനും, പ്രവിശ്യാശ്രേഷ്ഠനും, ഉപപ്രവിശ്യാശ്രേഷ്ഠനും അതിശ്രേഷ്ഠാധികാരം ഉണ്ടായിരിക്കുന്നതാണു്.

## പുതിയ പ്രവിശ്യകൾ, ഭവനങ്ങൾ മുതലായ വയുടെ സ്ഥാപനം

207 § 1° പ്രത്യേക ഉദ്ദേശത്തിനായി പൊതുശ്രേഷ്ഠന്റെ നേരിട്ടുള്ള അധീനതയിൽ സഭയിൽ എവിടെയെങ്കിലും ആശ്രമമോ, ഉപഭവനമോ, സ്ഥാപനമോ ഉണ്ടാകാവുന്നതാണു്. എന്നാൽ പ്രവിശ്യാശ്രേഷ്ഠനും, ഉപപ്രവിശ്യാശ്രേഷ്ഠനും തങ്ങളുടെ അതിർത്തിക്കുപുറമേ ഏതെങ്കിലും പ്രത്യേകകാര്യത്തിനായുള്ള ഉപസ്ഥാപനങ്ങൾ (quasi residentiae) മാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ. അതിനു് പൊതുശ്രേഷ്ഠസംഘത്തിന്റെ അനുമതി ഉണ്ടായിരിക്കേണ്ടതുമാണു്.

2° സഹോദരന്മാരുടെ സ്ഥിരമായ താമസത്തിനായി ഉദ്ദേശിച്ചിട്ടുള്ള ഭവനങ്ങൾ ഏതെങ്കിലും ആശ്രമത്തിന്റെ അധീനതയിലോ മേൽശ്രേഷ്ഠന്മാരുടെ നേരിട്ടുള്ള അധീനതയിലോ സ്ഥാപിക്കപ്പെടാവുന്നതാണു്. അങ്ങനെ ആരുടെയെങ്കിലും സംരക്ഷണയിലായിരിക്കുന്നിടത്തോളംകാലം അതു് ഉപഭവനം എന്നു വിളിക്കപ്പെട്ടും. സന്യാസജീവിതത്തിനു് ആവശ്യമായവയും, നിശ്ചിത അംഗസംഖ്യയും, പ്രത്യേകമായ പ്രവർത്തനമണ്ഡലവും ഉണ്ടായിക്കഴിഞ്ഞാൽ ആ ഭവനം പൊതുശ്രേഷ്ഠസംഘത്തിന്റെ കല്പനമൂലം ആശ്രമമായി പ്രഖ്യാപിക്കപ്പെടേണ്ടതാണു്.

3° സഹോദരന്മാർ താമസിക്കുന്നതും എന്നാൽ ആശ്രമമായി ഉയർത്തുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്തതുമായ ഭവനങ്ങൾ ഉപസ്ഥാപനങ്ങൾ (quasi residentiae) എന്നു് വിളിക്കപ്പെടുന്നു. സഹോദരന്മാർ വസിക്കുന്ന മിഷനിലുള്ള ഭവനങ്ങൾ സ്റ്റേഷനുകൾ എന്നു വിളിക്കപ്പെടുന്നു.

4° സംഗതികളുടെ സ്വഭാവത്താലോ, സാഹചര്യങ്ങളാലോ, അന്യഥാ വിവക്ഷയില്ലാത്തപ്പോഴെല്ലാം ആശ്രമങ്ങളെക്കുറിച്ചു് പറഞ്ഞിരിക്കുന്നവ ഉപഭവനങ്ങളെയും ബാധിക്കുന്നതാണു്.

208 § 1. 1° സ്ഥാപിതങ്ങളായ പ്രവിശ്യകളോ, ഉപപ്രവിശ്യകളോ സംയോജിപ്പിക്കുകയോ, അവയുടെ അതിരു് മാററി നിർണ്ണയിക്കുകയോ, പുതിയവ സ്ഥാപിക്കുകയോ, സ്ഥാപിച്ചവ നിറുത്തലാക്കുകയോ, ചെയ്യുവാൻ പ. സിംഹാസനത്തിനുമാത്രമേ പാടുള്ളു.

(2° ഒരഭിപ്രായം)

സ്ഥാപിതമായ ഒരു പ്രവിശ്യ നിൎത്തലാക്കുന്നതു സംബന്ധിച്ചു്, പ. സിംഹാസനത്തോടപേക്ഷിക്കേണ്ടതു പൊതുസംഘമാണു്. § 1. 1° ൽ പറഞ്ഞിരിക്കുന്ന മററുകാര്യങ്ങൾ സംബന്ധിച്ചു് ബന്ധപ്പെട്ടപ്രവിശ്യകളിലെ പ്രവിശ്യാസംഘങ്ങളുടെ അപേക്ഷകൾ സ്വീകരിച്ചുകൊണ്ടു് പൊതുശ്രേഷ്ഠസംഘത്തിനു് അപേക്ഷിക്കുവാൻ പാടുണ്ടു്.

(വേറൊരഭിപ്രായം)

സ്ഥാപിതമായ ഒരു പ്രവിശ്യ വിഭജിക്കുകയോ നിറുത്തലാക്കുകയോ ചെയ്യുന്നതുസംബന്ധിച്ചു് പ. സിംഹാസനത്തോടപേക്ഷിക്കേണ്ടതു പൊതുസംഘമാണു്. § 1. 1° ൽ പറഞ്ഞിരിക്കുന്ന മററുകാര്യങ്ങൾസംബന്ധിച്ചു് ബന്ധപ്പെട്ട പ്രവിശ്യകളിലെ പ്രവിശ്യാസംഘങ്ങളുടെ അപേക്ഷകൾ സ്വീകരിച്ചുകൊണ്ടു് പൊതുശ്രേഷ്ഠസംഘത്തിനു് അപേക്ഷിക്കുവാൻ പാടുണ്ടു്.

§ 2. പൊതുശ്രേഷ്ഠൻെറയോ, പ്രവിശ്യാശ്രേഷ്ഠൻെറയോ നേരിട്ടുള്ള അധീനതയിൽ റീജിയനുകളുടെ ഭരണം നടത്താവുന്നതാണു്. എന്നാൽ ഏതെങ്കിലുമൊരു റീജിയനോ, അതിൻെറ ഒരു ഭാഗമോ, സഭാംഗങ്ങളും ഭവനങ്ങളും വസ്തുവകകളും സംബന്ധിച്ചിടത്തോളം സ്വയംപര്യാപ്തമാകത്തക്കവണ്ണം വികസിച്ചാൽ അതൊരു പ്രവിശ്യയായോ ഉപപ്രവിശ്യയായോ പ്രഖ്യാപിക്കുന്നതിനു് ശ്ലൈഹീക സിംഹാസനത്തോടപേക്ഷിക്കുവാൻ പൊതുശ്രേഷ്ഠസംഘത്തിനു് പാടുണ്ടു്. കുറഞ്ഞതു് രണ്ടു് ആശ്രമങ്ങളുൾപ്പെടെ നാലു

ഭവനങ്ങളും നാല്പതു് അംഗങ്ങളുമുള്ള പ്രദേശം ഉപപ്രവിശ്യയായും, കുറഞ്ഞതു നാലു് ആശ്രമങ്ങളുൾപ്പെടെ ആറു് ഭവനങ്ങളും എഴുപതു് അംഗങ്ങളുമുള്ള പ്രദേശം പ്രവിശ്യയായും സ്ഥാപിക്കപ്പെടുവാൻ അപേക്ഷിക്കാവുന്നതാണു്.

§ 3. സ്ഥാപിതങ്ങളായ പ്രവിശ്യകൾക്കോ ഉപപ്രവിശ്യകൾക്കോ പുറത്തു്, പുതിയ റീജിയനുകൾ സ്ഥാപിക്കുന്നതിനും അവ വിഭജിക്കുന്നതിനും പൊതുശ്രേഷ്ഠസംഘത്തിനു് പാടുണ്ടു്. എന്നാൽ പ്രസ്തുത പ്രദേശം ഏതെങ്കിലും പ്രവിശ്യയുടെ സംരക്ഷണത്തിൽ ഏല്പിച്ചിട്ടുള്ളതാണെങ്കിൽ അവിടത്തെ പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ സമ്മതം ആവശ്യമാണു്.

§ 4. ഒരുഭവനമോ, ഉപഭവനമോ സ്ഥാപിക്കുന്നതിനു് സ്ഥലത്തെ വൈദികമേലദ്ധ്യക്ഷൻെറ രേഖാമൂലമായ അനുവാദം ആവശ്യമാണു്. പുതിയ ഭവനത്തിൻെറ സ്ഥാപനത്തിനായി അപേക്ഷിക്കുവാൻ പ്രവിശ്യാശ്രേഷ്ഠസംഘത്തിനു് പാടുണ്ടു്. എന്നാലതു് അംഗീകരിക്കുകയും പുതിയ ഭവനം സ്ഥാപിക്കയുംചെയ്യുക പൊതുശ്രേഷ്ഠസംഘത്തിൻെറ മാത്രം അധികാരത്തിൽപ്പെട്ടതാകുന്നു.

§ 5. പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറയും പൊതുശ്രേഷ്ഠസംഘത്തിൻെറയും കുറിയോട്ടുകൂടിയും ബന്ധപ്പെട്ട ആശ്രമത്തിലെ ആശ്രമസംഘത്തിൻെറയും ഉപഭവനത്തിൽ ആലോചനാസംഘമുണ്ടെങ്കിൽ അതിൻെറയും അഭിപ്രായം അറിഞ്ഞുമല്ലാതെ, ഒരാശ്രമത്തിനു് കീഴ് ഉപഭവനം സ്ഥാപിക്കുകയോ സ്ഥാപിക്കപ്പെട്ടതു് സ്വതന്ത്രഭവനമായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതല്ല. ഭവനസ്ഥാപനത്തിൻെറ പ്രഖ്യാപനം നടത്തേണ്ടതു് പൊതുശ്രേഷ്ഠസംഘമാണു്.

§ 6. സഭയിൽ പുതുതായി ഉണ്ടാകുന്ന ധാർമ്മിക വ്യക്തികൾ നിർവ്വഹിക്കേണ്ട എല്ലാ ചുമതലകളും, ആ ഭവനങ്ങളുടെ സ്ഥാപനകാര്യത്തിൽ അധികാരമുള്ളവർ ബന്ധപ്പെട്ട എല്ലാവരോടും ആലോചിച്ചു് സ്ഥാപനരേഖയിൽതന്നെ എഴുതിക്കൊടുക്കേണ്ടതാണു്.

## സഭാംഗത്വം

209 § 1. ആദ്യവ്രതാനുഷ്ഠാനംവഴിയായി സഹോദരന്മാൎക്കു് സഭമുഴുവനിലും പൊതുവായ അംഗത്വം, ഏതുപ്രവിശ്യയിലോ, ഉപപ്രവിശ്യയിലോ, സ്വതന്ത്രറീജിയനിലോ വ്രതമനുഷ്ഠിക്കുന്നുവോ അതിൽ അംഗത്വവും ലഭിക്കുന്നു. (സ്വതന്ത്രറീജിയൻ = പ്രവിശ്യകളുടെ കീഴിലല്ലാത്തതു്, അഥവാ പൊതുശ്രേഷ്ഠന്റെ നേരിട്ടു് കീഴിലായിരിക്കുന്ന റീജിയൻ) ആശ്രമാംഗത്വമാകട്ടെ, പത്തേന്തിപ്രകാരമോ അല്ലെങ്കിൽ അതിനുതുല്ല്യമായ മറേറതെങ്കിലുംവിധത്തിലോ ഔദ്യോഗികമായി ഏതുഭവനത്തിലേയ്ക്കോ, ഉപഭവനത്തിലേയ്ക്കോ നിയോഗിക്കപ്പെടുന്നുവോ അവിടെയും ലഭിക്കുന്നു.

§ 2. മിഷൻസ്റ്റേഷനുകളിൽ വസിക്കുന്നവരുൾപ്പെടെ എല്ലാസഹോദരന്മാർക്കും ശരിയായ ആശ്രമാംഗത്വം നൽകപ്പെടേണ്ടതാണു്.

210 § 1. പൊതുശ്രേഷ്ഠൻ, പൊതുശ്രേഷ്ഠാലോചനക്കാർ, ജനറൽ എക്കോണമൂസ് എന്നിവരുടെ പ്രവിശ്യാംഗത്വത്തിനു് അവരുടെ ഉദ്യോഗം ദീൎഘിക്കുവോളം പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

§ 2. മറെറാരു പ്രവിശ്യയിലേയ്ക്കു് തല്ക്കാലത്തേയ്ക്കു കൊടുക്കപ്പെടുന്നവൎക്കു് പുതിയപ്രവിശ്യയിലും തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണു്.

211 § 1. ഒരു സഹോദരനെ ഒരു പ്രവിശ്യയിൽനിന്നു് മറെറാരു പ്രവിശ്യയിലേയ്ക്കു താല്ക്കാലികമായി നൽകേണ്ടിവന്നാൽ അതിനു് രണ്ടു പ്രവിശ്യാശ്രേഷ്ഠന്മാരുടെയും സമ്മതവും പൊതുശ്രേഷ്ഠന്റെ അനുമതിയും ആവശ്യമാണു്.

§ 2. ഗൗരവാവഹമായ കാരണമുള്ളപ്പോൾ ഇരുപ്രവിശ്യാശ്രേഷ്ഠന്മാരിൽ ആൎക്കെങ്കിലും പൊതുശ്രേഷ്ഠന്റെ സ

മ്മതത്തോട്ടുകൂടിയും ഇതരപ്രവിശ്യാശ്രേഷ്ഠനെ അറിയിച്ചുകൊണ്ടും അയാളെ താല്ക്കാലികമായി നല്കിയിരിക്കുന്ന സമയം കഴിയുന്നതിനുമുൻപുതന്നെ സ്വന്തപ്രവിശ്യയിലേയ്ക്കു് തിരിച്ചയക്കുകയോ തിരിച്ചുവിളിക്കുകയോ ചെയ്യാവുന്നതാണു്.

§ 3. അങ്ങനെതന്നെ പൊതുശ്രേഷ്ഠനു് ഇതരപ്രവിശ്യാശ്രേഷ്ഠന്മാരേയും അറിയിച്ചുകൊണ്ടു് സ്വന്തപ്രവിശ്യയിലേയ്ക്കു്തിരിച്ചുപോകുവാൻ അയാളോടു്കല്പിക്കാം.

§ 4. പ്രവിശ്യകൾതമ്മിൽ സഹോദരന്മാരെ താല്ക്കാലികമായികൈമാറുന്നതു് ഉപവിയുടെ അരൂപിയേയും ഐക്യത്തേയും പരിപോഷിപ്പിക്കുന്നതാകയാൽ വളരെ അഭിലഷണീയമാണു്.

§ 5 പ്രവിശ്യാസംബന്ധമായ ഒരുദ്യോഗത്തിനായിട്ടോ ഒരുഭവനത്തിൻെറ ശ്രേഷ്ഠനായിട്ടോ മറെറാരുപ്രവിശ്യയിലെ ഒരംഗത്തെ ആവശ്യപ്പെടുവാൻ പാടുണ്ടു്. പക്ഷെ അതിനു്പൊതുശ്രേഷ്ഠൻെറയും പ്രസ്തുതഅംഗത്തിൻെറ പ്രവിശ്യാശ്രേഷ്ഠൻെറയും അനുമതി ആവശ്യമാണു്.

212 സഹോദരന്മാർ പ്രവിശ്യാംഗത്വം മാറുന്നതിനു് അംഗമായിരിക്കുന്ന പ്രവിശ്യയുടെയും പുതിയപ്രവിശ്യയുടെയും പ്രവിശ്യാശ്രേഷ്ഠസംഘങ്ങളുടെ സമ്മതവും പൊതുശ്രേഷ്ഠൻെറ അംഗീകരണവുംകൂടാതെ പാടുള്ളതല്ല.

## കടമ, അനുവാദം, ഒഴിവു്.

213 വ്രതാനുഷ്ഠാനംവഴി സ്വയം ഏറെറടുത്തിരിക്കുന്ന പരിപൂർണ്ണതാപ്രാപ്തിക്കായി പരിശ്രമിക്കുവാനുള്ള സഹോദരന്മാരുടെ കടമയിൽനിന്നാണു് ന്യായപ്രമാണവും ക്രമച്ചട്ടങ്ങളും അനുസരിക്കുന്നതിനുള്ള ബാധ്യത ഉത്ഭവിക്കുന്നതു്. വ്രതങ്ങളുടെ ഗൗരവമായലംഘനം ഘനമായ പാപമാകും. നിന്ദാമുഖാന്തരമോ, കല്പിക്കപ്പെട്ടിരിക്കുന്നതിനെതിരായുള്ളതു് സ്വഭാവത്താലെയോ, മററുകാരണത്താലോ പാപമായിരിക്കുമ്പോഴോ അല്ലാതെ ന്യായപ്രമാണവും ക്രമച്ചട്ടങ്ങളും അതിനാൽതന്നെ പാപത്തിൻകീഴ്കടപ്പെടുത്തുന്നില്ല.

214 § 1. സഭാനിയമങ്ങളുടെ അനുസരണംസംബന്ധിച്ച് കൂടുതൽ വ്യക്തവും നിഷ്കൃഷ്ടവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പൊതുച്ചട്ടങ്ങൾ പൊതുസംഘം നിർമ്മിക്കണം. അതേ അധികാരത്താൽത്തന്നെ അവ വ്യത്യാസപ്പെടുത്താത്തിടത്തോളംകാലം അവ പ്രാബല്യത്തിലിരിക്കേണ്ടതാണ്. വിവിധക്രമച്ചട്ടങ്ങളുടെ പരിധിയും അധികാരവും ഇങ്ങനെ നിർമ്മിക്കുന്നക്രമച്ചട്ടങ്ങളിൽ കൂടുതൽ നിഷ്കൃഷ്ടമായി നിർണ്ണയിക്കാവുന്നതാണ്. ഈ ക്രമച്ചട്ടങ്ങളിലെ ഏതെങ്കിലും നിബന്ധനയിൽനിന്ന് ഗൗരവമായകാരണമുണ്ടെങ്കിൽ ഓരോ പ്രത്യേകകാര്യത്തിലും ഒഴിവുകൊടുക്കാൻ പൊതുശ്രേഷ്ഠസംഘത്തിന് പാടുണ്ട്.

§ 2 യൂണിവേഴ്സിററികോളജ്, ദിനപ്പത്രം തുടങ്ങിയ സഭയിലെ പ്രധാനസ്ഥാപനങ്ങൾക്കു വേണ്ടപ്രത്യേകക്രമച്ചട്ടങ്ങൾ ആവശ്യമുണ്ടെങ്കിൽ പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറയും, പൊതുശ്രേഷ്ഠസംഘത്തിൻെറയും അംഗീകാരത്തോടെ ആശ്രമസംഘമുണ്ടെങ്കിൽ അതിനോ അല്ലെങ്കിൽ സ്ഥലത്തെ ആലോചനാസംഘത്തിനോ നിർമ്മിക്കാവുന്നതാണ്. ഈവിധമുള്ള ക്രമച്ചട്ടങ്ങൾ അതേഅധികാരത്താൽ വ്യത്യാസപ്പെടുത്താത്തിടത്തോളംകാലം പ്രാബല്യത്തിലിരിക്കുന്നതാണ്.

215 § 1. ഒരുപ്രത്യേകകാര്യത്തിനായി നൽകപ്പെട്ട അനുവാദങ്ങളും ഒഴിവുകളും പ്രയോഗത്തിൽ വരുത്തുന്നതിനുമുൻപായി അവ നല്കിയ ശ്രേഷ്ഠൻെറ അധികാരം അവസാനിക്കുകയാണെങ്കിൽ അതോടുകൂടി അവയുംഅവസാനിക്കുന്നു. എന്നാലവ പ്രയോഗത്തിൽവരുത്തുവാൻ തുടങ്ങിയെങ്കിൽ തുടരാവുന്നതാണ്

§ 2. 1° തുടർച്ചയായി ഉപയോഗിക്കേണ്ട അനുവാദങ്ങളും ഒഴിവുകളുമാണെങ്കിൽ അവ ഉപയോഗിക്കാൻതുടങ്ങിയാൽ അനുവാദപത്രത്തിൽ അന്യഥാപറയാത്തപക്ഷം അവ നല്കിയ ശ്രേഷ്ഠൻെറ അധികാരം അവസനിക്കുന്നതോടുകൂടി അവസാനിക്കുന്നില്ല.

2൦ സ്ഥാനമൊഴിഞ്ഞശ്രേഷ്ഠനിൽനിന്നു കിട്ടിയിരുന്ന ഇപ്രകാരമുള്ള അനുവാദങ്ങൾ ഒരുമാസത്തിനകം പുതിയ ശ്രേഷ്ഠനെ ബോധിപ്പിക്കണം; അല്ലെങ്കിൽ ഒരുമാസം കഴിയുമ്പോൾ അവ സ്വതവേ അവസാനിക്കുന്നു.

§ 3. ശ്രേഷ്ഠന്മാർക്കും നവസന്യാസഗുരുവിനും ന്യായമായകാരണങ്ങളാൽ തങ്ങളുടെ കീഴുള്ളവർക്കു ഉപവാസത്തെയും മാംസവർജ്ജനത്തെയുംസംബന്ധിച്ച് പൊതുവായതും നമുക്കു പ്രത്യേകമുള്ളതുമായ നിശ്ചയങ്ങളിൽനിന്നും പൊതുജീവതമുറയുടെ നിബന്ധനകളിൽനിന്നും ഒഴിവുകൊടുക്കാൻ പാടുണ്ട്. സ്ഥലശ്രേഷ്ഠനു് ഓരോ പ്രത്യേകകാര്യത്തിലും ആലോചനക്കാരുടെ സമ്മതത്തോടുകൂടെമാത്രം സമൂഹം മുഴുവനും പൊതുവായ ഒഴിവു് നല്കാവുന്നതാണു്. സമൂഹം മുഴുവനും തുടർച്ചയായ ഒഴിവു നല്കുവാൻ മേൽശ്രേഷ്ഠന്മാർക്ക്മാത്രമേ പാടുള്ളൂ. അനുവാദം ഒരുമാസത്തിലധികം ആവശ്യമെങ്കിൽ പ്രസ്തുത മേൽശ്രേഷ്ഠൻെറ ആലോചനാസംഘത്തിൻെറ സമ്മതവും, ആറുമാസത്തിലധികമെങ്കിൽ പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതവും വേണ്ടതാണു്.

216 § 1. രേഖാമൂലം നല്കുന്ന കല്പനയിൽ മറിച്ചു പറയാത്തിടത്തോളം കല്പിക്കുന്നയാളിൻെറ അധികാരം തീർന്നാലും പ്രാബല്യത്തിലിരിക്കുന്നതാണു്.

§ 2. ശ്രേഷ്ഠൻെറ കല്പനയ്ക്കു് മേൽശ്രേഷ്ഠൻെറ പക്കൽ അപ്പീൽ ബോധിപ്പിച്ചാലും പുതിയ തീരുമാനം ഉണ്ടാകുന്നതുവരെ കല്പന അനുസരിക്കേണ്ടതാണു്.

## ഉദ്യോഗകാലാവധി

217 ഒരു പ്രത്യേക കാലാവധിവരേയ്ക്കും തിരഞ്ഞെടുക്കപ്പെടുകയോ നിയമിയ്ക്കപ്പെടുകയോചെയ്യുന്ന ആൾക്കു് ആ കാലാവധി കഴിഞ്ഞാലും പിൻഗാമി നിയമാനുസൃതം ഉദ്യോഗമേറെടുക്കുന്നതുവരെ ആ ഉദ്യോഗം സാധുവായും നിയമാനുസൃതമായും വഹിക്കാവുന്നതാണു്.

## ശിക്ഷകൾ

218 സഭാനിയമങ്ങളുടെയും ക്രമച്ചട്ടങ്ങളുടെയും അനുസരണം സഭാശ്രേഷ്ഠന്മാർ പ്രോത്സാഹിപ്പിക്കണം. ചെറിയനിയമലംഘനങ്ങൾപോലും ഉചിതമായ ഉപദേശങ്ങളാലും രക്ഷാകരമായ ശിക്ഷകളാലും തിരുത്തണം. പൊതുനിയമവും സഭാനിയമവും ക്രമച്ചട്ടങ്ങളും അനുസരിക്കാതിരിക്കുന്നവക്കും പ്രത്യേകമായി ഇത്തരം നിയമലംഘനത്തിൽ ദുശ്ശാഠ്യപൂർവ്വം നില്ക്കുന്നവക്കും നിയമത്തിൻെറ നിബന്ധനകൾ അനുസരിച്ചുകൊണ്ടു് അഹ്മായ ശിക്ഷകൾ നല്കണം.

219 § 1. തിരുകർമ്മങ്ങളിൽനിന്നു മുടക്കുക, ശ്രേഷ്ഠസ്ഥാനത്തിൽനിന്നും തല്ക്കാലത്തേയ്ക്കോ പൂർണ്ണമായോ നീക്കുക, തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നതിനുമുള്ള അഹ്ത നിഷേധിക്കുക എന്നിവ വലിയപ്രായശ്ചിത്തങ്ങളിൽ പെടുന്നു. വിശുദ്ധകർമ്മങ്ങളിൽനിന്നു മുടക്കുന്നതിനു് മേൽശ്രേഷ്ഠന്മാക്കുമാത്രമേ പാടുള്ളൂ. ബാഹ്യമായികുററം തെളിയിക്കാതെ(Imformata Conscientia) ഇതുചെയ്യാവുന്നതാണു്. ശ്രേഷ്ഠസ്ഥാനത്തുനിന്നും തല്ക്കാലത്തേയ്ക്കോ പൂർണ്ണമായോ നീക്കുക എന്നതു് പൊതുശ്രേഷ്ഠസംഘത്തിൻെറ അംഗീകാരത്തോടെ പ്രവിശ്യാശ്രേഷ്ഠസംഘം ചെയ്യേണ്ടതാണു്. തിരഞ്ഞെടുക്കപ്പെടുവാനുള്ള അഹ്ത നിഷേധിക്കുക എന്നതു് പൊതുശ്രേഷ്ഠസംഘത്തിനുമാത്രം ചെയ്യാവുന്നതാണു്.

§ 2. കുററത്തിൻെറ ഗൗരവാനുസരണം മേൽപറഞ്ഞ ഏതെങ്കിലും ശിക്ഷകൾകൊണ്ടു് ശിക്ഷിക്കപ്പെടാവുന്ന കുററങ്ങളിൽ താഴെപ്പറയുന്നവകൂടി ഉദാഹരണരീത്യാഉൾപ്പെടുന്നു: വ്രതങ്ങളെ ഗൗരവമായി ലംഘിക്കുക, പരസ്യവും ഗൗരവാവഹവും വിനാശകരവുമായ വിധം അധികാരികളെ വിമശിക്കുക, ദുർമ്മാതൃകാപരമായരീതിയിൽ ആശ്രമാവൃതിയേയും സന്യാസവസ്ത്രത്തെയും സംബന്ധിച്ച നിയമങ്ങളെ ലംഘിക്കുക, പ്രസിദ്ധീകരണങ്ങളുടെ പരിശോധന സംബന്ധിച്ച നിയമങ്ങളും ക്രമച്ചട്ടങ്ങളും ഗൗരവമായരീതിയിൽ ലംഘിക്കുക,

തിരുസ്സഭയ്ക്കോ സന്യാസസഭയ്ക്കോ ഗൗരവമായരീതിയിൽ നാശം ഭവിക്കത്തക്കവിധം നിയമാനുസൃതമല്ലാതെ പൊതുകാര്യങ്ങളിൽ പ്രവേശിക്കുക, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി കത്തുകൾ അയക്കുകയും സ്വീകരിക്കുകയുംചെയ്യുക, ആശ്രമത്തിനു പുറത്തുപോവുക, യാത്രയിലേർപ്പെടുക എന്നിവ സംബന്ധിച്ചുള്ള സഭാനിയമങ്ങളും ക്രമച്ചട്ടങ്ങളും ലംഘിക്കുക എന്നിവചെയ്യുന്നവർ സദുപദേശങ്ങളാലും ലഘുവായ ശിക്ഷകളാലും സ്വയം തിരുത്തുന്നില്ലെങ്കിൽ മേല്പറഞ്ഞ കൂടുതൽ ഗൗരവമായ ശിക്ഷകൾകൊണ്ടു് ശിക്ഷിക്കപ്പെടാവുന്നതാണു്

§ 3. ഗൗരവമായ വിധത്തിൽഅധികാരദുർവിനിയോഗംചെയ്യുകയും ഭരണത്തിലും സഭാവസ്തുക്കളുടെ കണക്കു് ക്രമച്ചട്ടങ്ങൾ അനുസരിച്ചു് ബോദ്ധ്യപ്പെടുത്തുന്നതിലും ഗൗരവമായ വിധത്തിൽ അവഗണനകാണിക്കുകയുംചെയ്യുന്ന ശ്രേഷ്ഠന്മാർ സ്ഥാനത്തിൽനിന്നും നീക്കപ്പെടണം.

§ 4. ആരെങ്കിലും സന്യാസസഭയ്ക്കകത്തോ, പുറത്തോ തനിക്കുവേണ്ടിയോ, മററാരാൾക്കുവേണ്ടിയോ ഏതെങ്കിലും വൈദികാധികാരം ഏതെങ്കിലും വിധത്തിൽ സമ്പാദിക്കുവാൻ പരിശ്രമിച്ചതായി തെളിഞ്ഞാൽ അയാൾക്കു് തെരഞ്ഞെടുക്കുവാനും തെരഞ്ഞെടുക്കപ്പെടുവാനുമുള്ള അർഹതനിഷേധിക്കണം. ശ്രേഷ്ഠനാണെങ്കിൽ സ്ഥാനത്തുനിന്നു് നീക്കണം

*മററു നിർദ്ദേശങ്ങൾ*

220 സഭാനിയമങ്ങളുടെയോ, പൊതുക്രമച്ചട്ടങ്ങളുടെയോ, പൊതുസംഘനിശ്ചയങ്ങളുടെയോ പ്രായോഗികാർത്ഥത്തെക്കുറിച്ചു് സംശയമുദിക്കുന്നെങ്കിൽ അങ്ങനെയുള്ള ഭാഗങ്ങളുടെ അർത്ഥം പൊതുശ്രേഷ്ഠസംഘം നിർണ്ണയിക്കണം. അടുത്തപൊതുസംഘംവരെമാത്രമേ ഈ നിർണ്ണയങ്ങൾക്കു് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. പൊതുസംഘം സമ്മേളിച്ചിരിക്കുന്ന അവസരത്തിലാണു് ഇത്തരം സംശയമുദിക്കുന്നതെങ്കിൽ

കാര്യം പൊതുസംഘംതന്നെ നിർണ്ണയിക്കണം. പൊതുസംഘത്തിൻെറ അധികാരപരിധിയിൽപ്പെട്ട ഏതെങ്കിലുമൊരു കാര്യം നിർണ്ണയിക്കപ്പെട്ടതായിരിക്കുകയും പൊതുസംഘത്തിനു മുൻപുതന്നെ കാര്യം നിർണ്ണയിക്കേണ്ട അത്യാവശ്യമുണ്ടായിരിക്കുകയുംചെയ്താൽ പൊതുശ്രേഷ്ഠസംഘത്തിന് കാര്യം സംബന്ധിച്ച് നിശ്ചയം ചെയ്യാവുന്നതാണ്

# പൊതുഭരണം

## പൊതുസംഘം

221 ആറാംകൊല്ലംതോറും പൊതുശ്രേഷ്ഠഭവനത്തിലോ അല്ലെങ്കിൽ പൊതുശ്രേഷ്ഠസംഘത്തോട്ട് ആലോചന ചോദിച്ചശേഷം പൊതുശ്രേഷ്ഠൻ നിശ്ചയിക്കുന്ന മറെറാരു ഭവനത്തിലോ അദ്ദേഹം നിശ്ചയിക്കുന്ന തിയതിയിൽ സാധാരണ പൊതുസംഘം സമ്മേളിക്കുന്നു.

222 സംഘം സമാരംഭിക്കുന്നതിനുമുൻപ് പൊതുശ്രേഷ്ഠസംഘം നേരിട്ടോ മററുള്ളവർവഴിയോ സംഘത്തിൽ ആലോചിക്കേണ്ടവയുടെ ഒരു പരിപാടി തയ്യാറാക്കുകയും സംഘം സമാരംഭിക്കുന്നതിനുമുൻപ് യഥാസമയം വിതരണം ചെയ്യുകയുംവേണം.

പൊതുസംഘത്തിൽ സംബന്ധിക്കുന്നതിനും മററുകാര്യങ്ങളാൽ തടസ്സപ്പെടുന്നില്ലെങ്കിൽ തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നതിനും പാട്ടുള്ളവർ താഴെ പറയുന്നവരാണ്.

223 1. സ്ഥാനമൊഴിയുന്ന പൊതുശ്രേഷ്ഠനും പൊതുസംഘത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന പൊതുശ്രേഷ്ഠനും.

2. സ്ഥാനമൊഴിയുന്ന പൊതുശ്രേഷ്ഠാലോചനക്കാരും സന്നിഹിതരെങ്കിൽ പുതുതായി തിരഞ്ഞെടുക്കുന്ന പൊതുശ്രേഷ്ഠാലോചനക്കാരും.

3. സ്ഥാനമൊഴിഞ്ഞ ജനറൽഎക്കോണമൂസും, സന്നിഹിതനെങ്കിൽ പുതുതായി തിരഞ്ഞെടുക്കുന്ന ജനറൽ എക്കോണമൂസും.

4. പ്രവിശ്യാശ്രേഷ്ഠന്മാരും ഉപപ്രവിശ്യാശ്രേഷ്ഠന്മാരും.

5. (ഡിക്രിയുടെ അനുബന്ധം നമ്പർ: 223 കാണുക)

224 സംഘത്തിൽ പൊതുശ്രേഷ്ഠൻ ആദ്ധ്യക്ഷ്യം വഹിക്കുന്നു. പുതുതായിതിരഞ്ഞെടുക്കപ്പെടുന്ന പൊതുശ്രേഷ്ഠൻ സ്ഥാനം സ്വീകരിച്ചതിൻശേഷം സംഘത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നു.

225 രഹസ്യവോട്ടുകൾവഴി പൊതുസംഘത്തിൽ വെച്ച് പൊതുശ്രേഷ്ഠൻ, പൊതുശ്രേഷ്ഠാലോചനക്കാർ, എക്കോണമൂസ് ജനറൽ എന്നിവരെ തിരഞ്ഞെടുക്കുന്നു.

226 ഒന്നാം പ്രാവിശ്യം വോട്ടുകളുടെ എണ്ണത്തിൽ പകുതിയിൽകൂടുതൽ വോട്ടുകിട്ടുന്നയാൾ തിരഞ്ഞെടുക്കപ്പെട്ടതായിപരിഗണിക്കണം. എന്നാൽ ഒന്നാംപ്രാവശ്യം ഈ ഭൂരിപക്ഷം ഒരുവനും ലഭിക്കുന്നില്ലെങ്കിൽ ഇതേവിധത്തിൽത്തന്നെ രണ്ടാമതും തിരഞ്ഞെടുപ്പുനടത്തുന്നു. ഈ പ്രാവശ്യവും ആർക്കും പകുതിയിൽക്കൂടുതൽ വോട്ടുകൾ ലഭിക്കുന്നില്ലെങ്കിൽ മൂന്നാംപ്രാവശ്യവും വോട്ടുചെയ്യുന്നു. അപ്പോഴും ഒരുവനും പകുതിയിലധികം ലഭിക്കുന്നില്ലെങ്കിൽ മൂന്നാംപ്രാവശ്യം താരതമ്യേന കൂടുതൽ വോട്ടുകിട്ടിയആൾ തെരഞ്ഞെടുക്കപ്പെട്ടതായി പരിഗണിക്കപ്പെടും. എന്നാൽ മൂന്നാംപ്രാവശ്യം വോട്ടുകൾ തുല്യമായിരുന്നാൽ ഉദ്യോഗപരിഗണനകൂടാതെ മുൻസ്ഥാനമുള്ളയാൾ തിരഞ്ഞെടുക്കപ്പെട്ടതായി പരിഗണിക്കണം. പൊതുശ്രേഷ്ഠൻെറ തിരഞ്ഞെടുപ്പിൽ മൂന്നാം പ്രാവശ്യവും പകുതിയിലധികം വോട്ടുകൾ ആർക്കും ലഭിക്കുന്നില്ലെങ്കിൽ നാലാമതും തിരഞ്ഞെടുപ്പുനടത്തുന്നു. എന്നാൽ നാലാമത്തെ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അ

ഹ്ത മൂന്നാംപ്രാവശ്യം താരതമ്യേന കൂടുതൽവോട്ടു കിട്ടിയി ട്ടുള്ള രണ്ടുപേക്ഷമാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ വോട്ടുകാ തുല്ല്യമായിരുന്നാൽ ഉദ്യോഗപരിഗണനകൂടാതെ സ്ഥാനക്രമത്തിൽ ആദ്യംവരുന്നയാൾക്കായിരിക്കും അഹ്ത. നാലാമത്തെ തിരഞ്ഞെടുപ്പിൽ സ്ഥാനാത്ഥികഠം ഹാജരുണ്ടെ ങ്കിൽ തിരഞ്ഞെടുപ്പിൽ അവർ പങ്കെടുക്കുന്നില്ല. പകുതിയി ലധികം വോട്ടുകിട്ടുന്നയാൾ തെരഞ്ഞെടുക്കപ്പെടുന്നതാണ്. വോട്ടുകഠം തുല്ല്യമായി വരികയാണെങ്കിൽ ഉദ്യോഗപരിഗ ണനകൂടാതെ സ്ഥാനക്രമത്തിൽ ഒന്നാമൻ തിരഞ്ഞെടുക്കപ്പെ ട്ടതായി പരിഗണിക്കണം.

227 § 1. തിരഞ്ഞെടുക്കപ്പെട്ട പൊതുശ്രേഷ്ഠൻ സന്നി ഹിതനല്ലെങ്കിൽ പൊതുസംഘം അദ്ദേഹത്തെ പ്രതീക്ഷിച്ചി രിക്കണം. മററുതിരഞ്ഞെടുപ്പുകളോ കാര്യാലോചനകളോ തുടരേണ്ടതല്ല.

§ 2. പൊതുശ്രേഷ്ഠാലോചനക്കാർ എല്ലാവരുടെ യും ജനറൽ എക്കോണമൂസിൻെറയും തെരഞ്ഞെടുപ്പുകഴിയു മ്പോഠം അവരിലാരെങ്കിലും ഹാജരില്ലെങ്കിൽ ഉടൻതന്നെ അവരെ വിവരമറിയിക്കുകയും ഇരുപത്തിനാലു മണിക്കൂറി നകം അവക്ക് വന്നുചേരാൻസാധിക്കുമെന്നു സംഘത്തിനു തോന്നുന്നതായാൽ കാര്യാലോചനകഠം ആരംഭിക്കുന്നതിനു മുൻപ് അത്രയുംസമയം അവരെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്യണം.

228 തിരഞ്ഞെടുക്കപ്പെട്ടവർ ദൈവസഹായത്തിൽ ആശ്ര യിച്ചുകൊണ്ടു് അവരെ ഏല്പിക്കുന്നജോലി വിനയത്തോ ടെ സ്വീകരിക്കണം. എന്നാൽ ആരെങ്കിലും സ്വീകരിക്കാ തിരിക്കുകയും അദ്ദേഹം സംഘത്തിലുണ്ടായിരിക്കുകയുംചെ യ്താൽ അനുസരണത്തിൻെറ കല്പനയാൽ സംഘം അദ്ദേഹ ത്തെ കടപ്പെടുത്തുകയോ വിസമ്മതം അനുവദനീയമെന്നു തോന്നിയാൽ വീണ്ടും തിരഞ്ഞെടുപ്പു നടത്തുകയോചെയ്യ ണം.

229 § 1. തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം പൊതുനന്മയ്ക്കായി ചെയ്യേണ്ടകാര്യങ്ങൾ തയ്യാറാക്കിയ പരിപാടിപ്രകാരം ചർച്ചചെയ്യണം. പൊതുസംഘത്തിനു് ലഭിച്ചിട്ടുള്ള അപേക്ഷകളും നിർദ്ദേശങ്ങളും സംഘാംഗങ്ങളായ മൂന്നുപേരുടെ ഒരു സമിതി പരിശോധിക്കുകയും വസ്തുതകളുടെ സ്വഭാവമനുസരിച്ചു് വേണ്ടവിധം അവതരിപ്പിക്കുകയുംവേണം. ഈ സമിതിയുടെ അദ്ധ്യക്ഷൻ പൊതുശ്രേഷ്ഠൻതന്നെയായിരിക്കണം. മററുരണ്ടുപേർ പൊതുസംഘത്താൽ രഹസ്യവോട്ടുകൾ വഴി താരതമ്യേന ഭൂരിപക്ഷമനുസരിച്ചു് തിരഞ്ഞെടുക്കപ്പെടണം.

§ 2. എല്ലാക്കാര്യങ്ങളും പകുതിയിലധികം വോട്ടുകൾ കിട്ടുന്നതനുസരിച്ചു് തീരുമാനിക്കണം.

230 പൊതുക്രമച്ചട്ടങ്ങളിൽ എന്തെങ്കിലും മാററംചെയ്യാനുണ്ടെങ്കിൽ പൊതുസംഘം അതിനെക്കുറിച്ചു് ആലോചിക്കുന്നു. പൊതുസംഘത്തിൻെറ മററു നിശ്ചയങ്ങൾക്കു് അടുത്ത പൊതുസംഘംവരെ പ്രാബല്ല്യമുണ്ടായിരിക്കുന്നതാണു്. ഇത്തരത്തിലുള്ള നിശ്ചയങ്ങൾ ചുരുക്കമായിരിക്കണം.

231 പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോടെ അസാധാരണ പൊതുസംഘം വിളിച്ചുകൂട്ടുക പൊതുശ്രേഷ്ഠൻെറ അധികാരത്തിൽപ്പെടുന്നു.

232 പൊതുസംഘത്തിൽ പങ്കെടുക്കുന്നവരോ അല്ലാത്തവരോ ആയ സഭയിലെ എല്ലാസഹോദരന്മാരും പൊതുസംഘത്തിനുമുമ്പും അതു നടന്നുകൊണ്ടിരിക്കുമ്പോഴും, പ്രത്യക്ഷമായോ പരോക്ഷമായോ തങ്ങൾക്കുവേണ്ടിത്തന്നെയോ മററുള്ളവക്കുവേണ്ടിയോ, വോട്ടുകൾ സമ്പാദിക്കാതിരിക്കാൻ സൂക്ഷിക്കണം.

233 പൊതുസംഘം നടന്നുകൊണ്ടിരിക്കുമ്പോൾ അതിൽ സംബന്ധിക്കുന്നവരാരും സംഘത്തിൽ സംബന്ധിക്കാത്തവരെ സംഘനടപടികളെന്തെങ്കിലും അറിയിക്കരുതു്. സംഘ

ത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗഭാരവാഹികളുടെ പേരുകൾ സംഘാദ്ധ്യക്ഷൻെറ നിശ്ചയാനുസരണം വെളിപ്പെടുത്താവുന്നതാണ്. അതുപോലെതന്നെ പൊതുസംഘത്തിനുശേഷവും രഹസ്യമായിരിക്കണമെന്നു പൊതുസംഘം തീരുമാനിച്ചവയെ സംബന്ധിച്ച് രഹസ്യം പാലിക്കുവാൻ കടമയുണ്ട്.

## പൊതുശ്രേഷ്ഠൻ

234 പൊതുശ്രേഷ്ഠൻ പൊതുസംഘത്തിൽവച്ച് തിരഞ്ഞെടുക്കപ്പെടുന്നു. അദ്ദേഹത്തിൻെറ ഉദ്യോഗകാലവധി ആറുകൊല്ലത്തേയ്ക്കാണ്. ഈ ഉദ്യോഗത്തിനായി വീണ്ടും അദ്ദേഹത്തെത്തന്നെ തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ തുടച്ചയായി മൂന്നാംപ്രാവശ്യം പാടില്ല.

235 § 1. പൊതുശ്രേഷ്ഠൻെറ ഉദ്യോഗത്തിനായി നാല്പതുവയസ്സും, ആദ്യവ്രതാനുഷ്ഠാനവും ഗുരുപ്പട്ടസ്വീകരണവും കഴിഞ്ഞിട്ട് പത്തുകൊല്ലവും പൂർത്തിയായിട്ടുള്ള ആളെ തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ എഴുപതു വയസ്സു തികഞ്ഞിരിക്കരുത്.

§ 2. പൊതുശ്രേഷ്ഠൻ സഭയ്ക്കുമുഴുവൻ മാതൃകയും, സുകൃതം, ജ്ഞാനം, വിവേകം, പൊതുനന്മയ്ക്കുവേണ്ടിയുള്ള തിക്ഷ്ണത എന്നിവയിൽ ഏററം പ്രമുഖനമായിരിക്കണം.

236 § 1. പൊതുസംഘത്തിനോ, പൊതുശ്രേഷ്ഠസംഘത്തിനോ, പ്രവിശ്യാസംഘത്തിനോ, പ്രവിശ്യാശ്രേഷ്ഠസംഘത്തിനോ ആയി നീക്കിവച്ചിട്ടുള്ളകാര്യങ്ങളൊഴികെ സഭാസംബന്ധമായ ഏതുകാര്യവും സ്വയമേചെയ്യുന്നതിനു് പൊതുശ്രേഷ്ഠനു പാടുണ്ട്.

§ 2. പൊതുശ്രേഷ്ഠൻ അദ്ദേഹത്തിൻെറ അധികാരത്തിൻകീഴുള്ള മററുശ്രേഷ്ഠന്മാരുടെ അധികാരത്തിൽ പ്രത്യേകവും ഗൗരവവുമായ കാരണമില്ലെങ്കിൽ പ്രവേശിക്കരുത്.

237 പൊതുശ്രേഷ്ഠൻ നേരിട്ട് അല്ലെങ്കിൽ ന്യായമായകാരണങ്ങളാൽ തടസ്സപ്പെട്ടപ്പോൾ സ്വന്തപ്രതിനിധികൾവഴിയായി ആറുകൊല്ലത്തിൽ രണ്ടുപ്രാവശ്യമെങ്കിലും സഭയിലുള്ള എല്ലാഭവനങ്ങളും സന്ദർശിക്കണം. അദ്ദേഹത്തിനു നേരിട്ട് വിധേയമായിരിക്കുന്ന ഭവനങ്ങൾ ആണ്ടിലൊരിക്കൽ സന്ദർശിക്കേണ്ടതാണു്.

238 § 1. സഭയുടെ സ്ഥിതിസംബന്ധിച്ച റിപ്പോർട്ട് പൊതുശ്രേഷ്ഠസംഘത്തിന്റെ കൈയൊപ്പോടെ നിയമാനുസരണം പൊതുശ്രേഷ്ഠൻ ശ്ലൈഹികസിംഹാസനത്തിനയയ്ക്കണം.

§ 2. അനുവാദങ്ങൾക്കും ഒഴിവുകൾക്കുമായി, പൊതുനിയമവും ക്രമച്ചട്ടങ്ങളുമനുസരിച്ച് ശ്ലൈഹികസിംഹാസനത്തോട്ട് അപേക്ഷിക്കാനുള്ളപ്പോൾ അതു് പൊതുശ്രേഷ്ഠൻവഴിയാണു് നിർവ്വഹിക്കേണ്ടതു്.

239 § 1. സഭയുടെ പൊതുനന്മയ്ക്കുവേണ്ടി സഭമുഴുവനിൽനിന്നും ഏതെങ്കിലുമൊരു സഹോദരനെ അദ്ദേഹത്തിന്റെ പ്രവിശ്യാശ്രേഷ്ഠനുമായി ആലോചിച്ചുകൊണ്ട് പൊതുശ്രേഷ്ഠനു് തന്റെ നേരിട്ടുകീഴിൽ നിശ്ചയിക്കാവുന്നതാണു്. ഇപ്രകാരം സ്വീകരിക്കപ്പെടേണ്ടയാൾ പ്രവിശ്യാസംഘത്താലോ, പ്രവിശ്യാശ്രേഷ്ഠസംഘത്താലോ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗഭാരവാഹിയാണെങ്കിൽ ഇക്കാര്യത്തിൽ പൊതുശ്രേഷ്ഠസംഘത്തിന്റെ സമ്മതം ആവശ്യമാണു്.

§ 2. പൊതുശ്രേഷ്ഠന്റെ നേരിട്ടുകീഴിൽ ജോലിനോക്കുന്ന ഏതെങ്കിലും സഹോദരനെ പ്രവിശ്യാസംഘമോ, പ്രവിശ്യാശ്രേഷ്ഠസംഘമോ ഉദ്യോഗത്തിനായി തിരഞ്ഞെടുത്താൽ പൊതുഗുണത്തിനാവശ്യമുണ്ടെങ്കിൽ പൊതുശ്രേഷ്ഠനു് ഈ തിരഞ്ഞെടുപ്പ് അസ്ഥിരപ്പെടുത്താവുന്നതാണു്.

240 പൊതുശ്രേഷ്ഠഭവനാദ്ധ്യക്ഷനായി (Prefect) ഒരു വൈദികനെ പൊതുശ്രേഷ്ഠൻ നിശ്ചയിക്കുകയും ഭവനത്തിന്റെ അനുദിനഭരണത്തിനാവശ്യമായ അധികാരങ്ങൾ അദ്ദേഹത്തിനു നല്കുകയുംചെയ്യുന്നു.

241 സഭമുഴുവനിലും അംഗങ്ങളുടെ രൂപീകരണം, സാമ്പത്തികകാര്യങ്ങളുടെ ശരിയായഭരണം, വിവിധപ്രേഷിതപ്രവർത്തനങ്ങൾ എന്നിവ നയിക്കുന്നതിനും ഏകീകരിക്കുന്നതിനും പുരോഗമിപ്പിക്കുന്നതിനും പ്രത്യേകകമ്മററികൾ ഏർപ്പെടുത്തണം.

242 പൊതുശ്രേഷ്ഠന്റെ സ്ഥാനത്യാഗം ശ്ലൈഹികസിംഹാസനത്തിനുമാത്രമേ സ്വീകരിക്കാൻ പാടുള്ളൂ.

243 പൊതുശ്രേഷ്ഠൻ അദ്ദേഹത്തിന്റെ ഉദ്യോഗം നിർവ്വഹിക്കുന്നില്ലെന്നോ അതുമല്ല അതിനെ ദുർവ്വിനിയോഗിക്കുന്നുവെന്നോ, സദുപദേശങ്ങൾ ശ്രവിക്കുന്നില്ലെന്നോ പൊതുശ്രേഷ്ഠാലോചനക്കാർ കണ്ടാൽ കാര്യംവേണ്ടവിധം പര്യാലോചിക്കുകയും പരിശോധിക്കുകയുംചെയ്തിട്ട് വിവരംശ്ലൈഹികസിംഹാസനത്തെ ധരിപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നതിനു് പൊതുശ്രേഷ്ഠാലോചനക്കാരായ നാലുപേരിൽ മൂന്നുപേരുടെയും ഏകാഭിപ്രായംആവശ്യമാണ്.

244 പൊതുശ്രേഷ്ഠസ്ഥാനംഏതുവിധേനയെങ്കിലും ഒഴിവായാൽ ഒന്നാംപൊതുശ്രേഷ്ഠാലോചനക്കാരൻ വികാരിജനറാളായിസഭയെ ഭരിക്കുന്നു. പൊതുശ്രേഷ്ഠൻ, പൊതുശ്രേഷ്ഠാലോചനക്കാർ ജനറൽഎക്കോണമൂസ് എന്നിവരെ തിരഞ്ഞെടുക്കുന്നതിനായി മൂന്നുമാസത്തിനുള്ളിൽ പൊതുസംഘം വിളിച്ചുകൂട്ടുക അദ്ദേഹത്തിന്റെ കടമയാണ്

245 § 1 പൊതുശ്രേഷ്ഠൻ സ്വന്തജോലി നിർവ്വഹിക്കുന്നതിനു് പ്രതിബന്ധപ്പെടുകയോ ഗൗരവമായ രോഗത്താൽ ബാധിതനാകയോചെയ്താൽ ഒന്നാം പൊതുശ്രേഷ്ഠാലോചനക്കാരൻ വികാരിജനറാളെന്നനിലയിൽ പൊതുശ്രേഷ്ഠനുപകരം ജോലിനോക്കുന്നു.

§ 2 വികാരി ജനറാൾ സാമാന്യഭരണത്തെ സംബന്ധിച്ചതോ നീട്ടിവയ്ക്കാൻ നിവൃത്തിയില്ലാത്തതോ ആയ കാര്യങ്ങളെമാത്രമേ നിർണ്ണയിക്കാവൂ. അദ്ദേഹം പൊതുശ്രേഷ്ഠന്റെ മനസ്സിനൊത്തു് പ്രവർത്തിക്കയുംവേണം.

§ 3 പൊതുശ്രേഷ്ഠൻ ഗൗരവമായരോഗത്താലോ, മറേറതെങ്കിലും കാരണത്താലോ ഭരണനിർവ്വഹണത്തിനു തടസ്സപ്പെട്ടു ഒരുവഷത്തിലധികം കഴിയുകയോ, കഴിയുമെന്നു മുൻകൂട്ടികാണുകയോചെയ്താൽ പുതിയതിരഞ്ഞെടുപ്പിനു നടപടിനടത്തുവാൻവേണ്ടി ശ്ലൈഹികസിംഹാസനത്തെ വിവരം അറിയിക്കണം. ദഫ്നിത്തോരിയിലെ നാലു അംഗങ്ങൾ ഇതിൽ സഹകരിക്കണം.

## പൊതുശ്രേഷ്ഠസംഘവും

## പൊതുശ്രേഷ്ഠാലോചനക്കാരും

246 പൊതുസംഘത്തിൽവച്ച് പൊതുശ്രേഷ്ഠൻെറ തിരഞ്ഞെടുപ്പ്കഴിഞ്ഞാൽ ഉടനെതന്നെ വ്യത്യസ്തവോട്ടുമൂലം നാലു പൊതുശ്രേഷ്ഠാലോചനക്കാരെ സഭ മുഴുവനിൽനിന്നും ആറുവഷത്തേക്കായി തിരഞ്ഞെടുക്കുന്നു. ഇവരും പൊതുശ്രേഷ്ഠനുംകൂടിയതാണു പൊതുശ്രേഷ്ഠസംഘം.

247 ഉദ്യോഗകാലാവുധി പൂത്തിയാകുന്ന നാലു പൊതുശ്രേഷ്ഠാലോചനക്കാരിൽ ഒരാളെമാത്രമേ അടുത്ത പൊതുസംഘത്തിൽ ഇതേ ഉദ്യോഗത്തിനായി തിരഞ്ഞെടുക്കാവൂ.

248 § 1. മുപ്പത്തിയഞ്ചുവയസ്സെങ്കിലും പൂത്തിയാകയും പ്രഥമ വ്രതാനുഷ്ഠാനവും പുരോഹിതപട്ടവും കഴിഞ്ഞിട്ടു ആറുവഷം തികയുകയും ചെയ്തിട്ടുള്ള ആരെയെങ്കിലും പൊതുശ്രേഷ്ഠാലോചനക്കാരൻെറ ഉദ്യോഗത്തിനായി തിരഞ്ഞെടുക്കാം.

§ 2. പൊതുശ്രേഷ്ഠാലോചനക്കാർ, വിജ്ഞാനത്തിലും വിവേകത്തിലും, പൊതുനന്മയിലുള്ള താല്പര്യത്തിലും പ്രമുഖരായിരിക്കണം: വിശിഷ്യാ, പൊതുശ്രേഷ്ഠൻെറ അസാന്നിദ്ധ്യത്തിൽ സഭയെ ഭരിക്കുവാനുള്ള ഒന്നാം പൊതുശ്രേഷ്ഠാലോചനക്കാരൻ.

249 പൊതുശ്രേഷ്ഠാലോചനക്കാരൻ സ്ഥാനത്യാഗം ചെയ്യുന്നെങ്കിൽ പൊതുശ്രേഷ്ഠസംഘത്തിൻെറ സമ്മതത്തോട്ടുകൂടി പൊതുശ്രേഷ്ഠൻ അതു സ്വീകരിക്കുന്നു. പ്രസ്തുത പൊതുശ്രേഷ്ഠസംഘത്തിൽ സ്ഥാനത്യാഗം ചെയ്യുന്നയാളിനുപകരം ജനറൽ എക്കോണമൂസ് സംബന്ധിക്കുന്നു.

250 ഏതുവിധേനയെങ്കിലും പൊതുശ്രേഷ്ഠാലോചനക്കാരൻെറ ജോലിക്ക് ഒഴിവുവന്നാൽ പൊതുശ്രേഷ്ഠസംഘം വേറൊരാളെ നാലാമത്തെയാളായി തിരഞ്ഞെടുക്കുന്നു.

251 എന്തെങ്കിലും കാര്യം നടത്തുവാനുണ്ടായിരുന്നാൽ പൊതുശ്രേഷ്ഠസംഘം വിളിച്ചുകൂട്ടുവാൻ പൊതുശ്രേഷ്ഠനു പാട്ടുണ്ട്. മൂന്നു പൊതുശ്രേഷ്ഠാലോചനക്കാർ എഴുത്താലെ ആവശ്യപ്പെട്ടാൽ അസാധാരണപൊതുശ്രേഷ്ഠസംഘം വിളിച്ചുകൂട്ടുവാൻ പൊതുശ്രേഷ്ഠൻ ബാദ്ധ്യസ്ഥനാണു്

252 പൊതുശ്രേഷ്ഠസംഘത്തിൽ തീരുമാനിക്കേണ്ടകാര്യങ്ങൾ അവതരിപ്പിക്കുവാൻ അദ്ധ്യക്ഷനു് അവകാശമുണ്ട്. എന്നാൽ അദ്ദേഹം എന്തെങ്കിലും വിട്ടുപോകയോ, അഥവാ എന്തെങ്കിലും കാരണത്താൽ അവതരിപ്പിക്കേണ്ടതാണെന്നു് തോന്നുകയോചെയ്താൽ പൊതുശ്രേഷ്ഠാലോചനക്കാരിലാക്കെങ്കിലും മററൊരു പൊതുശ്രേഷ്ഠാലോചനക്കാരൻെറ സമ്മതത്തോട്ടുകൂടി അനുവാദം ചോദിച്ചിട്ട് കാര്യം തീരുമാനിക്കുന്നതിനായി അവതരിപ്പിക്കാവുന്നതാണു്. എല്ലാക്കാര്യങ്ങളും കുറികളുടെ പൂർണ്ണമായ ഭൂരിപക്ഷമനുസരിച്ചു് തീരുമാനിക്കണം.

253 പൊതുശ്രേഷ്ഠാലോചനക്കാരിൽ ഒരാളെ പൊതുശ്രേഷ്ഠസംഘത്തിൻെറ കാര്യദർശിയായി തിരഞ്ഞെടുക്കുന്നു. ഇദ്ദേഹം പൊതുശ്രേഷ്ഠസംഘത്തിൻെറ നടപടികൾ രേഖപ്പെടുത്തുന്നു. അതു മററുള്ളവരെ അറിയിക്കുന്നെങ്കിൽ പ്രസ്തുത അറിയിപ്പിൽ പൊതുശ്രേഷ്ഠനും കാര്യദർശിയും കൈയൊപ്പു വെയ്ക്കേണ്ടതാണു്. എല്ലാനടപടികൾക്കും എല്ലാവരും കൈയൊപ്പുവയ്ക്കുന്നു.

254 അത്യാവശ്യസന്ദർഭങ്ങളിൽ പൊതുശ്രേഷ്ഠാലോചനക്കാരിലാരെങ്കിലും സന്നിഹിതനല്ലെങ്കിൽ അഞ്ചംഗസംഖ്യ തികയ്ക്കുന്നതിനു് ജനറൽ എക്കോണമൂസ് നിയമാനുസൃതം അതിൽ സംബന്ധിക്കുന്നു. ഇപ്രകാരംതന്നെ അത്യാവശ്യസന്ദർഭങ്ങളിൽ പൊതുശ്രേഷ്ഠാലോചനക്കാരിലാർക്കും തടസ്സമില്ലെങ്കിൽ എഴുത്തുമൂലം വോട്ടെടുക്കാവുന്നതാണു്.

255 പൊതുശ്രേഷ്ഠാലോചനക്കാർ കഴിയുന്നത്ര പൊതുശ്രേഷ്ഠഭവനത്തിൽതന്നെ താമസിക്കണം. മറെറാരുഭവനത്തിൽ താമസിക്കുന്നപക്ഷം പൊതുശ്രേഷ്ഠഭവനത്തിൽ മാത്രം ആശ്രമീയത്വം ഉണ്ടായിരിക്കുന്നതാണു്.

## ജനറൽ എക്കോണമൂസ്.

256 ജനറൽ എക്കോണമൂസ് പൊതുസംഘത്തിൽവച്ച് സഭമുഴുവനിൽനിന്നും ആറുവർഷത്തേക്കായി തിരഞ്ഞെടുക്കപ്പെടുന്നു.

257 അദ്ദേഹം നിത്യവ്രതം അനുഷ്ഠിച്ചവൈദികനും, ഭൗതികവസ്തുക്കളുടെ നടത്തലിൽ ഉത്സാഹിയും വിദഗ്ദ്ധനും, പൊതുനന്മയിലുള്ള തീക്ഷ്ണതയിൽ പ്രമുഖനുമായിരിക്കണം.

258 സമ്പാദിച്ചതോ നഷ്ടപ്പെട്ടതോ ആയ സാധനങ്ങളുടെ വിവരംഉൾപ്പെടെ എല്ലാവസ്തുക്കളുടെയും കൃത്യമായ പട്ടികയും വസ്തുവകകളുടെ പേരുവിവരവും സൂക്ഷിക്കുക, വരവുചിലവുകളുടെ കണക്കെഴുതുക, പണവും അതിനുള്ള അവകാശപത്രികകളും സൂക്ഷിക്കുക, സഭമുഴുവന്റെയും പൊതുവായ വസ്തുക്കളുടെ സ്ഥിരവും ആദായകരവുമായ സുസ്ഥിതിക്കു് ആവശ്യമായവ നിയമാനുസൃതമായി അധികാരത്തോടുകൂടി ചെയ്യുക എന്നിവയാണു് എക്കോണമൂസിന്റെ ജോലി

259 എല്ലാവർഷവും ആണ്ടിൽ രണ്ടുപ്രാവശ്യം സമ്മേളിക്കുന്ന സാധാരണ പൊതുശ്രേഷ്ഠസംഘത്തിനു് ജനറൽ എക്കോണമൂസ് തന്റെ കാര്യനിർവ്വഹണത്തിന്റെ പൂർണ്ണമായ

കണക്കു് സമപ്പിക്കേണ്ടതാണു്. പൊതുശ്രേഷ്ഠസംഘം ആവശ്യപ്പെട്ടപ്പോഴെല്ലാം ഇപ്രകാരം കണക്കു് സമപ്പിക്കണം.

260 § 1. സഭയ്ക്കുവേണ്ടിയുള്ള സാധാരണചെലവുകൾ പൊതുശ്രേഷ്ഠൻെറ നിർദ്ദേശമനുസരിച്ചു് എക്കോണമൂസ് ചെയ്യുന്നു. എന്നാൽ അസാധാരണചിലവുകൾ പൊതുശ്രേഷ്ഠൻെറയോ പൊതുശ്രേഷ്ഠസംഘത്തിൻെറയോ അനുമതിയോടുകൂടി ജനറൽ എക്കോണമൂസ് ചെയ്യുന്നു.

§ 2. വിവിധ ഭക്തകാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള വസ്തുക്കൾ പ്രത്യേകം അന്വേഷിച്ചു നടത്തണം

261 പൊതുചെലവുകൾക്കായി പ്രവിശ്യകൾക്കും ഉപപ്രവിശ്യകൾക്കും ഓരോന്നിൻെറയും സാമ്പത്തികസ്ഥിതിക്കനുസൃതമായ വീതം പൊതുശ്രേഷ്ഠസംഘം നിശ്ചയിക്കുകയും, ജനറൽ എക്കോണമൂസ് പ്രസ്തുതസംഖ്യകൾ പിരിച്ചെടുത്തു് കൈകാര്യംചെയ്യുകയും ചെയ്യുന്നു.

262 § 1. ജനറൽ എക്കോണമൂസിൻെറ സ്ഥാനത്യാഗം പൊതുശ്രേഷ്ഠസംഘം സ്വീകരിക്കുന്നു.

§ 2. ഏതുവിധേനയെങ്കിലും ജനറൽ എക്കോണമൂസിനു് ജോലിനിവ്വഹണം സാധ്യമല്ലാതെവന്നാൽ സഭയിൽ എവിടെനിന്നെങ്കിലും വേറൊരാളെ പൊതുശ്രേഷ്ഠസംഘം തിരഞ്ഞെടുക്കുന്നു.

# പ്രവിശ്യാഭരണം.

## പ്രവിശ്യാസംഘം.

263 മൂന്നാംകൊല്ലംതോറും സാധാരണ പ്രവിശ്യാസംഘം പ്രവിശ്യാഭവനത്തിലോ ആലോചനാസംഘത്തിൻെറ അഭിപ്രായത്തോടെ മറെറാരുഭവനത്തിലോ കൂടുന്നതിനു് പ്രവി

ശ്യാശ്രേഷ്ഠൻ നിശ്ചയിക്കുന്നു. പ്രവിശ്യാസംഘം കൂട്ടുന്നതിനുള്ള തീയതി ആലോചനാസംഘത്തിൻെറ അഭിപ്രായത്തോടെ പ്രവിശ്യാശ്രേഷ്ഠൻ തീരുമാനിക്കുന്നു.

264 പ്രവിശ്യാസംഘത്തിൽ സംബന്ധിക്കുന്നതിനും കാര്യങ്ങൾ നിർണ്ണയിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനും, മററു പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെടുന്നതിനും, അർഹതയുള്ളവർ താഴെപറയുന്നവരാണ്.

1. ഉദ്യോഗമൊഴിയുന്ന പ്രവിശ്യാശ്രേഷ്ഠനും നവമായിതിരഞ്ഞെടുക്കപ്പെടുന്ന പ്രവിശ്യാശ്രേഷ്ഠനും;

2. പ്രവിശ്യാശ്രേഷ്ഠാലോചനക്കാർ;

3. പ്രൊവിൻഷ്യൽ എക്കോണമൂസ്സ്;

4. നവസന്യാസികളുടെഗുരു;

5. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ആലോചനക്കാക്കും പ്രൊവിൻഷ്യൽ എക്കോണമൂസിനും നവസന്യാസഗുരുവിനും സംഘത്തിൽ സംബന്ധിക്കാനവകാശമുണ്ട്. അവക്ക് സൗകര്യമായിവന്ന് സംബന്ധിക്കാൻ സാധിക്കുമെന്ന് സംഘാംഗങ്ങൾ നിശ്ചയിക്കുന്നെങ്കിൽമാത്രം സംഘം അവരെ പ്രതീക്ഷിച്ചിരിക്കുന്നു.

6. ആശ്രയിച്ചുനില്ക്കുന്ന റീജിയൻെറ ശ്രേഷ്ഠൻ

7. പ്രവിശ്യമുഴുവനിൽനിന്നും താഴെപറയുന്നവിധത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ, ഇവരുടെ എണ്ണം ഓരോ പ്രവിശ്യക്കും എത്രയെന്ന് പൊതുശ്രേഷ്ഠസംഘം നിശ്ചയിക്കുന്നു. പ്രവിശ്യാസംഘത്തിൽ ഔദ്യോഗികമായി സംബന്ധിക്കുന്നവരൊഴികെ പ്രവിശ്യയിലുള്ള നിത്യവ്രതാനുഷ്ഠായികളും പഠനം പൂർത്തിയായ ശേഷം പത്തേന്തി

പ്രകാരം ആശ്രമീയത്വം ലഭിച്ചവരുമായ എല്ലാവൈദികരുടെയും ലിസ്റ്റ് ഉണ്ടാക്കുന്നു. പ്രസ്തുത ലിസ്റ്റിൽപെട്ട ഓരോരുത്തർക്കും അതു് അയച്ചുകൊടുക്കുന്നു. ഈ ലിസ്റ്റിൽ ഓരോരുത്തനും തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ പേരുകൾ അടയാളപ്പെടുത്തുകയും പ്രവിശ്യാശ്രേഷ്ഠസംഘത്തിനു് അയച്ചുകൊടുക്കുകയുംചെയ്യുന്നു. പ്രവിശ്യാശ്രേഷ്ഠൻ തൻെറ ആലോചനക്കാരോടുകൂടെ പേരുകൾ പരിശോധിക്കുകയും ആനുപാതികമായി കൂടുതൽ വോട്ടുകൾ ലഭിക്കുന്നവരെ പ്രവിശ്യാസംഘത്തിലേക്കുള്ള പ്രതിനിധികളായി പ്രഖ്യാപിക്കുകയുംചെയ്യുന്നു. എന്നാൽ തുല്യമായ വോട്ടുകൾ ലഭിക്കുന്നവരിൽ ഉദ്യോഗപരിഗണന കൂടാതെ സ്ഥാനക്രമത്തിൽ മൂത്തയാളെ അംഗമായി തിരഞ്ഞെടുക്കുന്നു.

265 പൊതുസംഘത്തിലെ നടപടിക്രമങ്ങളെക്കുറിച്ചു് പറഞ്ഞിരിക്കുന്നവ പരസ്പരം യോജിക്കുന്നതുപോലെ താഴെപറയുന്ന നിർദ്ദേശം പാലിച്ചുകൊണ്ടു് പ്രവിശ്യാസംഘത്തിനും പ്രയോഗിക്കാവുന്നതാണു്.

266 പകുതിയിലധികം വോട്ടുകളോടെ പ്രവിശ്യാസംഘം പ്രവിശ്യാശ്രേഷ്ഠനേയും, നാലു്പ്രവിശ്യാശ്രേഷ്ഠാലോചനക്കാരെയും, പ്രൊവിൻഷ്യൽ എക്കോണമൂസിനെയും, നവസന്യാസഗുരുവിനെയും, പൊതുസംഘത്തിലെ തിരഞ്ഞെടുപ്പു് നടത്തുന്നരീതിയിൽ തിരഞ്ഞെടുക്കുന്നു. എന്നാൽ മൂന്നാമത്തെ വോട്ടെടുപ്പിനുശേഷവും ആർക്കും പകുതിയിലധികം വോട്ടുകൾ കിട്ടുന്നില്ലെങ്കിൽ പ്രവിശ്യാശ്രേഷ്ഠൻെറ കാര്യത്തിലൊഴികെ ആനുപാതികമായി അധികം വോട്ടുകൾ ലഭിച്ചയാൾ തിരഞ്ഞെടുക്കപ്പെട്ടവനായിരിക്കും. പ്രവിശ്യാശ്രേഷ്ഠൻെറ തിരഞ്ഞെടുപ്പിൽ മൂന്നാംപ്രാവശ്യവും പകുതിയിലധികം വോട്ടുകൾ ആർക്കും ലഭിക്കുന്നില്ലെങ്കിൽ പൊതുശ്രേഷ്ഠൻെറ തിരഞ്ഞെടുപ്പിൽ പറഞ്ഞിരിക്കുന്നതുപൊലെ നാലാമതും വോട്ടെടുപ്പു് നടത്തണം.

പ്രവിശ്യാശ്രേഷ്ഠൻെറ തിരഞ്ഞെടുപ്പിനുശേഷം പ്രവിശ്യാശ്രേഷ്ഠാലോചനക്കാരുടെ തിരഞ്ഞെടുപ്പിനു മുമ്പായി

നവമായി തിരഞ്ഞെടുക്കപ്പെട്ടയാളിൻെറ പേരു് സ്ഥിരീകരണത്തിനു വേണ്ടി പൊതുശ്രേഷ്ഠസംഘത്തിനു സമപ്പിക്കേണ്ടതാണു്

267 § 1 പ്രവിശ്യാസംഘത്തിൽ സാമാന്യമായി, പ്രവിശ്യയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തെ സഹായിക്കുന്ന കാര്യങ്ങൾ ചച്ചചെയ്യപ്പെടുന്നു. എന്നാൽ ഇതിനുംപുറമേ പൊതുസംഘത്തിനു നേരിട്ടുമുമ്പുകൂടേണ്ട പ്രവിശ്യാസംഘത്തിൽ പൊതുസംഘത്തിലേക്കുള്ള പ്രതിനിധികളെ വോട്ടുകളുടെ ആനുപാതികമായ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കുകയും, പൊതുസംഘത്തിനു സമപ്പിക്കേണ്ട കാര്യങ്ങളെക്കുറിച്ചു് ആലോചിക്കുകയുംചെയ്യുന്നു. പ്രവിശ്യാഭാരവഹികളുടെ തിരഞ്ഞെടുപ്പിനു് സമയമായെങ്കിൽ അതു പൊതുസംഘത്തിനു ശേഷമുള്ള ഒരു സെക്ഷനിൽ വച്ചുനടത്തണം, പ്രവിശ്യാഭാരവഹികളിൽനിന്നാരെങ്കിലും പൊതുസംഘത്തിൽ തിരഞ്ഞെടുക്കപ്പെടുന്നപക്ഷം പ്രവിശ്യാശ്രേഷ്ഠനൊഴികെ മററാരും പിന്നീടു് പ്രവിശ്യാസംഘത്തിൽ സംബന്ധിക്കേണ്ടതല്ല. പ്രസ്തുത സന്ദഭത്തിൽ പ്രവിശ്യാശ്രേഷ്ഠനു് സംഘത്തിൽ സന്നിഹിതനാകുന്നതിനും വോട്ടുചെയ്യാതെ അദ്ധ്യക്ഷനാകുന്നതിനും പാടുണ്ടു്. പ്രവിശ്യാസംഘപ്രതിനിധികളിലാരെങ്കിലും പൊതുസംഘത്താൽ ഏതെങ്കിലും ഉദ്യോഗത്തിനു് തിരഞ്ഞെടുക്കപ്പെടുന്നപക്ഷം ആ സ്ഥാനം പിന്നീടു വരുന്ന സെക്ഷനിൽ, വോട്ടിൻെറ എണ്ണംകൊണ്ടു് അടുത്തു വരുന്നയാൾ സ്വീകരിക്കുന്നു.

§ 2 പ്രവിശ്യാസംഘത്തിൻെറ എല്ലാനടപടികളും പൊതുശ്രേഷ്ഠസംഘത്തെ അറിയിക്കണം. എല്ലാനിയമങ്ങളും, പൊതുക്രമത്തെയും, പൊതുവായ നയത്തെയും ബാധിക്കുന്ന നിശ്ചയങ്ങളും പൊതുസംഘത്തിൻെറ അംഗീകരണത്തിനു വിധേയമാക്കുകയുംവേണം.

268 പ്രവിശ്യാശ്രേഷ്ഠനു് തൻെറ ആലോചനാസംഘത്തിൻെറ സമ്മതത്തോടും പൊതുശ്രേഷ്ഠൻെറ അംഗീകാരത്തോടും കൂടി അസാധാരണമായ പ്രവിശ്യാസംഘം വിളിച്ചുകൂട്ടുവാൻ പാടുണ്ടു്.

## പ്രവിശ്യാശ്രേഷ്ഠൻ

269 266–ാം ലക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവിശ്യാശ്രേഷ്ഠൻ മൂന്നുവർഷത്തേക്കു തെരഞ്ഞെടുക്കപ്പെടുന്നു. ആദ്യത്തെ രണ്ടുവോട്ടിങ്ങിൽ തീരുമാനമാകുന്നില്ലെങ്കിൽ മൂന്നാമത്തെ വോട്ടിങ്ങിനു് ഉദ്യോഗം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രൊവിൻഷ്യൽ തെരഞ്ഞെടുക്കപ്പെടുന്നതിനു് അർഹതയില്ലാതായിത്തീരുന്നു. പക്ഷെ തുടർച്ചയായി മൂന്നുപ്രാവശ്യം ആരും പ്രവിശ്യാശ്രേഷ്ഠനായിരുന്നുകൂടാ, രണ്ടുപ്രാവശ്യം തുടർച്ചയായി പ്രവിശ്യാശ്രേഷ്ഠനായിരുന്ന ഒരാൾ ചുരുങ്ങിയപക്ഷം ആറുമാസമെങ്കിലും കഴിയാതെ, പ്രവിശ്യാശ്രേഷ്ഠാലോചനക്കാരനോ സ്ഥലശ്രേഷ്ഠനോ ആയി തിരഞ്ഞെടുക്കപ്പെട്ടുകൂടാ.

270 പ്രവിശ്യാശ്രേഷ്ഠൻ മുപ്പത്തിയഞ്ചുവയസെങ്കിലും പ്രായമുള്ളവനും, ആദ്യവ്രതത്തിനുശേഷം പത്തുവർഷവും പട്ടമേററിട്ടു ആറുവർഷവും തികഞ്ഞിട്ടുള്ളവനും എഴുപതുവയസ്സ് തികയാത്തവനുമായിരിക്കണം. പ്രവിശ്യാശ്രേഷ്ഠൻ ജ്ഞാനം, വിവേകം, പൊതുഗുണത്തെപ്പററിയുള്ള തീക്ഷ്ണത എന്നിവയിൽ പ്രമുഖനുമായിരിക്കണം. പ്രവിശ്യാശ്രേഷ്ഠൻ പ്രവിശ്യാഭവനത്തിൻേറതല്ലാതെ മറെറാരുഭവനത്തിൻെറ ശ്രേഷ്ഠനായിരുന്നുകൂടാ.

271 പ്രവിശ്യാശ്രേഷ്ഠൻ പൊതുശ്രേഷ്ഠൻെറ നിയന്ത്രണത്തിൻകീഴിൽ അദ്ദേഹത്തോടു് പൂർണ്ണമായി സഹകരിച്ചുകൊണ്ടു് പ്രവിശ്യാഭരണം നടത്തുന്നു. പ്രവിശ്യയിൽ ചെയ്യുന്നതോ സംഭവിക്കുന്നതോ ആയ എല്ലാപ്രധാനസംഗതികളും പ്രവിശ്യാശ്രേഷ്ഠൻ പൊതുശ്രേഷ്ഠനെ അറിയിക്കേണ്ടതാണു്.

272 പ്രവിശ്യാശ്രേഷ്ഠനു് പ്രവിശ്യമുഴുവനിലും അധികാരമുണ്ടെങ്കിലും ഗുരുതരമായ കാരണമില്ലാതെ തൻെറകീഴുള്ള ശ്രേഷ്ഠന്മാരുടെ ഉദ്യോഗങ്ങളിൽ ഇടപെടരുതു്.

273 പ്രവിശ്യാശ്രേഷ്ഠൻ നേരിട്ടോ, ന്യായമായകാരണത്താൽ തടസ്സപ്പെട്ടാൽ വേറൊരാൾ വഴിയോ, മൂന്നുവഷത്തിനിടക്ക് രണ്ടുപ്രാവശ്യം തൻെറ പ്രവിശ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തേണ്ടതാണ്. ഓരോസന്ദർശനം കഴിയുമ്പോഴും പൊതുശ്രേഷ്ഠന്നു റിപ്പോർട്ടയക്കേണ്ടതാണ്.

174 തൻെറപ്രവിശ്യയിലുള്ള ഓരോസഹോദരനും ആശ്രമീയതപം നിശ്ചയിച്ചു കൊടുക്കേണ്ടതു് പ്രവിശ്യാശ്രേഷ്ഠനാണ്.

275 പ്രവിശ്യാശ്രേഷ്ഠൻെറ സ്ഥാനത്യാഗം പൊതുശ്രേഷ്ഠസംഘമാണ് സ്വീകരിക്കേണ്ടതു്. അദ്ദേഹത്തിനു ജോലിനോക്കുവാൻ സാധിക്കാത്ത അവസരങ്ങളിൽ പ്രവിശ്യാശ്രേഷ്ഠാലോചനക്കാരിൽ ഒന്നാമത്തെയാൾ അദ്ദേഹത്തിനു പകരം ജോലിനോക്കുന്നു.

276 പ്രവിശ്യാശ്രേഷ്ഠൻെറ സ്ഥാനം ഏതെങ്കിലും കാരണത്താൽ ഒഴിവായാൽ പ്രവിശ്യാശ്രേഷ്ഠാലോചനക്കാരിൽ ഒന്നാമത്തെയാൾ പ്രൊവിൻഷ്യൽവികാരിയായി പ്രവിശ്യാഭരണംനടത്തുന്നു. പുതിയ പ്രവിശ്യാശ്രേഷ്ഠനേയും പ്രവിശ്യാസംഘത്താൽ തിരഞ്ഞെടുക്കപ്പെടേണ്ട മററുദ്യോഗസ്ഥന്മാരെയും തിരഞ്ഞെടുക്കുവനായി രണ്ടുമാസത്തിനകം അസാധാരണപ്രവിശ്യാസംഘം വിളിച്ചുകൂട്ടേണ്ടതു് അദ്ദേഹത്തിൻെറ ചുമതലയാണ്.

277 പ്രവിശ്യാശ്രേഷ്ഠൻ തൻെറ ഉദ്യോഗം തൃപ്തികരമായി നിവ്വഹിക്കുന്നില്ലെന്നോ, അതുമല്ല ദുരുപയോഗിക്കുന്നെന്നും, സദുപദേശങ്ങൾക്കു വഴിപ്പെടുന്നില്ലെന്നും പ്രവിശ്യാശ്രേഷ്ഠാലോചനക്കാർ കണ്ടാൽ കാര്യം നന്നായിആലോചിച്ചശേഷം പൊതുശ്രേഷ്ഠസംഘത്തെ അറിയിക്കേണ്ടതാണ്. പൊതുശ്രേഷ്ഠസംഘത്തിനാകട്ടെ പ്രവിശ്യാശ്രേഷ്ഠനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള നടപടികൾപോലും സ്വീകരിക്കാവുന്നതാണ്. അങ്ങനെ വേണ്ടിവരുമ്പോൾ മുൻലക്കത്തിൽ പറഞ്ഞിരിക്കുന്നവിധം എല്ലാം നടത്തേണ്ടതാണ്. എന്നാൽ

പൊതുശ്രേഷ്ഠസംഘം അദ്ദേഹത്തെ സ്ഥാനത്തുനിന്നും താല്ക്കാലികമായിമാത്രം മാററുന്നതായാൽ (Suspend) ഒരുപ്രവിശ്യാവികാരിയെ നിശ്ചിക്കണം; താൽക്കാലികസ്ഥാനഭ്രംശം ആറുമാസത്തിലധികം ദീഘിക്കരുതു്. നാലു പ്രവിശ്യാലോചനക്കാരിൽ മൂന്നുപേർ അനുകൂലിച്ചുവേണം ദഫ്നിതോരിയെ വിവരങ്ങൾ അറിയിക്കുവാൻ.

278 പ്രവിശ്യാശ്രേഷ്ഠൻ തൻെറ പ്രവിശ്യാശ്രേഷ്ഠഭവനം ഒരു പ്രീഫെക്ട്വഴി ഭരിക്കുന്നു.

## പ്രവിശ്യാശ്രേഷ്ഠസംഘം

## പ്രവിശ്യാശ്രേഷ്ഠാലോചനക്കാർ

## പ്രൊവിൻഷ്യൽ എക്കോണമൂസ്

279 പ്രവിശ്യാശ്രേഷ്ഠനും നാലുപ്രവിശ്യാശ്രേഷ്ഠാലോചനക്കാരുംകൂടിയതാണു് പ്രവിശ്യാശ്രേഷ്ഠസംഘം.

280 പ്രവിശ്യാസംഘം പ്രവിശ്യമുഴുവനിൽനിന്നും പ്രവിശ്യാശ്രേഷ്ഠാലോചനക്കാരെ തിരഞ്ഞെടുക്കുന്നു. ഇവർ വൈദികരുടെയിടയിൽ വിവേകത്തിൽ മികച്ചവരും സന്യാസാനുഷ്ഠാനത്തിൽ മാതൃകകളും ആയിരിക്കണം.

281 ഉദ്യോഗം ഒഴിഞ്ഞ നാലു് ആലോചനക്കാരിൽനിന്നു ഒരാൾമാത്രമേ വീണ്ടും ആലോചനക്കാരനായി തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളൂ.

282 § 1. പ്രവിശ്യാലോചനക്കാരിൽ ആരെങ്കിലും ഉദ്യോഗകാലാവുധിക്കുള്ളിൽ ഏതെങ്കിലും വിധത്തിൽ വശക്കേടിലായാൽ പൊതുശ്രേഷ്ഠസംഘം പ്രവിശ്യാശ്രേഷ്ഠസംഘത്തോടാലോചിച്ചു്, വേറൊരാളെ അദ്ദേഹത്തിൻെറ സ്ഥാനത്തു നാലാം ആലോചനക്കാരനായി നിശ്ചയിക്കേണ്ടതാണു്.

§ 2. പ്രവിശ്യാശ്രേഷ്ഠാലോചനക്കാരൻെറ രാജി സ്വീകരിക്കുന്നതു് പൊതുശ്രേഷ്ഠസംഘമാണു്.

283 § 1. വർഷംതോറും പ്രവിശ്യാശ്രേഷ്ഠസംഘം രണ്ടു പ്രാവശ്യം സാധാരണ സമ്മേളനങ്ങൾ നടത്തണം.

§ 2. പ്രവിശ്യാശ്രേഷ്ഠന് അസാധാരണപ്രവിശ്യാശ്രേഷ്ഠസംഘം വിളിച്ചുകൂട്ടാവുന്നതാണ്; മൂന്ന് ആലോചനക്കാർ രേഖാമൂലം ആവശ്യപ്പെടുന്നതായാൽ അപ്രകാരം സംഘം കൂട്ടുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരിക്കും.

284 ആലോചനാവിഷയങ്ങൾ പ്രവിശ്യാശ്രേഷ്ഠസംഘത്തിൽ അവതരിപ്പിക്കുകയും നിർണ്ണയിക്കുകയുംചെയ്യുന്നതിൽ പൊതുശ്രേഷ്ഠസംഘത്തെക്കുറിച്ചു പറഞ്ഞവതന്നെ പാലിക്കപ്പെടണം. പ്രവിശ്യാശ്രേഷ്ഠസംഘത്തിലെ കാര്യദർശിയെസംബന്ധിച്ചും ഇതുതന്നെ പറയേണ്ടതാണ്.

285 അടിയന്തിരസന്ദർഭങ്ങളിൽ പ്രവിശ്യാശ്രേഷ്ഠാലോചനക്കാരിൽ ഒരാൾ സ്ഥലത്തില്ലാതെവന്നാൽ പ്രൊവിൻഷ്യൽ എക്കോണമൂസ് പ്രവിശ്യാശ്രേഷ്ഠസംഘത്തിൻെറ അഞ്ചംഗസംഖ്യ തികക്കുന്നതിനു നിയമാനുസൃതം കൂടേണ്ടതാണ്.

286 ജനറൽ എക്കോണമൂസിനെപ്പററി പറഞ്ഞിരിക്കുന്നവ ആവശ്യമായ ഭേദഗതികളോടെ പ്രൊവിൻഷ്യൽ എക്കോണമൂസിൻെറ സംഗതിയിലും പ്രായോഗികമാക്കേണ്ടതാണ്.

## ഉപപ്രവിശ്യയും പ്രദേശവും

## (Vice-Province and Region)

287 ഉപപ്രവിശ്യയുടെ ഭരണം താഴെപറയുന്ന ഭേദഗതികളോടെ പ്രവിശ്യയുടെ ഭരണംപോലെ നടത്തുന്നു.

1° ഉപപ്രവിശ്യാശ്രേഷ്ഠനു രണ്ടാലോചനക്കാരുള്ള ഉപപ്രവിശ്യാലോചനാസംഘം ഉണ്ടായിരിക്കണം.

2° പ്രവിശ്യാശ്രേഷ്ഠസംഘത്തിലെ ഭൂരിഭാഗത്തിന്റെ സമ്മതം ആവശ്യമുള്ള ആലോചനാവിഷയങ്ങളിൽ, ഉപപ്രവിശ്യാശ്രേഷ്ഠസംഘത്തിനു് രണ്ടാലോചനക്കാരുടെയും സമ്മതമാവശ്യമാണു്.

3° ഉപപ്രവിശ്യക്കു് അതിന്റേതായ പൊതുസംഘം കൂടി പ്രവിശ്യാസംഘത്തിൽ ചെയ്യുന്നതുപോലെ ഉപപ്രവിശ്യാശ്രേഷ്ഠനെയും, രണ്ടു ആലോചനക്കാരെയും, ഉപപ്രവിശ്യാഎക്കോണമൂസിനെയും, നവസന്യാസഭവനമുണ്ടെങ്കിൽ നവസന്യാസഗുരുവിനെയും, പൊതുസംഘത്തിനു പ്രതിനിധികളെയും തിരഞ്ഞെടുക്കാവുന്നതാണു്.

288 സ്വതന്ത്രമോ, ആശ്രയിച്ചുനില്ക്കുന്നതോ ആയ റീജിയന്റെ ശ്രേഷ്ഠനെ മൂന്നുകൊല്ലത്തേക്കു് മേൽശ്രേഷ്ഠൻ തന്റെആലോചനാസംഘത്തിൽവച്ചു തിരഞ്ഞെടുക്കുന്നു. ഇപ്രകാരം തന്നെ ഒരു ആലോചനാസംഘവും രൂപവല്ക്കരിക്കുവാൻ പാടുണ്ടു്. പ്രാദേശികശ്രേഷ്ഠന്റെയും ആലോചനാസംഘത്തിന്റെയും അധികാരങ്ങളും കടമകളും സ്റ്റാറ്റ്യൂട്ട്സിൽ നിർണ്ണയിക്കേണ്ടതാണു്.

289 ആശ്രയിച്ചുനില്ക്കുന്ന പ്രദേശങ്ങൾക്കും അർത്ഥികളെ സ്വീകരിക്കാവുന്നതാണു്. പ്രദേശം ഉപപ്രവിശ്യയോ പ്രവിശ്യയോ ആയി വികസിച്ചുകഴിയുമ്പോൾ, അതിനാൽതന്നെ അവർ അവയുടെ അംഗങ്ങളായിത്തീരുന്നു.

290 പുതിയ സ്വതന്ത്ര്യപ്രദേശം സ്ഥാപിക്കപ്പെട്ടുമ്പോൾ പ്രവിശ്യാശ്രേഷ്ഠനോടാലോചിച്ചു്, ദെഫ്നിത്തോരിയുടെ സമ്മതത്തോടെ, പ്രസ്തുതപ്രദേശത്തു ചേരുന്നതിനു് ആഗ്രഹമുള്ള സഹോദരന്മാരെ അനുവദിക്കുവാൻ പൊതുശ്രേഷ്ഠനു പാടുണ്ടു്.

291 ഉപപ്രവിശ്യാസ്ഥാപനത്തിൽതന്നെ സാമ്പത്തികസഹായത്തിനും, സഹോദരന്മാരുടെ സേവനത്തിനും, മററു ആനുകൂല്യങ്ങൾക്കും വേണ്ടഏർപ്പാടുകൾ പ്രവിശ്യയിൽ നിന്നും ചെയ്യേണ്ടതാണു്,

292 പുതിയ പ്രവിശ്യയോ ഉപപ്രവിശ്യയോ സ്ഥാപിക്കുമ്പോൾ, അതിനുള്ളഅനുവാദം ലഭിച്ചിട്ട മൂന്നുമാസത്തിനകം, അവിടെ ഭരണം നടത്തുന്നതിനുള്ള ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിനു്, പൊതുശ്രേഷ്ഠനാണു് പ്രവിശ്യാ അഥവാ ഉപപ്രവിശ്യാസംഘം വിളിച്ചുകൂട്ടേണ്ടതു്. എന്നാൽ ഉപപ്രവിശ്യയിൽ ആശ്രയിച്ചുനില്ക്കുന്ന പ്രദേശം ആണ പുതിയതായി സ്ഥാപിക്കുന്നതെങ്കിൽ സംഘംവിളിച്ചുകൂട്ടുകയും ആദ്ധ്യക്ഷം വഹിക്കുകയും ചെയ്യേണ്ടതു് ആ പ്രദേശത്തിൻെറ പ്രവിശ്യാശ്രേഷ്ഠനാണു്. രണ്ടുസംഘങ്ങളിലും അദ്ധ്യക്ഷൻ വോട്ടുചെയ്യുന്നില്ല.

293 മേൽശ്രേഷ്ഠനു്ആലോചനാസംഘത്തിൽ ആലോചിച്ചു് ഏതെങ്കിലും ഒരച്ചനെ ഒരു സ്ഥലത്തുള്ള പല ഉപഭവനങ്ങളുടെയോ (Residence) സ്റ്റേഷനുകളുടെയോ മിഷ്യൻ സുപ്പീരിയറായി,വേണ്ടതായ അധികാരങ്ങളോടുകൂടി, നിയമിക്കുവാൻ പാടുണ്ടു്.

## ആശ്രമഭരണം

### സ്ഥല ശ്രേഷ്ഠൻ

294 സ്ഥലശ്രേഷ്ഠൻ എന്ന പേരിനാൽ വിവക്ഷിക്കപ്പെടുന്നതു് ആശ്രമങ്ങളെ ഭരിക്കുന്ന പ്രിയോരന്മാരും ഉപഭവനങ്ങളിലെ ഉപഭവനാദ്ധ്യക്ഷന്മാരുമാണു്. പ്രിയോർ പ്രവിശ്യാശ്രേഷ്ഠസംഘത്താൽ മൂന്നുവഷത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നു. ഉപഭവനാദ്ധ്യക്ഷന്മാരെ പ്രവിശ്യാശ്രേഷ്ഠൻ, ഉപഭവനം ഏതെങ്കിലും ആശ്രമത്തിൻെറ അധീനതയിലാണെങ്കിൽ അവിടത്തെ പ്രിയോരിനോടു് ആലോചിച്ചിട്ടു്, നിയമിക്കുന്നു.

295 വലിയ ആശ്രമങ്ങളിൽ, ലൗകികവേലയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടു്, സ്ഥലശ്രേഷ്ഠൻെറ ആലോചനയോടെ ഒരു ഉപശ്രേഷ്ഠനെ (Vice-Prior) പ്രവിശ്യാശ്രേഷ്ഠസംഘത്തിനു് നിയമിക്കാവുന്നതാണു്. ഇപ്ര

കാരം നിയമിക്കപ്പെട്ടന്നയാൾക്ക് ആശ്രമത്തോടനുബന്ധിച്ച ഏതെങ്കിലും ജോലികളുടെയോ, സ്ഥാപനത്തിൻെറയോ ഡിറക്ടർകൂടി ആയിരിക്കാവുന്നതാണു്. ഉപശ്രേഷ്ഠൻെറ (Vice-Prior) അധികാരങ്ങൾ അദ്ദേഹത്തെ നിശ്ചയിക്കുന്നയാൾതന്നെ നിർണ്ണയിക്കണം. പ്രിയോരിൻെറ ജോലി അവസാനിക്കുന്നതോടെ ഉപശ്രേഷ്ഠൻെറയും ജോലി തീരുന്നതാണു്.

296 § 1. പ്രിയോർ പട്ടമേററതിൻെറശേഷം മൂന്നുകൊല്ലവും ആദ്യവ്രതാനുഷ്ഠാനത്തിനുശേഷം ആറുകൊല്ലവും തികഞ്ഞ വൈദികനായിരിക്കണം.

§ 2. സ്ഥലശ്രേഷ്ഠന്മാർ ഒരേ ആശ്രമത്തിനുവേണ്ടി തുടർച്ചയായി ആറുവർഷത്തിൽ കൂടുതൽ തിരഞ്ഞെടുക്കപ്പെടരുതു്. നാലുപ്രാവശ്യം തുടർച്ചയായി സ്ഥലശ്രേഷ്ഠന്മാരായി തിരഞ്ഞെടുക്കപ്പെടേണ്ടതല്ല.

297 § 1. പൊതുനന്മയ്ക്കാവശ്യമെങ്കിൽ ഒരാശ്രമത്തിൻെറ ശ്രേഷ്ഠനെ മറെറാരാശ്രമത്തിൻെറ ശ്രേഷ്ഠനായി മാററുന്നതിനോ, അല്ലെങ്കിൽ ദെഫ്നിത്തോരിയുടെ അനുമതിയോടെ വേറൊരു ജോലിക്കായി എടുക്കുന്നതിനോ പ്രവിശ്യാശ്രേഷ്ഠസംഘത്തിനു പാടുണ്ടു്.

§ 2. ഗൗരവമായ കാരണങ്ങളാൽ സ്ഥലശ്രേഷ്ഠനെ ജോലിയിൽനിന്നും വിട്ടുതലാക്കുന്നതിനു് ദെഫ്നിത്തോരിയുടെ അംഗീകാരത്തോടെ പ്രവിശ്യാശ്രേഷ്ഠസംഘത്തിനു പാടുണ്ടു്.

§ 3. സ്ഥലശ്രേഷ്ഠൻെറ സ്ഥാനത്യാഗം സ്വീകരിക്കുന്നതു് പ്രവിശ്യാശ്രേഷ്ഠസംഘമാണു്.

298 § 1. സ്ഥലശ്രേഷ്ഠൻെറയും ഉപശ്രേഷ്ഠൻെറയും അസാന്നിദ്ധ്യത്തിൽ തിരഞ്ഞെടുപ്പിൻെറ ക്രമമനുസരിച്ചു് ആലോചനക്കാരൻ തലസ്ഥാനിയായി പകരം ജോലിനോക്കുന്നു.

§ 2. സ്ഥലശ്രേഷ്ഠൻ ഒരു മാസത്തിലധികം ആശ്രമത്തിലില്ലാതിരിക്കുകയോ, അവശനാകുകയോചെയ്താൽ പ്രവിശ്യാശ്രേഷ്ഠൻ ആശ്രമഭരണനിർവ്വഹണത്തിന് ഉപശ്രേഷ്ഠനില്ലെങ്കിൽ ഒരു വികാരിയെ നിശ്ചയിച്ചുകൊടുക്കണം. എന്നാൽ ഈ സ്ഥിതി വാസ്തവത്തിൽ ആറുമാസത്തിൽ കൂടുതലായി തുടരുകയോ, തുടരുമെന്നു് പ്രതീക്ഷിക്കയോ ചെയ്താൽ പ്രവിശ്യാശ്രേഷ്ഠസംഘം വേറൊരു സ്ഥലശ്രേഷ്ഠനെ ആശ്രമഭരണനിർവ്വഹണത്തിനുവേണ്ടി, തല്ക്കാലത്തേക്കോ, സ്ഥിരമായിട്ടോ നിശ്ചയിക്കണം.

§ 3. മിഷൻസ്റ്റേഷനുകളിലും ഉപഭവന (Quasi Residence) ങ്ങളിലുമുള്ള സഹോദരന്മാരുടെ ശിക്ഷണത്തിൽ നേരിട്ടു മുകളിലുള്ള ശ്രേഷ്ഠൻ സാഹചര്യങ്ങളനുസരിച്ചു് ശ്രദ്ധിക്കേണ്ടതാണു്. ആവശ്യമെങ്കിൽ മേൽശ്രേഷ്ഠനാൽ നിയമിക്കപ്പെടുന്ന തലസ്ഥാനി (Prefect) വഴിയോ അല്ലെങ്കിൽ സ്ഥലശ്രേഷ്ഠൻ വഴിതന്നെയോ ഇതു നടത്തേണ്ടതാണു്.

§ 4. സ്ഥലശ്രേഷ്ഠൻെറ സ്ഥാനംവഹിക്കുന്ന തലസ്ഥാനി കൂട്ടത്തിൽ ആദ്ധ്യക്ഷംവഹിക്കുന്നു. അദ്ദേഹത്തിനു് സഹോദരന്മാരുടെ എഴുത്തുകൾ പരിശോധിക്കുന്നതും അവരെതനിച്ചു കുററപ്പെടുത്തുന്നതുമുൾപ്പെടെ ആശ്രമത്തിൻെറ അനുദിനഭരണനിർവ്വഹണത്തിനു് ആവശ്യമായവയെല്ലാം ചെയ്യുന്നതിനധികാരമുണ്ടു്.

പൊതുശ്രേഷ്ഠഭവനത്തിൻെറയും പ്രവിശ്യാഭവനത്തിൻെറയും ഉപഭവന(Quasi–Residence)ങ്ങളുടെയും മിഷൻസ്റ്റേഷനുകളുടെയും തലസ്ഥാനിയുടെ അധികാരപരിധികൾ അവരെ നിയമിക്കുന്ന ശ്രേഷ്ഠൻ നിശ്ചയിക്കണം.

299 § 1. ആശ്രമത്തിൽ സന്യാസാരൂപി പരിപോഷിപ്പിക്കുക, ക്രമാനുഷ്ഠാനം നടപ്പിലാക്കുക, ഭൗതികവസ്തുക്കളുടെ കാര്യനടത്തിപ്പുകൾ നിയന്ത്രിക്കുക എന്നിവ സ്ഥലശ്രേഷ്ഠൻെറ ഉദ്യോഗത്തിൽപ്പെടുന്നവയാണു്. അദ്ദേഹം

കീഴുള്ളവരെ നിയമങ്ങളുടെയും കല്പനകളുടെയും അനുഷ്ഠാനത്തിന് തൻെറ വാക്കാലും പ്രവൃത്തിയാലും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്

§ 2. മേൽശ്രേഷ്ഠന്മാരുടെ നിയന്ത്രണത്തിലും അവരോട്ട് പൂർണ്ണമായിസഹകരിച്ചും ആശ്രമശ്രേഷ്ഠൻ തൻെറ ഭരണം നിർവ്വഹിക്കുന്നു.

§ 3. ഒരു ആദ്ധ്യാത്മികപിതാവിന് യോജിച്ചവിധത്തിൽ തൻെറ കീഴുള്ളവരുടെ പുരോഗതിയിൽ ശ്രദ്ധിക്കണം. ഭരണകാര്യം സംബന്ധിച്ചിടത്തോളം ശിക്ഷാഭയം കൊണ്ടെന്നതിനേക്കാൾ സ്നേഹത്താൽ മററുള്ളവരെ ഭരിക്കുന്നതിന് താല്പര്യപ്പെടണം. ആദ്ധ്യാത്മികജീവിതത്തെ സഹായിക്കുന്ന കാര്യങ്ങളിൽ യാതൊരു കുറവും വരാതിരിക്കുവാൻ സർവ്വാത്മനാ ശ്രദ്ധിക്കണം. കീഴുള്ളവരുടെ ആവശ്യങ്ങളെ മുൻകൂട്ടി കണ്ടുപോലും നല്ലതായിട്ടുള്ളതെല്ലാം സഭയുടെ ലക്ഷ്യത്തിനനുസരിച്ച് പ്രോത്സാഹിപ്പിക്കുന്നതിന് ശ്രദ്ധിക്കുകയുംവേണം.

§ 4. മുൻഗാമികൾ തുടങ്ങിയിട്ടുള്ള നല്ലനടപ്പുകളെ ആശ്രമസംഘത്തിൻെറ സമ്മതവും മേൽശ്രേഷ്ഠൻെറ അംഗീകാരവുംകൂടാതെ മാററുകയോ, പുതുതായവ നടപ്പാക്കുകയോ ചെയ്യരുത്.

300 ആശ്രമത്തിൻെറ നാളാഗമം കൃത്യമായി എഴുതുന്നതിന് ശ്രേഷ്ഠൻ ശ്രദ്ധവയ്ക്കുകയും ആണ്ടിലൊരിക്കൽ പ്രധാന സംഗതികളെക്കുറിച്ചുള്ള റിപ്പോർട്ട മേൽശ്രേഷ്ഠനയച്ചുകൊടുക്കുകയും വേണം.

301 ആശ്രമത്തിലെ ഉദ്യോഗങ്ങളും ശുശ്രൂഷകളും സഹോദരന്മാർക്ക് വിഭജിച്ചുകൊടുക്കുകയും ആവശ്യമെന്നു കാണുന്നെങ്കിൽ അവ അവരിൽനിന്നു മാററുകയും ചെയ്യുക എന്നത് സ്ഥലശ്രേഷ്ഠൻെറ ചുമതലയാണ്. എല്ലാസഹോദരന്മാരും ഏതെങ്കിലും ഉപകാരപ്രദമായ ജോലിയിൽ വ്യാപൃതരായിരിക്കുവാൻ ശ്രേഷ്ഠൻ ശ്രദ്ധിക്കേണ്ടതാണ്.

തന്റെ നിയന്ത്രണാധികാരങ്ങൾക്കു വിധേയമായി സഹോദരന്മാക്കു് അവരുടെ വ്യക്തിഗതമായ ആശയപ്രകടനങ്ങൾക്കും പ്രവത്തനങ്ങൾക്കും മതിയായ സ്വാതന്ത്ര്യം നൽകേണ്ടതാണു്. നിസ്സാരകാരണത്തെപ്രതി അവരുടെ പ്രവത്തനങ്ങളിൽ കൈകടത്തേണ്ടതുമല്ല. മാത്രമല്ല, മററുള്ളവരുടെ ജോലികളിൽ വേറെ സഹോദരന്മാർ ഇടപെടാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണു്.

302 ന്യായമായകാരണംകൂടാതെ സ്ഥലശ്രേഷ്ഠൻ ആശ്രമം വിട്ടു പോകരുതു്. ആശ്രമത്തിനുപുറമേ ചെയ്യേണ്ടതായ സംഗതികൾ പാട്ടുള്ളിടത്തോളം മററുള്ളവർ വഴിയായി ചെയ്യുന്നതിനു് ഉത്സാഹിക്കണം.

## ആശ്രമസംഘം

303 ആശ്രമത്തിലെ സന്യാസജീവിതത്തെപ്പററി ചച്ചചെയ്യുന്നതിനുവേണ്ടി വഷത്തിൽ സാധാരണയായി രണ്ടുപ്രാവശ്യമെങ്കിലും ഓരോഭവനത്തിലും ആശ്രമസംഘം കൂടേണ്ടതാണു്. എന്നാൽ ഉപഭവനങ്ങളിൽ ഇതു വേണമെന്നില്ല. നിയമപരമായോ അംഗീകൃതമായ നടപ്പനുസരിച്ചോ ആശ്രമസംഘം നിവ്വഹിക്കേണ്ടതായി എന്തെങ്കിലുമുള്ളപ്പോഴെല്ലാം ആശ്രമസംഘം വിളിച്ചുകൂട്ടേണ്ടതാണു്.

304 പഠനം പൂത്തിയാക്കിയവരും പാപസങ്കീത്തനം കേൾക്കുന്നതിനുള്ള പരീക്ഷയിൽ വിജയിച്ചവരും നിയമനപത്രം മൂലം ആശ്രമീയത്വം സിദ്ധിച്ചവരും നിത്യവ്രതം ചെയ്തവരുമായ എല്ലാ വൈദികക്കും ആശ്രമസംഘത്തിൽ സ്ഥാനമുണ്ടു്.

305 ആശ്രമസംഘനടപടിയുടെ സാധുതയ്ക്കു് ആ ഭവനത്തിലെ സ്ഥിരവാസികളായ ആശ്രമസംഘാംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗമെങ്കിലും നടപടിയിൽ സന്നിഹിതരായിരിക്കണം.

## ആശ്രമശ്രേഷ്ഠസംഘം

306 § 1. ഓരോ ആശ്രമത്തിലും ആശ്രമശ്രേഷ്ഠസംഘം ഉണ്ടായിരിക്കണം. ആശ്രമശ്രേഷ്ഠനും ഉപശ്രേഷ്ഠനുണ്ടെങ്കിൽ അദ്ദേഹവും ആശ്രമസംഘത്താൽ താഴെപ്പറയുംവിധം ആശ്രമസംഘത്തിൽനിന്നു് തിരഞ്ഞെടുക്കപ്പെടുന്ന ആലോചനക്കാരും കൂടിയതാണു് ആശ്രമശ്രേഷ്ഠസംഘം. ആദ്യമായി താരതമ്യേന ഭൂരിപക്ഷം ലഭിക്കുന്നയാൾ ഒന്നാം ആലോചനക്കാരനായി തിരഞ്ഞെടുക്കപ്പെടുന്നു; പിന്നീട്ട് രണ്ടാം ആലോചനക്കാരനെയും കൂടാതെ ഉപശ്രേഷ്ഠനുള്ള ഭവനങ്ങളിൽ ഒരു മൂന്നാം ആലോചനക്കാരനെയും തിരിച്ചു തിരിച്ചുള്ള വോട്ടെടുപ്പുമൂലം തിരഞ്ഞെടുക്കുന്നു.

§ 2. ആശ്രമശ്രേഷ്ഠാലോചനക്കാർ ആശ്രമശ്രേഷ്ഠന്റെ ഭരണകാലാവധിവരെ ഉദ്യോഗം തുടരുന്നതാണു്.

§ 3. ആലോചനക്കാരിൽ ആരെങ്കിലും വല്ലവിധത്തിലും വശഹീനനായാൽ പകരം മറെറാരാളെ താരതമ്യേനയുള്ള ഭൂരിപക്ഷവോട്ടോടെ തിരഞ്ഞെടുക്കണം. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടയാൾ അവസാനത്തെ ആലോചനക്കാരനായിരിക്കും.

§ 4. ആലോചനക്കാരന്റെ ഉദ്യോഗത്തിൽനിന്നുള്ളരാജി ആശ്രമസംഘത്തിന്റെ സമ്മതത്തോടെ സ്ഥലശ്രേഷ്ഠൻ സ്വീകരിക്കുന്നു.

307 അന്യത്ര നിർണ്ണയിച്ചിട്ടുള്ള കടമകൾക്കും അവകാശങ്ങൾക്കുംപുറമേ, നേരിട്ടോ മററുള്ളവർവഴിയോ ശ്രേഷ്ഠന്റെ കുറവുകളെപ്പററി തനിക്കു ലഭിച്ചിട്ടുള്ള അറിവനുസരിച്ചു് അദ്ദേഹത്തെ ഓർപ്പിക്കുന്നതും, ആശ്രമത്തിന്റെ ശരിയായ ഭരണത്തിനു് ആശ്രമശ്രേഷ്ഠനു് ആലോചന നല്കുന്നതും, നിയമാവലി ആവശ്യപ്പെട്ടമ്പോഴെല്ലാം കർത്താവിൽ കാണുന്നതുപോലെ തങ്ങളുടെ സമ്മതം കൊടുക്കുകയോ, നിഷേധിക്കുകയോ ചെയ്യുന്നതുമാകുന്നു ആശ്രമശ്രേഷ്ഠാലോചനക്കാരുടെ ഉദ്യോഗം.

308 ഉപഭവനങ്ങളിലും ഒരു തരത്തിലുള്ള ആലോചനാസംഘം ഉണ്ടാകേണ്ടതാണ്. ഉപഭവനത്തിലെ ഭരണസംബന്ധമായ മാനദണ്ഡങ്ങൾ ക്രമച്ചട്ടങ്ങളിൽ നൽകേണ്ടതാണ്.

309 ആശ്രമസംഘത്തിന്റെയും ആശ്രമശ്രേഷ്ഠസംഘത്തിന്റെയും വോട്ട് രഹസ്യമായിരിക്കണം.

## ഭൗതികവസ്തുക്കളുടെ നടത്തൽ

### പൊതുവിൽ

310 ഏതെങ്കിലും ശ്രേഷ്ഠനോ, സ്ഥാപനങ്ങളുടെ ഡിറക്ടരോ, ഭൗതികവസ്തുക്കളുടെ നിയന്താവോ, ജോലിയിൽനിന്നും വിരമിക്കുമ്പോൾ വരവുചെലവുകളുടെയും നടപ്പുകളുടെയും പുസ്തകങ്ങൾ തന്റെയും ആവശ്യമെങ്കിൽ ആലോചനാസംഘത്തിന്റെയും ഒപ്പോടുകൂടി, വസ്തുവിവരപ്പട്ടികകളുടെ അവകാശം കയ്യേല്ക്കുന്ന തന്റെ പിൻഗാമിയെ ഏല്പിക്കാൻ കടപ്പെടുന്നു. ഈ പറഞ്ഞവയും, പ്രധാന്യമർഹിക്കുന്ന മററു രേഖകളും ഒരു പ്രത്യേക പെട്ടിയിൽ സൂക്ഷിക്കേണ്ടതാണ്.

311 അസാധാരണചെലവുകൾ, ദാനങ്ങൾ, വായ്പകൊടുക്കൽ, വസ്തുപണയപ്പെടുത്തൽ പണം സ്ഥിരമായി നിക്ഷേപിക്കൽ, കടംവാങ്ങൽ മുതലായവയിൽ പൊതുനിയമവും നമ്മുടെ ക്രമച്ചട്ടങ്ങളും അനുസരിക്കേണ്ടതാണ്.

312 ഏതെങ്കിലുംതരത്തിൽ ലഭിച്ച പണം പ്രമാണങ്ങൾ മുതലായവ ശ്രേഷ്ഠൻ സ്വീകരിക്കുകയും അതു് താമസമെന്യേ പുസ്തകത്തിൽ കൃത്യമായി കുറിക്കുന്നതിന് നിയമാനുസൃതമുള്ള ഉദ്യോഗവാഹിയെ ഏല്പിക്കുകയുംചെയ്യുന്നു. അദ്ദേഹംമാത്രം പണംസൂക്ഷിക്കുന്നു. മററുള്ളവരെല്ലാം വേണ്ട അനുവാദത്തോടെ ചിലവുകൾക്കായി അദ്ദേഹത്തിൽനിന്നും വാങ്ങുന്നു. ചിലവുകൾക്കുശേഷം എല്ലാവരും കൃത്യമായ കണക്ക് ശ്രേഷ്ഠനെ ഏല്പിക്കുകയും ബാക്കിപണം ചിലവുകളുടെ കണക്കുസഹിതം മുൻപറഞ്ഞ ഉദ്യോഗവാഹിയെ ഏല്പിക്കുകയുംചെയ്യുന്നു.

## ആശ്രമത്തിലെ ഭൗതികവസ്തുക്കളുടെ നടത്തൽ

313 § 1. ആശ്രമത്തിൻെറയും സ്ഥാപനങ്ങളുടെയും സർവ്വവസ്തുക്കളും നമ്മുടെ നിയമാവലിക്കും ക്രമച്ചട്ടങ്ങൾക്കും അനുസൃതമായി കൈകാര്യം ചെയ്യുന്നതിനുള്ള അധികാരവും കടമയും സ്ഥലശ്രേഷ്ഠനുണ്ട്. എന്നാൽ പണമിടപാടുകളും വസ്തുക്കളുടെനടത്തലും, പണം സൂക്ഷിക്കുന്നതും പ്രൊക്കുറേറ്റർവഴി നടത്തേണ്ടതാണ്.

§ 2. ആശ്രമത്തോട്ട് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വരവും ചിലവും കണക്കുകൾ വെവ്വേറെ കൈകാര്യം ചെയ്യേണ്ടതാണ്.

314 പള്ളിയുടെയും കപ്പേളയുടെയും സന്യാസഭവനത്തിൻെറയും പ്ലാനുകൾ പൊതുശ്രേഷ്ഠസംഘംകൂടെ അംഗീകരിക്കേണ്ടതാണ്. സന്യാസഭവനത്തിൻെറ കലാരീതി ലളിതവും നമ്മുടെ ദാരിദ്ര്യത്തിനു യോജിച്ചതുമായിരിക്കണം. മാത്രമല്ല ലോകായതികതപത്തെ സൂചിപ്പിക്കുന്ന യാതൊന്നും അവയിൽ ഉണ്ടായിരിക്കരുത്.

315 കേസ്സുകൊടുക്കുന്നതിന് ആശ്രമസംഘത്തിൻെറയും മേൽശ്രേഷ്ഠൻെറയും അനുമതി ആവശ്യമാണ്. എന്നാൽ അടിയന്തിരസന്ദർഭങ്ങളിൽ ആശ്രമസംഘത്തിൻെറ സമ്മതം മതിയാകും. എങ്കിലും മേൽശ്രേഷ്ഠൻെറ അനുവാദംകൂടാതെ കേസ് തുടർന്നുകൊണ്ടുപോകേണ്ടതല്ല.

316 § 1. വർഷംപ്രതി, പ്രൊക്കുറേറ്റർ അടുത്തുതുടങ്ങുന്ന കൊല്ലത്തെ വരവു ചെലവുകളുടെ ഒരു കണക്ക് (Budget) മുൻകൂട്ടി തയ്യാറാക്കുകയും സ്ഥലശ്രേഷ്ഠൻവഴി അതു് ആശ്രമസംഘത്തിൽ സമർപ്പിക്കുകയും ചെയ്യുന്നു.

§ 2. ഇതുപോലെതന്നെ ഓരോ മാസത്തിലും ആശ്രമത്തിൻെറയും അതിനോടു് ബന്ധപ്പെട്ടസ്ഥാപനങ്ങളുടെയും വരവു ചെലവുകളുടെ കണക്കു തയ്യാറാക്കുകയും പരി

ശോധനയ്ക്കായി ആശ്രമശ്രേഷ്ഠസംഘത്തിനു് സമപ്പിക്കുക
യും ചെയ്യുന്നു. മാസംതോറും ഈ പുസ്തകങ്ങളെല്ലാം ആശ്ര
മശ്രേഷ്ഠസംഘത്താൽ നിയോഗിതനായ ആരെങ്കിലും പരി
ശോധിക്കുകയും അംഗീകരിക്കപ്പെടത്തക്കതായി കാണുന്നെ
ങ്കിൽ ശ്രേഷ്ഠനും ആശ്രമശ്രേഷ്ഠസംഘത്തിലെ മറെറാ
രാളും ഒപ്പിടുകയും ചെയ്യുന്നു. ഇതുപൊലെതന്നെ മിച്ചമുള്ള
പണം കണക്കിനോട്ടു് ഒക്കുന്നുണ്ടോ എന്നു് തിട്ടപ്പെടുത്തുക
യും ചെയ്യുന്നു.

317 § 1. ഏതെങ്കിലും ഭവനത്തിലെ ഭൗതികവസ്തുക്കളു
ടെ നടത്തിപ്പിനു് ആവശ്യമെങ്കിൽ, സ്ഥലശ്രേഷ്ഠനോട്ടു് ആ
ലോചിച്ചുകൊണ്ടു് വിവേകപൂർവ്വം സ്വനിശ്ചയമനുസരിച്ചു്
മേൽശ്രേഷ്ഠനു് ഒരു പ്രൊക്കുറേററരെ നിയമിക്കാവുന്നതാ
ണു്. ഇദ്ദേഹം സ്ഥലശ്രേഷ്ഠൻെറ നിർദ്ദേശാനുസരണം
ഭൗതികവസ്തുക്കളുടെ കാര്യങ്ങൾ അന്വേഷിക്കുന്നു. ഈ സാ
ഹചര്യത്തിൽ വരവു ചെലവു കണക്കുപുസ്തകങ്ങൾ എഴുതു
ന്നതിനും, പണം സൂക്ഷിക്കുന്നതിനുമായി ഒരു ബർസാറിനെ
സ്ഥലശ്രേഷ്ഠൻ നിശ്ചയിക്കുന്നു.

§ 2. സ്ഥലശ്രേഷ്ഠനു് വിധേയമായി പ്രൊക്കുറേററർ
വസ്തുക്കളുടെ വദ്ധനവിനും ശരിയായ നടത്തിപ്പിനും ആവ
ശ്യമായവയെല്ലാം നിർവഹിക്കുവാൻ ബാദ്ധ്യസ്ഥനാണു്.

* * * * *

318 അങ്ങനെ, നമ്മുടെ സഭയുടെ മുഴുവൻ ജീവിതരീതിയും
സകലപ്രവത്തങ്ങളും ദൈവഹിതപ്രകാരം സഹോദരന്മാരു
ടെ പരിപൂർണ്ണതയ്ക്കും മിശിഹായുടെ സഭയുടെ വളച്ചയ്ക്കും സ
ഹായകരമായവിധം ക്രമകൃതമാകണം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
|  |  |  |

CT Library
00070271
K93 C629/1968

Printed at the K. C. M. Press, Ernakulam-1.

# അമലോത്ഭവകന്യകാമറിയത്തിന്റെ കർമ്മെലസഭയുടെ നിയമാവലി

K 91
Am 13
00070271

ചാതുശ്രേഷ്ഠഭവനം
എറണാകുളം
1968

Indic Digital Archive Foundation
gpura.org